# ജീവദീപ്തി

jeevadeepthi@gmail.com

June 2025 Book 06 Volume 15



Leo P.P. XIV

## ഒന്നായവനിൽ
## നാമെല്ലാം ഒന്നാകുവാൻ...


അനുഗ്രഹങ്ങളുടെ കലവറയായ കൊങ്ങോർപ്പിള്ളി
സെന്റ് ആന്റണീസ് നിത്യാരാധന ദൈവാലയത്തിൽ
വിശുദ്ധ അന്തോണീസിന്റെ
കൊമ്പ്രേര്യ
തിരുനാൾ
2025 ജൂൺ 11, 12, 13
തിയതികളിൽ



**ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്**

# The White Smoke of Hope Pope Leo XIV



തികച്ചും അപ്രതീക്ഷിതം. അതിലേറെ ദൈവഹിതം. അതാണ് പുതിയ പാപ്പാ ലിയോ പതിനാലാമന്റെ തെരഞ്ഞെടുപ്പിനു പിന്നിൽ. കോൺക്ലേവ് ആരംഭിക്കുമ്പോൾ പറഞ്ഞു കേട്ട പേരുകളിലൊന്നിലും റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിന്റെ പേര് ഇല്ലായിരുന്നു. സാധ്യതാ പട്ടികയിൽ കർദ്ദിനാൾ പിയറെ പരോളിൻ അല്ലെങ്കിൽ കർദ്ദിനാൾ ലൂയി അന്റോണിയേ ടാഗ്ലെ എന്നാണ് അടുത്ത പാപ്പയെന്ന ചോദ്യത്തിന് മാധ്യമങ്ങളിൽ സ്ഥാനം പിടിച്ച പേരുകൾ. കർദ്ദിനാൾ പരോളിന് വത്തിക്കാനിൽ ഉണ്ടായ സ്വാധീനവും ടാഗ്ലെയുടെ ഫ്രാൻസിസ് ടച്ചിന്റെ ജനകീയതയും ഇതിന് അടിസ്ഥാനം. ഫ്രാൻസിസ് പാപ്പയുടെയും, ബെനഡിക്ട് 16-ാമന്റെ സംയുക്ത ശൈലിയാണ് പുതിയ പാപ്പയ്ക്കെന്ന് മറ്റൊരു സംസാരം. പുതിയ പാപ്പ ലിയോ പതിനാലാമൻ പാപ്പയായി തെരഞ്ഞെടുക്കപ്പെട്ടത് 2025 മേയ് 8-ാം തീയതി വ്യാഴാഴ്ച ആയിരുന്നു. സെന്റ്. പീറ്റേഴ്സ് ബസലിക്കയുടെ മട്ടുപ്പാവിലേക്ക് വന്നപ്പോൾ അണിഞ്ഞ സ്ഥാനവസ്ത്രങ്ങൾ ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ സാന്നിധ്യം വിളിച്ചോതുന്നതായിരുന്നു. സ്വീകരിച്ച പേരും, പറഞ്ഞ വാക്കുകളും ഫ്രാൻസീസ് പാപ്പയിലേക്ക് നയിക്കുന്നു. ഇതിൽ ആഹ്ലാദിക്കുന്നത് 140 കോടി കത്തോലിക്കാ വിശ്വാസികൾ മാത്രമല്ല, ലോകമെമ്പാടുമുള്ള ജനങ്ങളാണെന്ന് നാം വിസ്മരിക്കരുത്. അതായത് കത്തോലിക്കാ സഭയ്ക്ക് കരുണയുടെ മുഖമുണ്ട്. അതുപോലെതന്നെ തികഞ്ഞ അച്ചടക്കവും പാരമ്പര്യവും പഠനങ്ങളും കൂടെ യാഥാസ്ഥിതികതയും മുറുകെ പിടിക്കേണ്ടതുണ്ട്. പത്രോസിന്റെ പിൻഗാമിയായി 267-ാം പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട പോപ്പ് ലെയോ പതിനാലാമൻ എന്ന വ്യക്തിയിൽ ഇവയുടെ സംയോജനമുണ്ട് എന്ന് നാം വിശ്വസിക്കണം.

രണ്ടു പ്രധാന ദൗത്യങ്ങളാണ് ഓരോ മാർപാപ്പയും നിർവഹിക്കേണ്ടത്. ഒന്നാമത് ലോകമെമ്പാടുമുള്ള 140 കോടി കത്തോലിക്കാ വിശ്വാസികളുടെ ആത്മീയാചാര്യൻ എന്ന നിലയിൽ വിശ്വാസം കാത്തുസൂക്ഷിച്ച് മൂല്യങ്ങൾ കൈവിടാതെ, വിശ്വാസികളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുക. രണ്ടാമതൊന്ന് വത്തിക്കാൻ രാഷ്ട്രതലവൻ എന്ന നിലയിൽ രാജ്യാന്തര വിഷയങ്ങളിൽ മനുഷ്യത്വപരമായ, നീതിപക്ഷത്തുനിന്ന് നിലപാടുകളെടുത്ത് ലോകത്തിന് മേൽ ഒരു തിരുത്തൽ ശക്തിയായി, മനസാക്ഷിയുടെ സ്വരമായി നിലകൊള്ളുക എന്ന രാഷ്ട്രീയ ദൗത്യം കൂടെ പാപ്പയിൽ നിക്ഷിപ്തമാണ്. പുതിയ പാപ്പ ലെയോ പതിനാലാമന് ഈ ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കാനാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

പോപ്പ് ലെയോ പതിനാലാമന്റെ ജീവിതശൈലി നാം മനസ്സിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട രണ്ട് കാര്യങ്ങൾ ഇവയാണ്. ഒന്ന്. അറിവിന്റെ ബലം, രണ്ട് ജീവിതത്തിന്റെ ആധികാരികത. 7 ഭാഷകളിൽ അദ്ദേഹം അവഗാഹം നേടിയിട്ടുണ്ട്. 20 വർഷത്തോളം പെറുവിലെ പാവപ്പെട്ടവർക്കു വേണ്ടി അദ്ദേഹം ജീവിച്ചു.

പിതാവിന്റെ സഭാശുശ്രൂഷയിലെ വളർച്ച വളരെ പെട്ടെന്നായിരുന്നു. 2015-ൽ മെത്രാനായി. 2023-ൽ കർദ്ദിനാൾ ആയി. 2025-ൽ മാർപാപ്പയായി. കർദ്ദിനാൾ സംഘത്തിലേക്ക് വന്നിട്ട് ഒന്നര വർഷത്തോളം മാത്രം. ഇത്ര പെട്ടെന്ന് 133 കർദ്ദിനാൾമാരുടെ ഇടയിൽ സ്വാധീനമാകാൻ സാധിച്ചു. ആ ജീവിതത്തിന്റെ സൗഭാഗ്യം. ദൈവം അറിഞ്ഞു പരിശുദ്ധാത്മാവ് വഴി നടത്തുന്നു എന്നുവേണം നാം വിശ്വസിക്കാൻ.

ആദ്യ സന്ദേശത്തിൽ തന്നെ പാപ്പ ആശംസിച്ചത് ഉത്ഥിതനായ കർത്താവിന്റെ സമാധാനമാണ്. അതോടൊപ്പം ആദ്യ സന്ദേശത്തിൽ "നിങ്ങളോടൊപ്പം ഞാൻ ക്രിസ്ത്യാനിയും, നിങ്ങൾക്കുവേണ്ടി ഞാൻ ഒരു മെത്രാനുമാണെന്നു പറഞ്ഞ വി. അഗസ്തീനോസിന്റെ പുത്രനാണ് താനെന്നു പറഞ്ഞതിലൂടെ പാപ്പയുടെ അജപാലന ആഭിമുഖ്യവും നമുക്ക് വ്യക്തമായി.

2025 മെയ് 18-ാം തീയതി ആയിരുന്നു പോപ്പ് ലിയോ പതിനാലാമന്റെ സ്ഥാനാരോഹണം. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30-ന്. തിരുക്കർമ്മങ്ങൾക്ക് മധ്യേ പാപ്പ പറഞ്ഞു: "ഇതു സ്നേഹത്തിന്റെ സമയമാണ്. സ്നേഹിക്കാൻ മനുഷ്യന് സാധിക്കണം. സ്നേഹത്തിന്റെ പാലങ്ങൾ നാം നിർമ്മിക്കണം. അങ്ങനെ പരസ്പരം സ്നേഹിക്കുന്ന ഒരു ലോകത്തെ നമുക്ക് സൃഷ്ടിക്കാം. പരിശുദ്ധാത്മാവാണ് കോൺക്ലേവിൽ ഞങ്ങളെ നയിച്ചത്. സംഗീതോപകരണങ്ങൾ പോലെ ഞങ്ങളുടെ ഹൃദയസ്പന്ദനങ്ങൾക്ക് ഒരൊറ്റ ഈണത്തിൽ പ്രകമ്പനം കൊള്ളാൻ കഴിയുന്ന തരത്തിൽ, ഐക്യത്തിലേക്ക് പരിശുദ്ധാത്മാവ് ഞങ്ങളെ നയിച്ചു. എന്റേതായ യാതൊരു യോഗ്യതയുമില്ലാതെയാണ് ഞാൻ തെരഞ്ഞെടുക്കപ്പെട്ടത്. ഒരു സഹോദരനായിട്ടാണ് ഞാൻ നിങ്ങളുടെ അടുക്കലേക്ക് വരുന്നത്. ദൈവസ്നേഹത്തിന്റെ പാതയിൽ നിങ്ങളോടൊപ്പം നടക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പുതിയ പാപ്പ വിശുദ്ധ അഗസ്റ്റിന്റെ ആത്മീയത ഉൾക്കൊള്ളുന്ന വ്യക്തിയാണ്. ***വിശുദ്ധ അഗസ്റ്റിൻ എഴുതിയ കുമ്പസാരം എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നുണ്ട്: "ദൈവമേ, നീയെന്നിലാണെന്ന് എനിക്കറിയാം. പക്ഷേ ഞാൻ നിന്നിലാണോ എന്ന് എനിക്കറിയില്ല." പുതിയ പാപ്പ എന്നും ദൈവത്തിലായിരിക്കട്ടെ. നമ്മുടെ പ്രാർത്ഥനകൾ എന്നും പുതിയ പാപ്പയോടൊപ്പമുണ്ടായിരിക്കട്ടെ.***

# ജീവദീപ്തി

JEEVADEEPTHI

June 2025 Vol 15 Book 06



***രക്ഷാധികാരി***
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

***സഹരക്ഷാധികാരി***
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

***മാനേജിംഗ് എഡിറ്റർ***
ഫാ. യേശുദാസ് പഴമ്പിള്ളി

***പത്രാധിപർ***
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

***സഹപത്രാധിപർ***
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

***സർക്കുലേഷൻ മാനേജർമാർ***
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

***രൂപകല്പന***
ടാബി ജോർജ്ജ്

***ടൈപ്പ് സെറ്റ്***
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

***ഓഫീസ് മാനേജർ***
മാനുവൽ പൊടുത്തോർ

***പത്രാധിപസമിതി***
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



06







01


## The White Smoke of Hope
## Pope Leo XIV

*തികച്ചും അപ്രതീക്ഷിതം. അതിലേറെ ദൈവഹിതം. അതാണ് പുതിയ പാപ്പാ ലിയോ പതിനാലാമന്റെ തെരഞ്ഞെടുപ്പിനു പിന്നിൽ. കോൺക്ലേവ്*



# പാപ്പായുടെ സമുന്നതത്വം ചരിത്രവഴികളിലൂടെ


ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ട ഒരാൾ വേർപിരിയുമ്പോൾ ഓർക്കുന്നു, ലാളിത്യം ആയിരുന്നു പാപ്പയുടെ



04

# "ഹബേമൂസ് പാപ്പാം" ലെയോ പതിനാലാമൻ പാപ്പാ

പോപ്പ് ഫ്രാൻസിസ് ആദ്യത്തെ "ഡിജിറ്റൽ പാപ്പ" എന്നാണ് അറിയപ്പെടുന്നത്. യേശു ഉപമകൾ ഉപയോഗിച്ച് ആശയവിനിമയം






# പേപ്പസിയുടെ നാൾവഴികളിലൂടെ

ബാല്യത്തിനും, യൗവനത്തിനും ഇടയിലുള്ള വളർച്ചയുടെയും, വികസനത്തിന്റെയും പരിവർത്തനഘട്ടമാ

08


പേപ്പസിയുടെ പ്രസക്തി....11
വലിയ മുക്കുവൻ....15
മട്ടുപ്പാവിൽ വിരിഞ്ഞ പുഞ്ചിരി....17
ഒരുമയുടെ പാലം പണിയാൻ....18
പാപ്പായുടെ ജീവിതരേഖ....22
ലെയോ വെറുമൊരു പേരല്ല....24
അഗസ്റ്റീനിയൻ ആത്മീയാചാര്യൻ....26
പോപ്പ് ലെയോ....28
ഞങ്ങളിൽ ഒരുവനായ പാപ്പ....29
പിതൃസ്നേഹത്തിന്റെ.... 38
കാരുണ്യദൂതന് പ്രണാമം ....39
ലോകസമാധാനത്തിന്റെ....40
അജപാലകൻ....42
പ്രത്യാശ....47
സ്നേഹസ്പർശം....50
അടുത്തിരിക്കാൻ....54
ബൈബിൾ വിചിന്തനം....58
പിൻമൊഴി....60

# "ഹബേമൂസ് പാപ്പാം" ലെയോ പതിനാലാമൻ പാപ്പാ



**ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**

നമ്മുടെ പ്രാർഥനയുടെയും കാത്തിരിന്റെയും സമ്മാനമായി 2025 മെയ് 8-ലെ അനുഗ്രഹീത രാത്രിയിൽ വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിൽ സ്ഥാപിച്ച ചിമ്മിനിയിൽ നിന്ന് പ്രത്യാശ യുടെ വെളുത്ത പുക ദൃശ്യമായി. പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ ദൈവപരിപാലന യുടെ അടയാളമായി സഭയെ നയി ക്കാൻ അമേരിക്കയിലെ ചിക്കാഗോ സ്വദേശിയും അഗസ്റ്റീ നിയൽ സന്ന്യാസ സഭാംഗവുമായ അത്യുന്നത കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രൊവോസ്റ്റ് ആഗോള കത്തോലിക്കാ സഭയുടെ 267-ാം പരമാധ്യക്ഷനും വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായി തിരഞ്ഞെടുക്കപ്പെട്ടു. ലെയോ പതിനാലാമൻ പാപ്പാ എന്ന് അദ്ദേഹം അറിയപ്പെടും. ഈ മഹാദാനത്തിനു സ്നേഹനിധി യായ ദൈവത്തിനു നമുക്ക് നന്ദി പറയാം.

അമേരിക്കയിലെ ചിക്കാ ഗോയിൽ ലൂയി മാരിയൂസ് പ്രൊവോസ്റ്റിന്റെയും മിൽഡ്രെഡ് മാർട്ടിനെസിന്റെയും മകനായി 1955 സെപ്റ്റംബർ 14-ന് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ഭൂജാത നായി. ഫ്രഞ്ച്-ഇറ്റാലിയൻ വംശജ നായ അദ്ദേഹത്തിന്റെ പിതാവ് രണ്ടാം ലോകമഹായുദ്ധത്തിൽ യു. എസ്. നാവിക സേനാംഗമായിരു ന്നു. അമ്മ സ്പാനിഷ്കാരിയും ആയിരുന്നു. ലൂയി മാർട്ടിനും ജോൺ ജോസഫും ആണ് അദ്ദേ ഹത്തിന്റെ സഹോദരങ്ങൾ.

ചിക്കാഗോയ്ക്ക് അടു ത്തുള്ള ഒരു ചെറുപട്ടണത്തിലെ, സെന്റ് മേരി ഓഫ് ദി അസം പ്ഷൻ ദേവാലയത്തിൽ ഒരു അൾത്താര ബാലനായി ശുശ്രൂഷ ചെയ്തിരുന്ന റോബർട്ട് ഫ്രാൻസിസ് പിന്നീട് സെന്റ് അഗ സ്റ്റിൻ സെമിനാരി ഹൈസ്കൂളിൽ തന്റെ സ്കൂൾ വിദ്യാഭ്യാസം ഒരു പ്രശംസാപത്രം സ്വീകരിച്ചുകൊ ണ്ടുതന്നെ പൂർത്തിയാക്കി. 1977-ൽ അഗസ്റ്റീനിയൽ സഭയിൽ ചേർന്ന അദ്ദേഹം 1978 സെപ്റ്റംബറിൽ പ്രഥമ സന്ന്യാസ വ്രതവാഗ്ദാ നവും 1981 ആഗസ്റ്റിൽ നിത്യവ്രത വാഗ്ദാനവും നടത്തി.

പെൻസിൽവാനിയായിലെ വില്ലനോവ യൂണിവേഴ്സിറ്റിയിൽ ഫിലോസഫിയും മാത്തമാറ്റിക്സും പഠിച്ച അദ്ദേഹം ചിക്കാഗോയിലെ കാത്തലിക് തിയോളജിക്കൽ യൂണിയനിൽനിന്നും ദൈവ ശാസ്ത്ര ബിരുദവും റോമിലെ സെന്റ് തോമസ് അക്വിനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി യിൽ നിന്നും കാനോൻ നിയമ ത്തിൽ ഡോക്ടറേറ്റും നേടി.

1982 ജൂൺ 19-ന് റോമിലെ സെന്റ് മോനിക്ക അഗസ്റ്റീനിയൻ കോളേജിൽ വച്ച് വൈദികനായി അഭിഷിക്തനായ അദ്ദേഹം പെറു വിൽ തന്റെ മിഷനറി ജീവിതം ആരംഭിച്ചു. 1987-ൽ ഇല്ലിനോയി സിലെ മദർ ഓഫ് ഗുഡ് കാർമൽ അഗസ്റ്റീനിയൽ പ്രൊവിൻസിലെ വൊക്കേഷൻ ഡയറക്ടറും മിഷൻ ഡയറക്ടറുമായി നിയമിതനായ ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് അടുത്തവർഷം തന്നെ ട്രൂജിലോയിലും പെറുവിലും അഗ സ്റ്റീനിയൻ സന്ന്യാസാർത്ഥികളുടെ രൂപീകരണത്തിനായുള്ള ജോയിന്റ് ഫോർമേഷൻ പ്രോജക്ടിന്റെ ഡയ റക്ടറായി നിയമിക്കപ്പെട്ടു. പ്രിയോർ, ഫോർമേറ്റർ, പ്രൊഫ സർ (കാനൻലോ, മോറൽ തിയോ ളജി) ട്രൂജില്ലൊ അതിരൂപതയുടെ ജുഡീഷ്യൽ വികാരി എന്നീ നിലക ളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം ഔവർ ലേഡി ഓഫ് മോൺസ റാത്ത് ഇടവകയുടെ പാരിഷ് അഡ്മിനിസ്ട്രേറ്ററായും ഔർ ലേഡി മദർ ഓഫ് ദ ചർച്ച് വിശ്വാസി സമൂഹത്തിന്റെ ഇടയ നായും സേവനം ചെയ്തു.

1999-ൽ ചിക്കാഗോയിലെ മദർ ഓഫ് ഗുഡ് കൗൺസൽ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ പ്രിയോരായി തിരഞ്ഞെടുക്കപ്പെട്ട ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് രണ്ടരവർഷങ്ങൾക്കു ശേഷം അഗസ്റ്റീനിയൻ സഭയുടെ പ്രിയോർ ജനറലായി തിരഞ്ഞെടു ക്കപ്പെട്ടു. 2007-ൽ രണ്ടാമതും അദ്ദേഹം പ്രിയോർ ജനറലായി.

ഇക്കാലഘട്ടത്തിൽ 2004 ലും 2006 ലും അദ്ദേഹം വരാപ്പുഴ അതിരൂപത സന്ദർശിച്ചു എന്നത് നമുക്ക് അഭിമാനകരമാണ്. 2004-ൽ അഗസ്റ്റീനിയൻ സന്ന്യാസ ഡീക്ക



ന്മാരുടെ തിരുപ്പട്ട സ്വീകരണം കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിൽ നടന്നപ്പോൾ അന്നത്തെ അതിരൂപതാ ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിനൊപ്പം ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് സഹ കാർമ്മികനായി പങ്കെടുക്കുകയുണ്ടായി.

***ലെയോ പതിനാലാമൻ പാപ്പാ വരാപ്പുഴ അതിരൂപതാ മെത്രാസനമന്ദിരത്തിലും ആലുവ മരിയാപുരം മേരി ക്വീൻ ഹെൽപ് എഫ് ക്രിസ്ത്യൻ ചർച്ചിലും അഗസ്റ്റീനിയൻ സന്ന്യാസ ഭവനത്തിലും കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിലും സന്ദർസനം നടത്തി എന്നുള്ളത് നമുക്ക് ഏറെ സന്തോഷം നൽകുന്ന ഒരു കാര്യമാണ്. അതിന് ദൈവത്തിന് നന്ദി പറയുന്നു.***

2014 നവംബർ 3-ന് പെറുവിലെ ചിക്ലാഗോ രൂപതയുടെ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ അദ്ദേഹത്തെ പിന്നീട് 2015 സെപ്റ്റംബർ 26-ന് ചിക്ലാഗോ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് പാപ്പാ നിയമിച്ചു. 2019-ൽ ക്ലേരിമാർക്കായുള്ള തിരുസംഘത്തിന്റെ അംഗമായും 2020-ൽ മെത്രാൻമാർക്കായുള്ള തിരുസംഘത്തിന്റെ അംഗമായും പെറുവിലെ കല്ലാവോ രൂപതയുടെ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്ററുമായി നിയമിതനായ ബിഷപ്പ് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിനെ ഫ്രാൻസിസ് പാപ്പാ 2023 ജനുവരി 30-ന് മെത്രാന്മാർക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്ടായും ലാറ്റിൻ അമേരിക്കയ്ക്കായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റായും നിയമിക്കുകയും ആർച്ചുബിഷപ്പായി അദ്ദേഹത്തെ ഉയർത്തുകയും ചെയ്തു. തുടർന്ന് 2023 സെപ്റ്റംബർ 30-ലെ കൺസിസ്റ്ററിയിൽ ആർച്ചുബിഷപ്പ് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിനെ ഫ്രാൻസിസ് പാപ്പാ കർദ്ദിനാളായി ഉയർത്തി.

ഇപ്പോഴിതാ പാപ്പാ ഫ്രാൻസിസിന്റെ പിൻഗാമിയായി ലെയോ പതിനാലാമൻ പാപ്പായെ ദൈവം നമുക്ക് നൽകിയിരിക്കുന്നു. ജനകോടികളുടെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് സെന്റ് പീറ്റേഴ്സ് ബസലിക്കയുടെ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ട ലെയോ പതിനാലാമൻ പാപ്പാ പറഞ്ഞു- 'നമുക്ക് കൂടിക്കാഴ്ചകളിലൂടെയും സംഭാഷണങ്ങളിലൂടെയും പാലങ്ങൾ പണിയാൻ ശ്രമിക്കാം. അങ്ങനെ നമുക്ക് സമാധാനത്തിൽ ജീവിക്കുന്ന ഒറ്റ ജനതയാകാം' എന്ന്. താൻ വി. അഗസ്റ്റിന്റെ മകനാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ലാളിത്യം നിറഞ്ഞ ജീവിത ശൈലിയുള്ള സഭയുടെ പ്രേഷിത മുഖമായി മാറാൻ ആഗ്രഹിക്കുന്ന ലെയോ പതിനാലാമൻ പാപ്പായ്ക്ക് വരാപ്പുഴ അതിരൂപത ഒരു കുടുംബമായി പ്രാർത്ഥനാശംസകൾ നേരുന്നു.

# പാപ്പായുടെ സമുന്നതത്വം ചരിത്രവഴികളിലൂടെ



**ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ**

റോമിലെ മെത്രാനും ആഗോള കത്തോലിക്കാ സഭയുടെ ആത്മീയാചാര്യനുമായ പാപ്പ ക്രൈസ്തവ മതപരമായ ആചാരാനുഷ്ഠാനങ്ങളെ മാത്രമല്ല ആഗോള ധാർമ്മിക വ്യവഹാരങ്ങളിലും നിർണ്ണായകമായ പങ്കുവഹിക്കുന്ന വ്യക്തിത്വമാണ്. ലോകമെമ്പാടുമുള്ള 140 കോടിയിലധികം വരുന്ന കത്തോലിക്കരെ പ്രബോധനത്തിലൂടെയും, ആരാധനക്രമ, ധാർമ്മിക നിർദ്ദേശങ്ങളിലൂടെയും നയിക്കുകയും, സഭാസിദ്ധാന്തങ്ങളെ വ്യാഖ്യാനിക്കുകയും, സമകാലിക വിഷയങ്ങളെ വിലയിരുത്തുകയും ചെയ്യുന്നതോടൊപ്പം വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ തലവൻ എന്ന നിലയിൽ മതങ്ങളിലും രാഷ്ട്രങ്ങളിലും സമാധാനവും സൗഹാർദ്ദവും വളർത്തുന്നതിന് നയതന്ത്ര ഇടപെടലുകൾ നടത്തുകയും ചെയ്യുന്ന പാപ്പ ലോകനേതാവെന്ന നിലയിലാണ് വർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ പാപ്പസ്ഥാനത്തിന്റെ ചരിത്രഗതിയിലുണ്ടായ പരിണാമങ്ങളെക്കുറിച്ച് ചെറിയൊരു അന്വേഷണം നടത്തുകയാണ്.

പിതാവ് എന്നർത്ഥമുള്ള പാപ്പാസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നും പാപ്പാ എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് പോപ്പ് എന്ന വാക്ക് ഉത്ഭവിച്ചത്. സഭയുടെ തലവനായി പ്രവർത്തിച്ച ആദ്യത്തെ പോപ്പ് വി. പത്രോസായിരുന്നു. ക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ പത്രോസിന് ഒരു പ്രത്യേക സ്ഥാനം നൽകുന്ന പാരമ്പര്യം പുതിയ നിയമത്തിൽ നിന്ന് ആരംഭിച്ചതാണ് (മത്തായി 16:17,19; ലൂക്ക. 22:32; യോഹ. 21:15,17). അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസും, ഐറേനിയസ് തുടങ്ങിയ പിതാക്കന്മാരും റോമിലെ മെത്രാന്റെ പ്രഥമസ്ഥാനം സാക്ഷ്യപ്പെടുത്തുകയുണ്ടായി. പത്രോസിനെ തുടർന്ന് റോമിലെ മെത്രാനായിരുന്ന എല്ലാവരെയും പോപ്പായി ഗണിച്ചു പോന്നിരുന്നു.

കോൺസ്റ്റന്റെയിൻ ചക്രവർത്തി സഭയ്ക്ക് സ്വാതന്ത്ര്യം നല്കിയതിൽ പിന്നെ സഭയുടെ ആദ്യത്തെ പ്രസിദ്ധനായ പോപ്പ് എ.ഡി. 366 മുതൽ 384 വരെ റോമിലെ ബിഷപ്പായിരുന്ന ഡമാസസ് ഒന്നാമനാണ്. എ.ഡി. 590 മുതൽ 604 വരെ പോപ്പ് ആയിരുന്ന ഗ്രിഗറി ഒന്നാമൻ സ്ഥാപിച്ച പേപ്പൽ പ്രൈമസിയാണ് പേപ്പസിയുടെ വികാസത്തിനു ഭൂരിഭാഗവും സഹായിച്ചത്. മറ്റ് ബിഷപ്പ്മാരിൽനിന്നും അവരുടെ അധികാര



പരിധിയിൽ നിന്നും പോപ്പിനു ലഭിക്കേണ്ട ബഹുമാനവും അധികാരവും വ്യക്തമാക്കുന്ന രേഖയായിരുന്നു ഈ സിദ്ധാന്തം.

ഒന്നാം സഹസ്രാബ്ദത്തിൽ വിശ്വാസത്തിന്റെയോ അച്ചടക്കത്തിന്റെയോ കാര്യത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായപ്പോൾ പൊതുസമ്മതത്തോടെയുള്ള റോമൻ സിംഹാസനം വഴികാട്ടിയായി വർത്തിച്ചു. രണ്ടാം സഹസ്രാബ്ദത്തിൽ എ.ഡി. 1054 -ലെ വലിയ പിളർപ്പിനു ശേഷം കിഴക്കൻ സഭകൾ റോമിന്റെ വഴിയിൽ നിന്ന് മാറി നടന്നു. പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യ സഭയിലുണ്ടായ പ്രൊട്ടസ്റ്റന്റ് വിപ്ലവവും പാപ്പസ്ഥാനത്തിന്റെ ശക്തി കുറച്ചു. 1929-ൽ നടന്ന ലാറ്ററൻ ഉടമ്പടി വഴിയായി വത്തിക്കാൻ സിറ്റി സ്റ്റേറ്റ് സ്ഥാപിതമാകുകയും പാപ്പയുടെ അധികാരം ഭൗതികമായി പരിമിതപ്പെടുത്തുകയും ഉണ്ടായെങ്കിലും കാലോചിതമായ ഒരു പാപ്പാ സ്ഥാ ന ത്തിന്റെ തുടക്കം കുറിക്കാൻ ഈ സംഭവങ്ങൾ ഇടവരുത്തി.



1868-ൽ ചേർന്ന ഒന്നാം വത്തിക്കാൻ കൗൺസിൽ അധികാരത്തിലുള്ള പാപ്പായുടെ പ്രാഥമികതയും പാപ്പായുടെ തെറ്റില്ലായ്മയും നിർവചിക്കുകയുണ്ടായി. വത്തിക്കാൻ I പറയുന്നു, "സുവിശേഷ തെളിവുകൾ അനുസരിച്ച് ദൈവത്തിന്റെ മുഴുവൻ സഭയുടെ മേലുള്ള ഒരു പ്രാഥമിക അധികാര പദവി വാഴ്ത്തപ്പെട്ട അപ്പസ്തോലനായ പത്രോസിന് നേരിട്ട് വാഗ്ദാനം ചെയ്യുകയും കർത്താവായ ക്രിസ്തു ഇത് അദ്ദേഹത്തിന് നൽകുകയും ചെയ്തുവെന്ന് പഠിപ്പിക്കുകയും, പ്രഖ്യാപിക്കുകയും ചെയ്യുന്നു. കത്തോലിക്കാ സഭയ്ക്കുള്ളിൽ ഇത് അർത്ഥപൂർണ്ണമാണെങ്കിലും കത്തോലിക്കേതര പൗരസ്ത്യസഭകളും പ്രൊട്ടസ്റ്റന്റ് സഭകളും തമ്മിലുള്ള എക്യുമെനിസത്തിനും, സിനഡൽ കൂട്ടായ്മയ്ക്കും ഇത് തടസ്സമാകുമെന്ന ചില സന്ദേഹങ്ങൾ ദൈവശാസ്ത്രജ്ഞരുടെ ഇടയിലുണ്ടായി.

വത്തിക്കാൻ II എക്യുമെനിക്കൽ രേഖ യൂണിറ്റാറ്റിസ് റീഇന്റഗ്രേസിയോ, "കിഴക്കും പടിഞ്ഞാറുമുള്ള ക്രിസ്ത്യാനികൾ" "വിശ്വാസത്തിന്റെയും കൂദാശാജീവിതത്തിന്റെയും സഹോദര ഐക്യത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും ഓരോരുത്തരും അവരവരുടെ വ്യത്യസ്ത വഴികൾ പിൻതുടർന്നുവെന്ന് അംഗീകരിക്കുന്നു." രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡോഗ്മാറ്റിക് ഭരണഘടനയായ ലൂമെൻ ജെൻസിയം പ്രഖ്യാപിച്ചു, "പോപ്പിന്റെ പ്രാഥമികതയുടെ അധികാരം" ക്രിസ്തുവിന്റെ വികാരിയും മുഴുവൻ സഭയുടെയും പാസസ്റ്ററുമെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഓഫീസിന്റെ പുണ്യത്താലാണ് എന്നും സഭയുടെ മേൽ പൂർണ്ണവും പരമോന്നതവുമായ സാർവത്രിക അധികാരമാണ് എന്നും അദ്ദേഹത്തിനുള്ളത്. അത് എപ്പോഴും പ്രയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. ഇത്തരത്തിലുള്ള അധികാര പ്രാധാന്യം എക്യുമെനിക്കൽ അനുരജ്ഞനത്തിന് തടസ്സമാണ് എന്ന് പോൾ ആറാമൻ സമ്മതിക്കുമ്പോഴും ഈ തത്ത്വം ഉപേക്ഷിക്കുന്നതിനുള്ള അടിസ്ഥാനകാരണം കാണാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കുകയുണ്ടായി.

കത്തോലിക്കാ സഭയുമായി പൂർണ്ണമായി സഹവസിക്കാത്ത സഭകളിലെയും സഭാസമൂഹങ്ങളിലെയും പാസ്റ്റർമാരെയും ദൈവശാസ്ത്രജ്ഞരെയും വിഭജിക്കുന്നതിനു പകരം ഒന്നിപ്പിക്കുന്ന രീതിയിൽ മാർപാപ്പയുടെ പ്രാഥമികത എങ്ങനെ പ്രയോഗിക്കാമെന്ന് വി.ജോൺപോൾ രണ്ടാമൻ 1995-ൽ പുറത്തിറക്കിയ ഉട്ട് ഉരും സിന്റ് എന്ന ചാക്രികലേഖനത്തിൽ ശ്രമങ്ങൾ നടന്നു. പാപ്പായുടെ പ്രാഥമികത പുതിയതും പോസിറ്റീവുമായ ഒരു എക്യുമെനിക്കൽ ആത്മാവിൽ ചർച്ച ചെയ്യപ്പെടുന്നുവെന്നും, ഈ ശുശ്രൂഷയിലൂടെ ബന്ധപ്പെട്ട എല്ലാവരും അംഗീകരിക്കുന്ന സ്നേഹത്തിന്റെ സേവനം നിറവേറ്റുന്നതിനുള്ള പാത ഒരുമിച്ച് അന്വേഷിക്കാമെന്നും വി. ജോൺപോൾ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി.

പാപ്പാസ്ഥാനം എക്കാലത്തും സർവ്വാദരണീയമാണ്. എങ്കിലും ഈ പ്രാഥമികതയെ ചോദ്യം ചെയ്യുന്ന അവസരങ്ങളും സഭയിലുണ്ടായി. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലാനന്തരം പാപ്പമാർ, ധാർമ്മിക ശബ്ദത്തോടെ തങ്ങളുടെ സ്വതസിദ്ധമായ ശൈലിയിൽ വിനയാന്വിതരായി മറ്റു സഭാവിഭാഗങ്ങളെയും, മതങ്ങളെയും, രാഷ്ട്രങ്ങളെയും തങ്ങളോട് ചേർത്തു പിടിക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ പാപ്പാസ്ഥാനവും ആദരവ് നേടുന്നതോടൊപ്പം നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമാകുന്ന കാഴ്ചയാണ് നാം കണ്ടുവരുന്നത്. അതുകൊണ്ട് എളിമയുടെ ദൗത്യം പേറുന്നവരാണ് പാപ്പമാർ എന്നും, എല്ലാവരും ഒന്നാകുന്നതിന് ക്രിസ്തുവിനെപ്പോലെ സ്വയംശൂന്യമാക്കുന്ന മനസ്സുള്ളവരാണ് ഇത്തരം പാപ്പമാർ എന്നും അനുരഞ്ജനത്തിന്റെയും സിനഡാലിറ്റിയുടെയും പാതയിൽ പാദമൂന്നിയാണ് ആധുനിക പാപ്പമാർ വർത്തിക്കുന്നത് എന്നും സാക്ഷ്യപ്പെടുത്തുന്നു.

# പേപ്പസിയുടെ നാൾവഴികളിലൂടെ



**ഡോ. ക്ലെമെന്റ് വള്ളുവശ്ശേരി**

### *ആമുഖം*

പത്രോസിന്റെ സിംഹാസനം സജീവമായി വീണ്ടും ലോകശ്രദ്ധയാകർഷിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം. ഹൃദയവിശാലതയാലും ലളിത ജീവിതശൈലിയാലും അനേകരെ ആകർഷിച്ച ഫ്രാൻസീസ് പാപ്പ 2025 ഉയിർപ്പുതിരുനാൾ പുലരിയുടെ പിറ്റേന്ന് – ഏപ്രിൽ 21–ാം തീയതി തന്റെ നിത്യസമ്മാനത്തിനായി യാത്രയായി. ഏറെ അനുഭവസമ്പത്തും ബഹുഭാഷാജ്ഞാനവും പാവങ്ങളോടുള്ള പരിഗണനയും കൈമുതലാക്കിയ ആദ്യത്തെ അമേരിക്കൻ പാപ്പ – റോബർട്ട് ഫ്രാൻസിസ് കർദ്ദിനാൾ പ്രെവോസ്റ്റ് – ലെയോ പതിനാലാമൻ എന്ന നാമധാരിയായി തിരുസഭയെ നയിക്കാൻ അവരോധിതനായിരിക്കുന്നു. ഈ ചരിത്ര മുഹൂർത്തത്തിൽ പേപ്പസിയുടെ നാൾവഴിയിലൂടെ നടത്തുന്ന ഒരോട്ടപ്രദക്ഷിണമാണ് ഈ ലേഖനം. ഈ ലേഖന പരിധി ചില സൂചനകൾക്കു മാത്രമേ ഇടം നല്കുന്നുള്ളൂ, വിശദമായ വിശകലനം ഇവിടെ ലക്ഷ്യമാക്കുന്നില്ല.

നിരവധിയായ പ്രതിസന്ധികളിലൂടെയും വെല്ലുവിളികളുടെയും നടുവിൽ ദൈവകൃപയാൽ ചരിത്രത്തിൽ രൂപപ്പെട്ട പേപ്പസി ഒരേസമയം പുരാതനവും നവീനവുമാണ്. അപ്പസ്തോല പ്രമുഖനായ വിശുദ്ധ പത്രോസിൽ നിന്നാരംഭിക്കുന്നു, പേപ്പസിയുടെ ചരിത്രം. കാലഗതിവിഗതികളിൽ പലവുരി നവീകരണ വിധേയമായ പേപ്പസി ഇന്നും നവീനമായും സമൂഹ മനഃസാക്ഷിയായും തുടരുന്നു. പേപ്പസിയുടെ ചരിത്രത്തെ ആദിമ പേപ്പസി, മധ്യയുഗ പേപ്പസി, വർത്തമാനകാല പേപ്പസി എന്നിങ്ങനെ വിശാലമായ അർത്ഥത്തിൽ മൂന്നായി തിരിക്കാം.

### *ആദിമകാലത്തെ പേപ്പസി*

റോമാ മെത്രാൻ ആദ്യനൂറ്റാണ്ടുകളിൽ വിശാല മെത്രാൻ കൂട്ടായ്മയുടെ ഒരു ഭാഗമായിട്ടാണ് പൊതുവെ കണക്കാക്കപ്പെട്ടിരുന്നത്. എങ്കിലും ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ, എ.ഡി. 96–ൽ എഴുതപ്പെട്ടത് എന്നു പരക്കെ അംഗീകരിക്കപ്പെടുന്ന ക്ലെമെന്റ് ഒന്നാം പാപ്പയുടെ എഴുത്തുകൾ സൂചിപ്പിക്കുന്നത് റോമാ മെത്രാന്റെ അധികാരസീമ റോമിലെ വിശ്വാസ സമൂഹത്തിനപ്പുറത്തേയ്ക്ക് പരന്നിരുന്നുവെന്നാണ്. സത്യവിരുദ്ധ പ്രബോധനങ്ങളും ആന്തരികനൈക്യത്തിൽ നിന്ന് ഉടലെടുക്കുന്ന പിളർപ്പുകളും ക്രൈസ്തവലോകത്തിൽ തലയുയർത്തിയപ്പോൾ ശരിയായ വിശ്വാസ പ്രബോധനത്തിന്റെ ശബ്ദവും ക്രൈസ്തവൈക്യത്തിന്റെ കാണപ്പെട്ട അടയാളവുമായി പേപ്പസി രൂപപ്പെടുകയായിരുന്നു.

അന്ത്യോക്യയിലെയും പരിസര പ്രദേശങ്ങളിലെയും മിഷൻ പ്രവർത്തനാനന്തരം റോമിലെ ആദ്യമെത്രാനായ വിശുദ്ധ പത്രോസ് ഏതാണ്ട് എ.ഡി. 64–ൽ നീറോ ചക്രവർത്തിയുടെ കാലത്ത് രക്തസാക്ഷിത്വ മകുടം ചൂടുകയും വത്തിക്കാൻ കുന്നിൽ സംസ്കരിക്കപ്പെടുകയും ചെയ്തുവെന്നാണ് പാരമ്പര്യവും ആദിമ ക്രൈസ്തവ ലിഖിതങ്ങളും സാക്ഷ്യപ്പെടുത്തുന്നത്. ഇവിടെയാണ് വിശുദ്ധ പത്രോസിന്റെ ബസലിക്ക പണികഴിപ്പിക്കപ്പെട്ടിട്ടുള്ളത്.

ആദ്യനൂറ്റാണ്ടുകളിൽ പാപ്പാമാരായവരെക്കുറിച്ച് നമുക്ക് ലഭ്യമായ വിവരങ്ങൾ വളരെ കുറവാണ്. ക്രിസ്തുമത പീഢനകാലത്ത് തങ്ങളുടെ അജഗണത്തോടൊപ്പം രക്തസാക്ഷിത്വത്തിന്റെ പാതയിൽ സഞ്ചരിച്ചവരാണവർ.

കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് – നാലാം നൂറ്റാണ്ടോടുകൂടി – ക്രിസ്തുമതം നിയമാനുസൃതമായി. പാശ്ചാത്യ റോമാ സാമ്രാജ്യത്തിന്റെ പതനം ആത്മീയ നേതൃത്വത്തോടൊപ്പം ഭൗതിക നേതൃത്വവും – അതായത് രാഷ്ട്രീയവും ഭരണപരവുമായ ഉത്തരവാദിത്തവും – പാപ്പായിൽ എത്തിച്ചേരാൻ കളമൊരുക്കി.

ആദ്യനൂറ്റാണ്ടുകൾ സഭയ്ക്കകത്തുനിന്നും പുറത്തുനിന്നും പ്രതിസന്ധികളും വെല്ലുവിളികളും ഉയിർകൊണ്ട കാലയളവായിരുന്നു. ഇക്കാലയളവിലെ ഒരു സുപ്രധാന വ്യക്തിത്വമാണ് മഹനായ ലെയോ പാപ്പ (*C 391-461*) സഭയ്ക്കുള്ളിൽ നിന്നുയർന്ന സത്യവിരുദ്ധ പ്രവണതകളെ ജയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്ന് മാത്രമല്ല, ഹ്യൂണനായ അക്കില്ലയുടെ റോമ അധിനി

വേശത്തെ ഇല്ലായ്മ ചെയ്യുന്നതിനും ദൈവകൃപയാൽ അദ്ദേഹത്തിനായി. അതിനാലാണ് ബെനഡിക്ട് പതിനാറാമൻ പാപ്പ അദ്ദേഹത്തെ സഭാചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിത്വങ്ങളിൽ ഒരാളെന്ന് വിശേഷിപ്പിച്ചത്. 1754-ൽ ബനഡിക്റ്റ് പതിനാലാം പാപ്പ മഹാനായ ലെയോ പാപ്പയെ സഭാ പ്രബോധകനായി അവരോധിച്ചു. 461 നവംബർ 10-ന് ദിവംഗതനായ മഹാനായ ലെയോ പാപ്പയാണ് വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ സംസ്കരിക്കപ്പെട്ട ആദ്യ പാപ്പ. ക്രിസ്തുവിന്റെ മാനുഷിക - ദൈവിക പ്രകൃതികളെ സംബന്ധിച്ച തെറ്റായ പഠനങ്ങളെ ശുദ്ധീകരിച്ച് സഭയെ നേർവഴിയിലൂടെ നയിക്കാൻ മഹാനായ ലെയോ പാപ്പയുടെ ദൈവശാസ്ത്ര നിലപാടുകൾക്ക് കഴിഞ്ഞു. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാപ്പോലീത്തയായിരുന്ന ഫ്ളാവിയൻ ഒന്നാമന് ലെയോ പാപ്പ എഴുതിയ കത്ത് 451-ലെ കാൽസദോൺ സൂനഹദോസിലെ ക്രിസ്തുവിജ്ഞാനീയ പ്രബോധനത്തെ നിർവചിക്കുന്നതിനും - ദൈവികമാനുഷിക പ്രകൃതികളുടെ വ്യതിരിക്തതയെയും ഐക്യത്തെയും ഒരേസമയം സൂചിപ്പിക്കുന്ന "ഹൈപ്പോസ്റ്റാറ്റിക് യൂണിയൻ" എന്ന സാങ്കേതിക പദത്തി ന്റെ ശരിയായ വ്യാഖ്യാനത്തിനും കളമൊരുക്കി.

### ***മധ്യകാല പേപ്പസി***

മധ്യകാല പേപ്പസി അതിന്റെ ഔന്നത്യത്തിലെത്തിയത് പതിനൊന്ന്-പന്ത്രണ്ട് നൂറ്റാണ്ടുകളിലാണ്. ഗ്രിഗറി ഏഴാമൻ പാപ്പ (1073-1085) ഈ കാലയളവിലെ ഒരു സുപ്രധാന വ്യക്തിത്വമാണ്. ഭൗതിക നേതാക്കളിൽ നിന്ന് സ്വതന്ത്രമായ സഭയുടെ നിലനിൽപിനായി ശക്തിയുക്തം വാദിച്ചതും പാപ്പായുടെ ചുമതല ക്രിസ്തുവിനെ പ്രതിനിധീകരിക്കലാണെന്ന് (*Vacarius Christi*) ഊന്നിപ്പറഞ്ഞതും ഗ്രിഗറി ഏഴാമൻ പാപ്പയാണ്.



തന്റെ വിപ്ലവാത്മകമായ പ്രവർത്തനത്തിലൂടെ ഗ്രിഗറി ഏഴാമൻ പാപ്പ പേപ്പസിയെ സംബന്ധിച്ച ആത്മീയ ബോധ്യങ്ങൾക്ക് മൂർത്തഭാവമേകി. പതിനൊന്നാം നൂറ്റാണ്ടിലെ സഭാനവീകരണത്തിന്റെ മുഖമുദ്രയെന്ന് വിശേഷിപ്പിക്കാവുന്ന പൗരോഹിത്യ ബ്രഹ്മചര്യം തുടരാനായി സംരക്ഷിച്ചതും വിശുദ്ധമായവയും ആത്മീയമായവയും സഭാസ്ഥാനമാനങ്ങളും വില നല്കി വാങ്ങാനാകും എന്ന അവസ്ഥയെ സൂചിപ്പിക്കുന്ന "സിമോണി" അഥവാ ആത്മീയമായവയുടെ വാണിജ്യവല്കരണം അവസാനിപ്പിക്കാൻ ആവശ്യമായ നടപടികൾ കൈ ക്കൊണ്ടതും ഗ്രിഗറി ഏഴാമൻ പാപ്പയാണ്. പേപ്പസിയുടെ ശ്രേഷ്ഠതയെ അദ്ദേഹം വാഴ്ത്തി. തികച്ചും സ്വതന്ത്രമായി തങ്ങളുടെ രൂപതകളെ മെത്രാന്മാർ നയിച്ചുകൊണ്ടിരുന്ന അക്കാലത്ത് രൂപതാ ഭരണത്തിൽ ഗ്രിഗറി പാപ്പ കൊണ്ടുവന്ന മാറ്റങ്ങളും ക്രമപ്പെടുത്തലുകളും പലർക്കും രുചിച്ചില്ലായെങ്കിലും അദ്ദേഹം സുധീരം തന്റെ ബോധ്യങ്ങളിൽ നിലകൊണ്ടു. ചക്രവർത്തിമാരെയും സ്ഥാനഭ്രഷ്ടനാക്കാനുള്ള അധികാരം പാപ്പായ്ക്കുണ്ടെന്ന് നിഷ്കർഷിക്കുന്ന "ഡിക്റ്റാത്തൂസ് പാപ്പെ" യുടെയും കർത്താവ് ഗ്രിഗറി പാപ്പായാണെന്നാണ് പണ്ഡിതമതം.

1048 മുതൽ 1257 വരെയുള്ള കാലയളവിൽ പരിശുദ്ധ റോമാ സാമ്രാജ്യ-സഭാ-നേതൃത്വവും ബൈസന്റയിൻ സാമ്രാജ്യ-സഭാ-നേതൃത്വവും കടുത്ത പിണക്കത്തിലായിരുന്നു. ഇത് പാശ്ചാത്യ പൗരസ്ത്യ സമ്രാജ്യ വിഭജനത്തിലേക്കും റോമൻ പൗരസ്ത്യ സഭകളുടെ വിഭജനത്തിലേക്കും നയിച്ചു.

മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ അരങ്ങേറിയ വലിയൊരു വിവാദമായിരുന്നു സ്ഥാനാരോഹണ വിവാദം അഥവാ *Investiture Controversy*. മെത്രാന്മാരുടെ നിയമനത്തെയും മറ്റു സഭാസ്ഥാനങ്ങളിലേക്കുള്ള നിയമനത്തെയും സംബന്ധിച്ച് പാപ്പമാരും റോമാ ചക്രവർത്തിമാരും തമ്മിൽ നടന്ന വിവാദമാണ് സ്ഥാനാരോഹണ വിവാദം എന്ന പേരിൽ അറിയപ്പെടുന്നത്. ഭൗതിക രാജാക്കന്മാർ അഥവാ ചക്രവർത്തിമാർ സഭാസ്ഥാനങ്ങളിലേക്ക് നിയോഗിക്കപ്പെടുന്നവർക്ക് ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന്റെ അടയാളമായി ചില മുദ്രകൾ നല്കിയിരുന്നതായിരുന്നു തർക്ക വിഷയം. 1076 ലാണ് ഇതിന്റെ ആരംഭം. അക്കാലത്ത് ഹെൻട്രി നാലാമൻ രാജാവും ഗ്രിഗറി ഏഴാമൻ പാപ്പയുമായിരുന്നു. 1122-ൽ ഒരു സമവായം സ്ഥാപിക്കപ്പെട്ടുവെങ്കിലും പല യൂറോപ്യൻ രാജ്യങ്ങളും വ്യത്യസ്തമായ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയത്.

പതിമൂന്നാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ഉണ്ടായിരുന്ന രാഷ്ട്രീയ അസ്ഥിരത പാപ്പായും പാപ്പായുടെ ഭരണക്രമവും മറ്റു പലയിടങ്ങളിലും നിന്ന് പ്രവർത്തിക്കുന്നതിന് കളമൊരുക്കി. "വിറ്റെർബോ," "ഒർവിയെത്തോ," "പെറുജിയ" എന്നീയിടങ്ങൾക്കു ശേഷം 1309-ൽ ആരംഭിച്ച "അവിഞ്ഞോൺ" പേപ്പസി (ഫ്രാൻസ്) 1377-ൽ അവസാനിക്കുകയും ഗ്രിഗറി പതിനൊന്നാമൻ പാപ്പ റോമിലേക്ക് മടങ്ങുകയും ചെയ്തു. 'അവിഞ്ഞോൺ' പേപ്പസിയുടെ കാലത്ത് പേപ്പസി

*ചക്രവർത്തിമാരെയും സ്ഥാനഭ്രഷ്ടനാക്കാനുള്ള അധികാരം പാപ്പായ്ക്കുണ്ടെന്ന് നിഷ്കർഷിക്കുന്ന "ഡിക്റ്റാത്തൂസ് പാപ്പെ" യുടെയും കർത്താവ് ഗ്രിഗറി പാപ്പായാണെന്നാണ് പണ്ഡിതമതം.*

യുടെ നിയന്ത്രണം ഫ്രെഞ്ച് രാജാക്കന്മാർക്കായിരുന്നു.

തുടർന്നുണ്ടായ പാശ്ചാത്യ ശീശ്മക്കാലത്ത് പാപ്പാസ്ഥാനം പലരും അവകാശപ്പെട്ടു. പിളർപ്പിനുണ്ടായ പ്രധാന കാരണങ്ങൾ ദൈവശാസ്ത്രപരമായ അഭിപ്രായ വ്യത്യാസമായിരുന്നില്ല, മറിച്ച് രാഷ്ട്രീയപരവും അന്താരാഷ്ട്ര വടംവലികളുമായിരുന്നു. ശീശ്മയുടെ ആരംഭം രണ്ടു പാപ്പാമാർ തെരഞ്ഞെടുക്കപ്പെട്ടപ്പോഴായിരുന്നു, ഒരാൾ റോമിലും മറ്റൊരാൾ അവിഞ്ഞോണിലും. തുടർന്ന് പേപ്പസിയുടെ അവകാശികൾ മൂന്നായി. ശീശ്മയ്ക്ക് ഒരു പരിഹാരമായത് കോൺസ്റ്റാൻസ് സൂനഹദോസിൽ (1414-1418) മാർട്ടിൻ അഞ്ചാമൻ പാപ്പയെ തെരഞ്ഞെടുത്തുകൊണ്ട് സഭാക്യൈം പുനഃസ്ഥാപിച്ചപ്പോഴാണ്.

നവോത്ഥാന കാലത്തെ പാപ്പാമാരുടെ (15,16 നൂറ്റാണ്ടുകൾ) ശ്രദ്ധ അജപാലനത്തിനുപരിയായി കലയിലും നിർമ്മാണ പ്രവർത്തനങ്ങളിലുമായിരുന്നു. നവോത്ഥാന പേപ്പസിയുടെ കാലം പാശ്ചാത്യ ശീശ്മയുടെയും പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെയും ഇടയ്ക്കുള്ള കാലമെന്ന് വിശേഷിപ്പിക്കാം. ഇക്കാലയളവിൽ പേപ്പൽ-പ്രവിശ്യയും രാഷ്ട്ര-പ്രവിശ്യയും ഏതാണ്ട് സമാനമായി മാറി. പേപ്പൽ-പ്രവിശ്യ അഥവാ പേപ്പൽ സ്റ്റേറ്റ് എന്നാൽ മധ്യ ഇറ്റലിയിൽ പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള ഭൂവിഭാഗമാണ്. രാഷ്ട്ര പ്രവിശ്യ അഥവാ നേഷൻ സ്റ്റേറ്റ് എന്നത് കൃത്യമായ അതിരുകൾ നിർവചിച്ചിട്ടുള്ള സർക്കാരും ജനവിഭാഗവും ഉൾപ്പെട്ട രാഷ്ട്രീയ യാഥാർത്ഥ്യമാണ്.

ഈ കാലഘട്ടം പ്രൊട്ടസ്റ്റന്റ് നവീകരണത്തിന് കളമൊരുക്കി. 1517-ൽ അരങ്ങേറിയ മാർട്ടിൻ ലൂതറിന്റെ വെല്ലുവിളി ഒരു ജനകീയ മുന്നേറ്റമായി മാറി. ഒടുവിൽ അത് സഭാവിഭജനത്തിലെത്തി. പതിനാറാം നൂറ്റാണ്ടിന്റെ ഏതാണ്ട് മധ്യത്തിൽ നടന്ന ട്രെന്റ് സൂനഹദോസ് (1545-1563) കത്തോലിക്കാ പ്രതിനവീകരണത്തിന് തുടക്കം കുറിക്കുകയും പേപ്പസിയുടെ അധികാരം അരക്കിട്ടുറപ്പിക്കുകയും ചെയ്തു. അതോടൊപ്പം സഭയിലുണ്ടായ അപചയങ്ങളെ നേരെയാക്കുന്നതിനും അങ്ങനെ സഭയിൽ ആത്മീയമായ ആഴപ്പെടൽ സാധ്യമാകുന്നതിനും ആവശ്യമായ ചുവടുകൾ കൈക്കൊള്ളുകയും ചെയ്തു.

***ഒന്നാം വത്തിക്കാൻ സൂനഹദോസ് മുതൽ വർത്തമാനകാലം വരെ***

പത്തൊൻപതാം നൂറ്റാണ്ടിൽ വളർന്നുയർന്ന രാഷ്ട്ര ചിന്തയുടെയും സെക്കുലറിസത്തിന്റെയും പശ്ചാത്തലത്തിൽ ഒൻപതാം പീയൂസ് പാപ്പ ഒന്നാം വത്തിക്കാൻ സൂനഹദോസ് (1869-1870) വിളിച്ചു ചേർത്തു. വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മേഖലയിൽ ചില വ്യവസ്ഥകളോടെ പാപ്പയുടെ തെറ്റാവരം ഒന്നാം വത്തിക്കാൻ സൂനഹദോസ് നിർവചിച്ചുദ്ബോധിപ്പിച്ചു. പേപ്പസിയുടെ ആത്മീയാധികാരം ഇവിടെ സുവ്യക്തമാക്കപ്പെടുകയുണ്ടായി. 1870-ൽ പേപ്പൽ-പ്രവിശ്യ ഇറ്റലിയോട് ചേർക്കപ്പെട്ടതിലൂടെ ഭൗതികാധികാരം ഇല്ലാതായി.

ഇരുപതാം നൂറ്റാണ്ട് പേപ്പസിയെ സംബന്ധിച്ച പുതിയ കാഴ്ചപ്പാട് കൊണ്ടുവന്നു. സമഗ്രമായ സാംസ്കാരിക മാറ്റത്തിലൂടെയും ലോകമഹായുദ്ധങ്ങളിലൂടെയും പീയൂസ് പന്ത്രണ്ടാമനെയും ജോൺ ഇരുപത്തിമൂന്നാമനെയും പോലുള്ള പാപ്പമാർ സഭയെ നയിച്ചു. ജോൺ ഇരുപത്തി മൂന്നാമൻ പാപ്പയാൽ വിളിച്ചു ചേർക്കപ്പെടുകയും പോൾ ആറാമൻ പാപ്പയാൽ തുടർന്നു കൊണ്ടുപോകുകയും ചെയ്ത രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962-1965) അധികാരിയായല്ല, മറിച്ച് ദൈവജനത്തിന്റെയും മെത്രാന്മാരുടെയും ഇടയിലുള്ള വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും സേവകനായി പാപ്പായെ പുനർഃനിർവചിച്ചു.

1978-ൽ പാപ്പയായി അവരോധിതനായ ജോൺപോൾ രണ്ടാമൻ പാപ്പ പേപ്പസിയെ ആഗോള ശ്രദ്ധയിലേക്കു കൊണ്ടുവന്നു. അദ്ദേഹത്തിന്റെ സുദീർഘമായ നേതൃത്വകാലയളവ് ധാർമ്മിക വ്യക്തതയും മനുഷ്യമഹത്വത്തിന്റെ ധീരമായ സാക്ഷ്യവും സമന്വയിപ്പിച്ചു.

ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിന് ഉപരി ശോഭ പകർന്ന ബെനഡിക്റ്റ് പതിനാറാമൻ പാപ്പ 2013-ൽ പാപ്പാ സ്ഥാനം സ്വയം ത്യജിച്ചുകൊണ്ട് ലോകത്തെ ആശ്ചര്യപ്പെടുത്തി.

ബെനഡിക്റ്റ് പാപ്പയുടെ പിൻഗാമി ഫ്രാൻസിസ് പാപ്പ കരുണയ്ക്കും ലാളിത്യത്തിനും അരികുവൽകരിക്കപ്പെട്ടിരിക്കുന്നവർക്കും സവിശേഷമായ ശ്രദ്ധ നൽകിക്കൊണ്ട് പുതിയ അജപാലന നവീകരണ ശൈലിയിലേക്ക് സഭയെ നയിച്ചു. നമുക്കിനി ലെയോ പതിനാലാമൻ പാപ്പയെ ശ്രദ്ധയോടെ കേൾക്കാം, കാതുകൊണ്ടു മാത്രമല്ല, ഹൃദയം കൊണ്ടും. സർവ്വശക്തനായ ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

# പേപ്പസിയുടെ പ്രസക്തി ആധുനിക യുഗത്തിൽ





*ഇഗ്നേഷ്യസ്
ഗൊൺസാൽവസ്*

ഏകവും വിശുദ്ധവും സാർവത്രികവും അപ്പസ്തോലികവുമായ സഭയിൽ ദൈവപരിപാലനയുടെ കൈത്താങ്ങുണ്ടോ? പരിശുദ്ധാത്മാവിന്റെ നടത്തിപ്പുണ്ടോ? പേപ്പസിയുടെ ചരിത്രം പഠിക്കുക. സംശയാലുക്കൾക്ക് ഉറച്ച ഉത്തരം ലഭിക്കും. വിശ്വാസികളാവട്ടെ, അവരുടെ വിശ്വാസത്തിൽ ആധികാരികമായി ആഴപ്പെടുകയും ചെയ്യും. സഭയെ പത്രോസാക്കുന്ന പാറമേൽ പണിതുറപ്പിക്കുന്നു പേപ്പസിയുടെ കഥ.


കുരിശുമരണത്തിനു മുൻപും, ഉത്ഥാനത്തിനു ശേഷവുമായി കർത്താവു നടത്തിയ ഒന്നാം കോൺക്ലേവ് മുതൽ, ഇക്കഴിഞ്ഞ എട്ടാം തീയതി (08.05.2025) സിസ്റ്റൈൻ കപ്പേളയിൽ സമാപിച്ച കോൺക്ലേവ് വരെ അതാണ് ചരിത്രം. ബലഹീനരും കൊള്ളരുതാത്തവരും ആയ പാപ്പമാർ ഉണ്ടായിട്ടില്ലെന്നല്ല. അപവാദങ്ങൾ പൊതു സത്യത്തെ സാധൂകരിക്കുന്നു എന്ന ചൊല്ലിനെ ഓർമ്മിപ്പിക്കുകയും ശരിവയ്ക്കുകയും ചെയ്യുന്നു. അങ്ങിങ്ങുണ്ടായ ഈ അയോഗ്യന്മാർ.

കേസറിയാ ഫിലിപ്പിയിലും തിബേരിയാസ് കടൽക്കരയിലുമായിട്ടായിരുന്നു കർത്താവ് നേരിട്ടു നടത്തിയ ഒന്നാം കോൺക്ലേവ്. പത്രോസിന്റെ വിശ്വാസവും ദൈവസ്നേഹവുമാണ് യഥാക്രമം ഇവിടങ്ങളിൽ അളക്കപ്പെട്ടത്. കാലാതിവർത്തിയായ പരമാചാര്യത്വം അങ്ങനെ പത്രോസിനു കൈവന്നു.

പത്രോസിന്റെ വിശ്വാസ പ്രഘോഷണത്തിന്റെ അതിമനോഹരമായ വിവരണമാണ് സുവിശേഷകനായ വിശുദ്ധ മത്തായി നൽകുക. "യേശു കേസറിയാ ഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ ശിഷ്യന്മാരോടു ചോദിച്ചു: മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? അവർ പറഞ്ഞു: ചിലർ സ്നാപകയോഹന്നാൻ എന്നും വേറെ ചിലർ ഏലിയ എന്നും മറ്റു ചിലർ ജെറമിയ അല്ലെങ്കിൽ പ്രവാചകന്മാരിൽ ഒരുവൻ എന്നും പറയുന്നു. അവൻ അവരോടു ചോദിച്ചു: എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. യേശു അവനോട് അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശിമയോനേ നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിതന്നത്. ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്. ഈ പാറമേൽ ഞാൻ എന്റെ സഭ സ്ഥാപിക്കും. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമി

യിൽ അഴിക്കുന്നതെല്ലാം സ്വർഗ ത്തിലും അഴിക്കപ്പെട്ടിരിക്കും (മ ത്താ. 16: 13–19).

പേപ്പസിയുടെ വിളിയും ദൗത്യവും കാലാതിവർത്തിയും പരമവും ആകുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. ഒന്നാം കോൺക്ലേവിന്റെ രണ്ടാംഘട്ടം തിബേരിയാസ് കടൽക്കരയിൽ പൂർത്തിയാകുമ്പോൾ അതിനു കൂടുതൽ വ്യക്തത കൈവരുന്ന തും, അത് സംശയപരിഛേദി യായി മാറുന്നതും നാം കാണു ന്നു. സുവിശേഷകനായ വിശുദ്ധ യോഹന്നാൻ അതിപ്രകാരമാണ് വിവരിക്കുക: "അവരുടെ പ്രാർത്ഥന കഴിഞ്ഞപ്പോൾ യേശു ശിമയോൻ പത്രോസിനോടു ചോദിച്ചു: യോഹന്നാന്റെ പുത്ര നായ ശിമയോനേ നീ ഇവരേ ക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ. യേശു അവ നോടു പറഞ്ഞു: എന്റെ ആടുകളെ മേയ്ക്കുക. രണ്ടാം പ്രാവശ്യവും അവൻ ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു വെന്ന് നീ അറിയുന്നുവല്ലോ. അവൻ പറഞ്ഞു: എന്റെ കുഞ്ഞാ ടുകളെ മേയ്ക്കുക. അവൻ മൂന്നാം പ്രാവശ്യവും അവനോടു ചോദിച്ചു: യോഹന്നാന്റെ പുത്ര നായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? തന്നോടു മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞു: കർത്താവേ, നീ എല്ലാം അറിയു ന്നു. ഞാൻ നിന്നെ സ്നേഹിക്കു ന്നുവെന്നും നീ അറിയുന്നു. യേശു പറഞ്ഞു: എന്റെ കുഞ്ഞാടു കളെ മേയ്ക്കുക. സത്യംസത്യ മായി ഞാൻ നിന്നോടു പറയുന്നു. നീ ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ട മുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ, പ്രായമാ കുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ



അര മുറുക്കുകയും നീ ആഗ്രഹി ക്കാത്തിടത്തേക്കു നിന്നെ കൊണ്ടു പോവുകയും ചെയ്യും. ഇത് അവൻ പറഞ്ഞത്, ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പി ക്കാനാണ്. അതിനുശേഷം യേശു അവനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു (യോഹ. 21: 15–19) .


സഭയുടെ ശൈശവം മുതൽക്കുതന്നെ അഗ്രിമസ്ഥാന ത്ത്, ആരും ചോദ്യം ചെയ്യാത്ത നേതാവായിരുന്നു പത്രോസ്. അപ്പ സ്തോല നടപടികൾ അക്കാര്യം അടിവരയിടുന്നു. ആത്മഹത്യ ചെയ്ത ഒറ്റുകാരൻ യൂദാസിനു പകരക്കാരനെ കണ്ടെത്താനുള്ള യോഗത്തിൽ അധ്യക്ഷത വഹിക്കു ന്നതു പത്രോസാണ് (1:15–26). പെന്തക്കൊസ്തയുടെ അർത്ഥം വിവരിച്ചു നൽകുന്നത് പത്രോസ് തന്നെ (2:14–40) ദൈവാലയത്തിനു മുന്നിൽ മുടന്തനെ സുഖപ്പെടുത്തി യതു പത്രോസാണ് (3:1–10). വഞ്ച നകാട്ടിയ അനനിയാസിനും സഫീ റയ്ക്കും ശിക്ഷ വിധിച്ചതും മറ്റാരു മല്ല. (5:1–11). പരിഛേദനകർമ്മം കൂടാതെ തന്നെ കൊർണേലിയ സിനു ജ്ഞാനസ്നാനം നൽകി ക്കൊണ്ട് സഭയെ പുറജാതി കൾക്കും കൂടി തുറന്നിട്ടത് പാറ യായ പത്രോസ് തന്നെ (10: 9–48). സുവിശേഷം പ്രഘോഷിക്കുന്ന തിലും അത്ഭുതങ്ങളും അടയാള ങ്ങളും കാട്ടുന്നതിലും പുതുതായി രൂപപ്പെട്ട ക്രൈസ്തവ സമൂഹ ങ്ങളെ സന്ദർശിച്ച് വിശ്വാസത്തിൽ സുസ്ഥിരമാക്കുന്നതിലും അപ്പ സ്തോല പ്രമുഖൻ മുന്നിൽത്തന്നെ നിലകൊണ്ടു.

ഹെറോദേസ് അഗ്രിപ്പ ഒന്നാ മൻ അദ്ദേഹത്തെ പിടികൂടി കാരാ ഗൃഹത്തിൽ അടച്ചുവെങ്കിലും അത്ഭുതകരമായി അദ്ദേഹം മോചി തനായി (12: 1–17). ജറുസലെം കൗൺസിലിൽ അഗ്രിമസ്ഥാനം വഹിച്ച്, പുറജാതികൾക്ക് ഔദാര്യ പൂർണമായ നിലപാടുകൾ സഭ യിൽ കൊണ്ടുവന്നു (15:7–11). മാന സാന്തരപ്പെട്ട പൗലോസ്, യേശുവി നെക്കുറിച്ചുള്ള വിവരങ്ങൾ ആരാ യുന്നത് പത്രോസിൽ നിന്നാണ് (ഗ ലാ.1:18). അന്ത്യോക്യായിൽ വച്ച് പത്രോസിനോടു വിയോജിക്കാൻ നിർബന്ധിതനായ ഘട്ടങ്ങളിൽ പോലും പൗലോസ് അദ്ദേഹ ത്തോടു വലിയ ആദരവ് കാട്ടു ന്നുണ്ട് (ഗലാ. 2:11–14). പത്രോ സിന്റെ ശുശ്രൂഷ പ്രാഥമികമായും യഹൂദർക്കിടയിൽ ആയിരുന്നു (ഗ ലാ. 2:7) കൊറിന്ത്, ഏഷ്യമൈനർ, അന്ത്യോക്യാ തുടങ്ങി പുറജാതി കൾക്കു പ്രാമുഖ്യമുള്ള പ്രദേശങ്ങ ളിലും പത്രോസിനെ വീറുറ്റ ഒരു മിഷണറിയായി നാം കാണുന്നുണ്ട്. അക്കാര്യം രേഖപ്പെടുത്താൻ പൗലോസ് ശ്ലീഹ മടിച്ചിട്ടുമില്ല. (1 കൊറി :12, 1. പത്രോസ് 1:1, ഗലാ 2:11–14 തുടങ്ങിയവ കാണുക). പത്രോസിന്റെ ആദ്യവർഷങ്ങളും രക്തസാക്ഷിത്വവും റോമിൽ ആയി രുന്നു. കൊടുംക്രൂരനായ നീറോച ക്രവർത്തിയുടെ വാഴ്ചക്കാലത്ത്

(എ.ഡി.54–68) വിശുദ്ധ പത്രോസും പൗലോസും രക്തസാക്ഷിത്വം വഹിച്ചു എന്ന് ചരിത്രകാരൻ യൂസേബിയൂസ് രേഖപ്പെടുത്തുന്നു. എ.ഡി. 64–ൽ ആണ് ക്രൈസ്തവർക്കെതിരേ നീറോ കൊടിയ മർദ്ദനം ആരംഭിച്ചത്. പത്രോസിനെ കുരിശിൽ തറച്ചു കൊല്ലുകയായിരുന്നുവെന്ന് തെർത്തുല്യൻ (എ.ഡി.160–225) രേഖപ്പെടുത്തുന്നു. റോമൻ പൗരന്മാരെ കുരിശിൽ തറയ്ക്കാൻ പാടില്ല എന്ന നിയമം ഉണ്ടായിരുന്നതുകൊണ്ട് പൗലോസിനെ ശിരച്ഛേദം ചെയ്തു വധിക്കുകയായിരുന്നു.

വിശുദ്ധ പത്രോസ് മുതൽ ലിയോ ഒന്നാമൻ വരെ 50 പരിശുദ്ധ പിതാക്കന്മാരിൽ 46 പേരും വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവരാണ്. അവരെല്ലാം തന്നെ രക്തസാക്ഷികളുമാണ്. ആദ്യത്തെ 100 പാപ്പാമാരിൽ 63 പേർ വിശുദ്ധരത്രേ. ആദ്യം 150 പേരിൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട പാപ്പാമാർ 68 പേരാണ്. വിശുദ്ധ പത്രോസ് മുതൽ 1012 മെയ് 17 മുതൽ 1024 ഏപ്രിൽ 9 വരെ വാണ ബനഡിക്ട് 8–ാമൻ വരെയുള്ളവരുടെ കാര്യമാണിത്. ഇത്തരം കണക്കുകളിൽ താൽപര്യമുള്ളവർക്ക് *J.N.D.* കെല്ലിയുടെ ദി ഓക്സ്ഡ് ഡിക്ഷണറി ഓഫ് പോപ്പ്സ് എന്ന പുസ്തകം വായിക്കാം. "അമൂല്യവും അനിവാര്യവുമായ പേപ്പൽ ഹൂ ഇസ് ഹ്യൂ" എന്നാണ് ഗാർഡിയൻ പത്രം ഈ വരിഷ്ട്ര ഗ്രന്ഥത്തെ വിശേഷിപ്പിച്ചിട്ടുള്ളത്.

നാമിപ്പോൾ ലിയോ പതിനാലാമൻ പാപ്പായുടെ പരമാചാര്യ ശുശ്രൂഷയിൽ ആണെന്നതുകൊണ്ട് ലെയോമാരിലെ ഒന്നാമനെക്കുറിച്ചും പതിമൂന്നാമനെക്കുറിച്ചും എങ്കിലും പരാമർശിക്കേണ്ടതുണ്ട്. മഹാനായ വിശുദ്ധ ലിയോ ഒന്നാമന്റെ വാഴ്ചക്കാലം കർതൃവർഷം 440 ആഗസ്റ്റ്/സെപ്റ്റംബർ മുതൽ 461 നവംബർ 10 വരെയാണ്. ഡീക്കൻ ആയിരിക്കെത്തന്നെ സഭയിൽ വലിയൊരു താരമായി വളർന്നയാളാണ് ലിയോ ഒന്നാമൻ. 430–ൽ നെസ്തോറിയൻ പാഷണ്ഡതയ്ക്കെതിരെ സെലസ്റ്റിൻ ഒന്നാമൻ പാപ്പയ്ക്കു മുന്നറിയിപ്പു കൊടുക്കുന്നത് അദ്ദേഹമാണ്. പരിശുദ്ധ പിതാവായി തിരഞ്ഞെടുക്കപ്പെട്ടശേഷം മനിക്കേയൻ പാഷണ്ഡതയ്ക്കെതിരേ കർക്കശമായ നിലപാട് അദ്ദേഹം കൈക്കൊണ്ടു.



നൂറ്റിലയുടെ നേതൃത്വത്തിൽ ഹൂണന്മാർ റോമിലേക്ക് ഇരമ്പിയാർത്തുവന്നപ്പോൾ ആ പടയോട്ടം തടഞ്ഞതിന്റെ പേരിലാണ് ലിയോ ഒന്നാമൻ പാപ്പ ജനകീയമായി അറിയപ്പെടുന്നത്. എ.ഡി. 462 ൽ ആയിരുന്നു അത്. യുദ്ധതന്ത്രങ്ങൾക്കു സുപ്രസിദ്ധരും കൊടുംക്രൂരതകൾക്കു കുപ്രസിദ്ധരും ആയിരുന്നു ഹൂണന്മാർ. റോമിന്റെ പതനം സുനിശ്ചിതമായിരുന്നു. അവസാന അഭയം എന്ന നിലയ്ക്കാണ് ജനം പരിശുദ്ധ പിതാവിനെ ശരണം പ്രാപിച്ചത്. ലിയോ ഒന്നാമൻ പാപ്പാ രണ്ടും കൽപിച്ച് നൂറ്റിലയെ കാണാൻ പുറപ്പെട്ടു. തൂവെള്ള വസ്ത്രധാരിയായി പരിശുദ്ധ പിതാവ് നടുവിൽ. ഇരുവശവുമായി പ്രവിശ്യാ മേധാവികൾ ഉൾപ്പെടെയുള്ള ഉന്നത വൈദിക ഗണം. വെട്ടിത്തിളങ്ങുന്ന ചുവപ്പു വസ്ത്രങ്ങളാണ് അവർ അണിഞ്ഞിരുന്നത്. രക്തസാക്ഷിത്വ സന്നദ്ധതയുടെ വിളംബരമായിരുന്നു അത്. അതൊരു കാഴ്ചയായിരുന്നു! ആറ്റില അമ്പരന്നു പോയി!

"ആറ്റിലാ മടങ്ങിപ്പോകൂ." ഉറച്ച ശബ്ദത്തിൽ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടു. റോമിലേക്കു കടക്കാതെ ആറ്റിലയുടെ പട്ടാളം ഡാന്യൂസ് നദിക്കും അപ്പുറത്തേക്ക് മടങ്ങിപ്പോയി എന്നതു ചരിത്രം! പ്രോസ്പേർ എന്ന ചരിത്രകാരൻ ഈ സംഭവങ്ങൾ വിശദമായി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ആറ്റിലയുടെ പിന്മാറ്റത്തിന്റെ മൂന്നാംവർഷമാണ് ഈ ഡോക്കുമെന്റേഷൻ. അതായത് കർതൃവർഷം 455–ൽ. മാർപാപ്പ കൽപ്പിച്ചു, ആവശ്യപ്പെട്ടു, അഭ്യർത്ഥിച്ചു, യാചിച്ചു എന്നിങ്ങനെ ഈ സംഭവത്തിനു വ്യാഖ്യാന വകഭേദങ്ങളുണ്ട്. അതെന്തായാലും റോമിനെ ഒഴിവാക്കി ആറ്റില മടങ്ങിപ്പോയി എന്നതു വസ്തുത!

മഹാൻ എന്ന വിശേഷണം നൽകപ്പെട്ടിട്ടുള്ള മൂന്നു മാർപാപ്പമാരിൽ ഒന്നാമത്തെയാളാണ് വിശുദ്ധ ലിയോ ഒന്നാമൻ പാപ്പ. ഗ്രിഗറി ഒന്നാമനാണ് രണ്ടാമത്തെ ആൾ. മൂന്നാമൻ വിശുദ്ധ ജോൺപോൾ രണ്ടാമൻ. ബനഡിക്ട് പതിനാലാമൻ പാപ്പാ വിശുദ്ധ ലെയോ ഒന്നാമൻ പാപ്പയെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

ഏതർത്ഥത്തിലും ക്രാന്തദർശി ആയിരുന്നു പരിശുദ്ധ പിതാവ് ലിയോ പതിമൂന്നാമൻ. 1878 ഫെബ്രുവരി 20 മുതൽ 1903 ജൂലൈ 20 വരെ ആയിരുന്നു അദ്ദേഹത്തിന്റെ വാഴ്ചക്കാലം." ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ" എന്ന പ്രഖ്യാപനം ആ ദൂരക്കാഴ്ചയ്ക്ക് ഉത്തമ ദൃഷ്ടാന്തമാണ്. അതിന്റെ ചുവടുപിടിച്ച് അദ്ദേഹം 1886–ൽ ഇന്ത്യൻ ഹയരാർക്കി സ്ഥാപിച്ചു. വരാപ്പുഴ വികാരിയാത്ത് വരാപ്പുഴ അതിരൂപതയായി ഉയർത്തപ്പെട്ടത് അങ്ങനെയാണ്.

സഭയിൽ സാമൂഹ്യ പ്രബോധനങ്ങളുടെ പിതാവായി പരിശുദ്ധ പിതാവ് ലെയോ പതിമൂന്നാമൻ അറിയപ്പെടുന്നു. "തൊഴിലാളികളുടെ മാഗ്നാകാർട്ട" എന്ന് വാഴ്ത്തപ്പെടുന്ന റേരും നൊവാരും എന്ന ചാക്രിക ലേഖനമാണ് അതിനു പ്രദാന കാരണം. മതമേതെന്നു നോക്കാതെ, വിശ്വാസമോ വിശ്വാസരാഹിത്യമോ പരിഗണിക്കാതെ പണ്ഡിതന്മാർക്കായി വത്തിക്കാൻ ആർക്കൈവ്സ് തുറന്നുകൊടുത്തത് അദ്ദേഹമാണ്. 1883 ആഗസ്റ്റ് 18 നായിരുന്നു അത്. വ്യവസായ വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ പുറപ്പെടുവിച്ച ആ ചാക്രികലേഖനം ന്യായമായ കൂലി ഉൾപ്പെടെ തൊഴിലാളികളുടെ അവകാശങ്ങളെ നിർവചിക്കുന്നതിന് അടിവരയിടുകയും ചെയ്തു.

ആധുനിക കാലഘട്ടത്തിലെ മാർപാപ്പമാരുടെ ചരിത്രം ആരംഭിക്കുന്നത് ലിയോ പതിമൂന്നാമൻ പാപ്പയോടെയാണ് എന്ന് പറയാം. വിശുദ്ധ പത്താം പീയൂസ് (1903 ആഗസ്റ്റ് 4-1914 ആഗസ്റ്റ് 20), ബനഡിക്ട് പതിനഞ്ചാമൻ (1914 സെപ്റ്റംബർ 6-1922 ജനുവരി 22), പീയൂസ് പന്ത്രണ്ടാമൻ (1939 മാർച്ച് 2- 1958 ഒക്ടോബർ 9), വിശുദ്ധ ജോൺ 23-ാമൻ(ഒക്ടോബർ 28 1958-ജൂൺ 3 1963) വിശുദ്ധ പോൾ ആറാമൻ 23 ജൂൺ 1963- 6 ആഗസ്റ്റ് 1978), ധന്യനായ ജോൺ പോൾ ഒന്നാമൻ (26 ആഘസ്റ്റ് 1978-1978 സെപ്തംബർ 28), വിശുദ്ധ ജോൺപോൾ രണ്ടാമൻ (16 ഒക്ടോബർ 2005 ഏപ്രിൽ 2), ബെനഡിക്ട് പതിനാറാമൻ (19 ഏപ്രിൽ 2005- 28 ഫെബ്രുവരി 2013-ൽ സ്ഥാനത്യാഗം. 31 ഡിസംബർ 2022 ൽ മരണം), പോപ്പ് ഫ്രാൻസിസ് (13 മാർച്ച് 2013-21 ഏപ്രിൽ 2025), ലെയോ പതിനാലാമൻ (8 മെയ്, 2025....) എന്നിവരാണ് തുടർന്നു വരുന്നത്. ഇവരുടെ കാലഘട്ടത്തിൽ ലോകത്തിന്റെ മാർഗദീപവും മനസാക്ഷിയുമായി പേപ്പസി പരിണമിച്ചു. അതുകൊണ്ടു തന്നെ ഈ പാപ്പാമാരുടെ പരമാചാര്യ ശുശ്രൂഷയിലേക്ക് ഒരു എത്തിനോട്ടം അനിവാര്യമായിരിക്കുന്നു.

മോഡേനിസത്തിനെതിരെ പൊരുതിയ പാപ്പയാണ് വിശുദ്ധ പത്താംപീയൂസ്. പരിശുദ്ധ കുർബാന സ്വീകരിക്കാനുള്ള പ്രായം 10 വയസ്സായി കുറച്ചത് അദ്ദേഹമാണ്. കോൺക്ലേവിൽ ഓസ്ട്രിയ- ഹംഗറി ചക്രവർത്തി മാർക്കുണ്ടായിരുന്ന വീറ്റോ അധികാരം അദ്ദേഹം എടുത്തുകളഞ്ഞു. കറകളഞ്ഞൊരു സമാധാന ദൂതനായിരുന്നു ബനഡിക്ട് പതിനഞ്ചാമൻ. അദ്ദേഹം നടത്തിയ സമാധാനശ്രമങ്ങൾ വിജയിച്ചിരുന്നുവെങ്കിൽ ഒന്നാം ലോകമഹായുദ്ധം ഉണ്ടാകുമായിരുന്നില്ല. അതിന്റെ ഉപോൽപ്പന്നമായ രണ്ടാം ലോകമഹായുദ്ധവും ഉണ്ടാകുമായിരുന്നില്ല. രണ്ടാ മഹായുദ്ധങ്ങളും കാര്യമായി പരിമിതപ്പെടുകയെങ്കിലും ചെയ്യുമായിരുന്നു. 1922 ഫെബ്രുവരി മുതൽ 1939 ഫെബ്രുവരി 10 വരെ സഭയെ നയിച്ച പതിനൊന്നാം പീയൂസിനെ ശ്രദ്ധേയനാക്കുന്നത് കാത്തലിക് ആക്ഷൻ എന്ന അൽമായ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവനകളാണ്. 1929 ഫെബ്രുവരി 1-ന് ഒപ്പുവച്ച ലാറ്ററൻ കരാർ ആണ് മറ്റൊരു നേട്ടം. പൊന്തിഫിക്കൽ അക്കാദമിയുടെയും പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ ആർക്കിയോളജിയുടെയും സ്ഥാപകനാണ്.

കുപ്രചാരണങ്ങൾക്ക് ഇരയാവുകയും അങ്ങനെ ഏറെ തെറ്റിദ്ധരിക്കപ്പെടുകയും ചെയ്ത പാപ്പയാണ് പന്ത്രണ്ടാം പീയൂസ്. രണ്ടാം ലോകമഹായുദ്ധകാലത്ത് യഹൂദരെ രക്ഷിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ ഇസ്രയേൽ അറിഞ്ഞ് അംഗീകരിച്ചിട്ടുള്ളതാണ്. അപ്പസ്തോലിക അരമനയിൽ പോലും അദ്ദേഹം യഹൂദരെ ഒളിപ്പിച്ചു. "റൈറ്റിയസ് എമംഗ് ദ് നേഷൻസ്" ബഹുമതി നൽകിയാണ് ഇസ്രയേൽ അദ്ദേഹത്തെ ആദരിച്ചത്. പക്ഷേ സമീപകാലത്ത് പന്ത്രണ്ടാം പീയൂസിനെതിരെ വലിയ കുപ്രചാരണങ്ങൾ ഉണ്ടായി. ഹിറ്റ്ലറെയും നാത്സികളെയും അദ്ദേഹം വേണ്ടവിധം ചെറുത്തില്ലെന്നും അപലപിച്ചില്ലെന്നും പരോക്ഷമായി അനുകൂലിച്ചുവെന്നും ആരോപണങ്ങളുണ്ടായി. നിരീശ്വര കമ്മ്യൂണിസത്തിന്റെ ശക്തനായ എതിരാളിയായ അദ്ദേഹത്തെ താറടിച്ചത് സ്റ്റാലിന്റെ നിർദ്ദേശപ്രകാരം സോവിയറ്റ് യൂണിയന്റെ ചാരസംഘടനയായ *KGB* ആണെന്നും ഇല്ലാക്കഥകളും വ്യാജമായി നിർമ്മിച്ച ഫോട്ടോകളും ഇതിനു വ്യാപകമായി ഉപയോഗിച്ചുവെന്നു സോവിയറ്റ് കമ്മ്യൂണിസ്റ്റ് സാമ്രാജ്യത്തിന്റെ പതനത്തിനുശേഷം വെളിപ്പെട്ടിട്ടുണ്ട്. പക്ഷേ പന്ത്രണ്ടാം പീയൂസിനെ സംശയത്തിന്റെ നിഴലിൽ നിർത്താൻ തൽപ്പര കക്ഷികൾക്കു കഴിഞ്ഞു എന്നു പറയേണ്ടിയിരിക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കർദ്ദിനാൾമാരെ നിയമിച്ച അദ്ദേഹം കർദ്ദിനാൾ തിരുസംഘത്തിൽ ഇറ്റലിക്കാരുടെ സംഖ്യ മൂന്നിലൊന്നായി കുറച്ചു.

സഭയിൽ മാത്രമല്ല, ലോകചരിത്രത്തിലെ തന്നെ മഹാസംഭവങ്ങളിലൊന്നായ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ശിൽപ്പികളാണ് വിശുദ്ധരായ ജോൺ ഇരുപത്തിമൂന്നാമനും പോൾ ആറാമനും. പുഞ്ചിരിക്കുന്ന പാപ്പ എന്ന പേരുവീണ ജോൺപോൾ ഒന്നാമന്റെ പരമാചാര്യ ശുശ്രൂഷ 33 ദിവസം മാത്രമേ ദീർഘിച്ചുള്ളൂവെങ്കിലും സഭയിലും സമൂഹത്തിലും നന്മയുടെയും ലാളിത്യത്തിന്റെയും വഴി മരുന്നിടാൻ അദ്ദേഹത്തിന് കഴിഞ്ഞു. ലോകചരിത്രത്തെ കൈപിടിച്ചു നടത്തിയ മഹാരഥനാണ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ. എത്രയോ റെക്കോഡുകൾക്ക് ഉടമ. പ്രബോധന പ്രമുഖനായ ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ ഏറ്റവും വലിയ പ്രബോധനം ലോകത്തെ ഞെട്ടിച്ച അദ്ദേഹത്തിന്റെ സ്ഥാനത്യാഗമായിരുന്നു. ഫ്രാൻസിസ് പാപ്പയെ സംബന്ധിച്ച ഓർമ്മകൾ നമ്മുടെ ഉള്ളിൽ ചൂടോടുകൂടെ ഉണ്ട്. ലോകത്തിന്റെ മനസാക്ഷിയും മാർഗ്ഗദീപവും നന്മകളുടെ സംരക്ഷകരുമായി മാർപാപ്പമാർ മാറിയതിന്റെ തെളിവുകളാണ് ജോൺപോൾ രണ്ടാമന്റെയും ബനഡിക്ട് പതിനാറാമന്റെയും മഹചരമങ്ങളിൽ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നാം കണ്ട കാഴ്ചകൾ. എല്ലാ റോഡുകളും റോമിലേക്ക്. റോമാ സാമ്രാജ്യത്തിന്റെ പ്രതാപനാളുകളിൽ പരുവപ്പെട്ടു വന്ന ആ പഴഞ്ചൊല്ലാണ് ലെയോ പതിമൂന്നാമൻ പാപ്പയുടെ സ്ഥാനാരോഹണത്തിലും അന്വർത്ഥമായത്. വീവാ ഇൻ പാപ്പ.

# സാമൂഹിക നീതിയും പ്രേഷിത പ്രവർത്തനവും മുഖമുദ്രയാക്കി വലിയ മുക്കുവൻ



റവ. ഡോ. സ്റ്റീഫൻ ആലത്തറ

അമേരിക്കയിൽ നിന്നുള്ള 69 കാരനായ കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് മെയ്മാസം 8-ാം തീയതി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും വത്തിക്കാൻ സിറ്റിയുടെ രാഷ്ട്രത്തലവനുമായി തിരഞ്ഞെടുക്കപ്പെടുകയും മെയ്മാസം 18-ാം തീയതി സ്ഥാനാരോഹിതനാവുകയും ചെയ്തു. മുൻഗാമികളിൽ നിന്ന് ഏറെ വിഭിന്നമായി പത്രോസിന്റെ 256-ാമത് പിൻഗാമിയായി സഭയെ 1878 മുതൽ 1903 വരെ സഭയെ നയിച്ച ലെയോ പതിമൂന്നാമന്റെ പിൻഗാമിയായി ലെയോ പതിനാലാമൻ ആകാനാണ് അദ്ദേഹം ആഗ്രഹിച്ചത്.

സഭാചരിത്രത്തിൽ ഇതുവരെ 13 പാപ്പമാർക്ക് ലെയോ എന്ന് പേരുണ്ടായിരുന്നു. ലെയോ പതിനാലാമൻ പാപ്പ പുതിയതിന് തുടക്കം കുറിക്കാൻ അല്ല ആഗ്രഹിക്കുന്നത്. മറിച്ച്, ആയിരം വർഷത്തെ വിശ്വാസപരമ്പരയിലൊരു ഭാഗമാകാനാണ് ആഗ്രഹിക്കുന്നത്.

എന്തുകൊണ്ടാണ് താൻ ലെയോ എന്ന പേര് സ്വീകരിച്ചതെന്ന് പാപ്പ തന്നെ വ്യക്തമാക്കുന്നുണ്ട്. അത് ലെയോ പതിമൂന്നാമനെ അനുസ്മരിപ്പിക്കാനാണ്. നിർമ്മിത ബുദ്ധിയിലൂടെ ഉരുവാകുന്ന രണ്ടാം വ്യാവസായിക വിപ്ലവത്തിന്റെ ഈ കാലഘട്ടത്തിൽ ജീവനും മനുഷ്യമാഹാത്മ്യത്തിനും ഊന്നൽ നല്കുന്ന സാമൂഹിക പ്രബോധനങ്ങൾ നല്കാനായി, പ്രഥമ വ്യാവസായിക വിപ്ലവകാലത്ത് 'റേരും നൊവാരും' എന്ന രേഖയിലൂടെ ലോകത്തിന് വെളിച്ചം നൽകിയ ലെയോ 13-ാമനെ പിൻതുടരാൻ പാപ്പ തീരുമാനിക്കുകയായിരുന്നു.

**സാമൂഹിക പ്രബോധനത്തിന് ഊന്നൽ**

ആധുനിക ചരിത്രത്തിലെ ഏറ്റവും പ്രശസ്തനായ പാപ്പാമാരിൽ ഒരാളായിരുന്നു ലെയോ പതിമൂന്നാമൻ. 1891-ലെ പ്രസിദ്ധമായ റേരും നൊവാരും ചാക്രികലേഖനത്തിൽ, സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ, ന്യായമായ വേതനം, ട്രേഡ് യൂണിയൻ രൂപീകരണം എന്നിവ ഉൾപ്പെടുന്ന തൊഴിലാളികളുടെ അവകാശങ്ങൾക്കായുള്ള ആശയങ്ങൾ പരിശുദ്ധ പിതാവ് വിശദീകരിച്ചു. അതേസമയം സ്വതന്ത്ര സംരംഭക സാമ്പത്തിക ശാസ്ത്രവും സ്വത്തവകാശവും ഉൾപ്പെടുന്ന അവകാശങ്ങൾ വീണ്ടും ഉറപ്പിച്ചു. അനിയന്ത്രിതമായ സ്വതന്ത്ര വിപണി മുതലാളിത്തത്തെയും സോഷ്യലിസത്തെയും എതിർത്തുകൊണ്ട് അദ്ദേഹം മധ്യനിരയിൽ നടന്നു.

തൊഴിലാളി-മുതലാളി ബന്ധത്തിലെന്നപോലെ ദരിദ്രരാഷ്ട്രങ്ങളും സമ്പന്ന രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധത്തിലും നീതി നടപ്പിലാക്കുക എന്ന പ്രശ്നമുദിച്ചു. വ്യക്തികളിൽ നിന്ന് രാഷ്ട്രങ്ങളുടെ തലത്തിലേക്ക് ഈ പ്രശ്നം വളർന്നു. അതുകൊണ്ട്, പിൽക്കാല ചാക്രിക ലേഖനങ്ങളിൽ ആഗോളവ്യാപകമായ പ്രശ്നമായി സാമൂഹികപ്രശ്നത്തെ അപഗ്രഥിക്കുന്നു. യുദ്ധം, അഭയാർത്ഥി പ്രശ്നം, വർണവിവേചനം, ലോക സമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വം, നിരക്ഷരത, അവികസിതത്വം മുതലായവയെല്ലാം സാമൂഹിക പ്രശ്നങ്ങളായി. അവ ചാക്രികലേഖനങ്ങളുടെ വിഷയങ്ങളുമായി. സഭയുടെ സാമൂഹിക പ്രബോധനത്തിന് താൻ പ്രാധാന്യം നൽകുമെന്ന് പ്രഥമ ദിനത്തിൽതന്നെ ലെയോ പതിനാലാമൻ പാപ്പ വ്യക്തമാക്കിയിട്ടുണ്ട്.

**മരിയഭക്തിയിൽ ആഴപ്പെടുന്ന വിശ്വാസം**

സാമൂഹിക പ്രബോധനങ്ങൾ മാത്രമല്ല ലെയോ പതിമൂന്നാമൻ പാപ്പയുടെ മുഖമുദ്ര. സാർവ



ത്രിക സഭയെ മരിയ ഭക്തിയിൽ ഊട്ടിയുറപ്പിച്ച പാപ്പയാണ് ലെയോ പതിമൂന്നാമൻ. മരിയഭക്തിയേയും ജപമാലയേയും കുറിച്ച് അദ്ദേഹം പതിനൊന്ന് ചാക്രികലേഖനങ്ങൾ തന്നെ പ്രസിദ്ധീകരിച്ചു. മരിയ ഭക്തി തന്റെ ദൗത്യത്തിന്റെ ഭാഗമാണെന്ന് ലെയോ പതിനാലാമൻ പാപ്പയും വ്യക്തമാക്കുന്നുണ്ട്. ജപമാലയുടെ രാജ്ഞിയായ പൊംപൈ മാതാവിന്റെ തിരുനാൾ ദിനമായ മെയ് മാസം 8-ാം തീയതിയാണ് ലെയോ പതിനാലാമൻ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. പാപ്പ അന്നേദിവസം നടത്തിയ പ്രഥമ പ്രസംഗത്തിൽ മരിയഭക്തിയെക്കുറിച്ച് ഇപ്രകാരം പറഞ്ഞു:

"പോംപൈ മാതാവിന്റെ ദിനമാണ് ഇന്ന്. എപ്പോഴും നമ്മോടൊപ്പം നടക്കാനും നമ്മോട് ചേർന്നു നിൽക്കാനും തന്റെ മാധ്യസ്ഥ്യംകൊണ്ടും സ്നേഹംകൊണ്ടും നമ്മെ സഹായിക്കാനും ആഗ്രഹിക്കുന്നവളാണ് നമ്മുടെ മാതാവായ മറിയം. അതിനാൽ നിങ്ങളോടൊപ്പം പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പുതിയ ദൗത്യത്തിനു വേണ്ടിയും മുഴുവൻ സഭയ്ക്കു വേണ്ടിയും ലോകസമാധാനത്തിനു വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയായ മറിയത്തോട് അനുദിനം പ്രാർത്ഥിക്കാം.

**സുവിശേഷ പ്രഘോഷണം**

ലെയോ പതിമൂന്നാമൻ പാപ്പ സാർവത്രിക സഭയുടെ പ്രേഷിത പ്രവർത്തനത്തിന് പ്രത്യേകം ഊന്നൽ നൽകി. സുവിശേഷ പ്രഘോഷണം ഭാരതസഭയിൽ സജീവമാക്കുന്നതിനു വേണ്ടി 1886-ൽ അദ്ദേഹം സഭാ ഹൈരാർക്കി സ്ഥാപിച്ചു. വരാപ്പുഴ അതിരൂപതയടക്കം ഭാരതത്തിൽ 6 അതിരൂപതകളും 10 രൂപതകളും സ്ഥാപിച്ചു. 1887-ൽ സീറോ മലബാർ സഭയെ ലത്തീൻ ഭരണത്തിൽ നിന്ന് വേർപെടുത്തി കോട്ടയം തൃശ്ശൂർ വികാരിയാത്തുകൾ സ്ഥാപിച്ചു.

സഭ സ്വഭാവത്താലെ മിഷണറിയാണ്. അന്തിമ സന്ദേശമായി ഈശോ പറഞ്ഞു: "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക." ഈ ദൗത്യനിർവഹണം സഭയുടെ പരമപ്രധാനമായ കർത്തവ്യമാണെന്ന ഉറച്ച ബോദ്ധ്യം ലെയോ പതിമൂന്നാമന് ഉണ്ടായിരുന്നു. ഈ ദൗത്യങ്ങളുടെ പിൻഗാമിയാകാനാണ് ലെയോ പതിനാലാമൻ പാപ്പ ആഗ്രഹിക്കുന്നതെന്ന് ലെയോ എന്ന പേരിന്റെ തിരഞ്ഞെടുപ്പിലൂടെ അദ്ദേഹം വ്യക്തമാക്കുന്നു.

പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട മെയ് 8-ാം തീയതി വിശുദ്ധ പത്രോസിന്റെ ബസലിക്കയ്ക്ക് മുൻപിൽ തടിച്ചുകൂടിയ അനേകായിരങ്ങളേയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാധ്യമങ്ങളിലൂടെ തന്നെ ശ്രവിച്ച അനേകലക്ഷങ്ങളേയും അഭിസംബോധന ചെയ്ത് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ലെയോ പതിനാലാമൻ പാപ്പ വ്യക്തമാക്കുകയുണ്ടായി.

'എല്ലായ്പ്പോഴും സമാധാനവും നീതിയും തേടുന്ന, സുവിശേഷം പ്രഘോഷിക്കാനും മിഷനറിമാരായിരിക്കാനും ഭയമില്ലാത്ത, യേശുക്രിസ്തുവിനോട് വിശ്വസ്തതയുള്ള, സ്ത്രീ-പുരുഷന്മാരായി വർത്തിക്കുന്ന ഒരുമയുള്ള സഭയിൽ പത്രോസിന്റെ പിൻഗാമിയായിരിക്കാനും നിങ്ങളോടൊപ്പം നടക്കാനുമായി എന്നെ തിരഞ്ഞെടുത്ത എല്ലാ സഹോദര കർദ്ദിനാളന്മാർക്കും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.'

'നിങ്ങളോടൊപ്പം ഞാൻ ഒരു ക്രിസ്ത്യാനിയും നിങ്ങൾക്കു വേണ്ടി ഒരു മെത്രാനുമാണ്." എന്ന് പറഞ്ഞ വിശുദ്ധ അഗസ്റ്റിന്റെ മകനാണ് ഞാൻ. ഈയർത്ഥത്തിൽ, നമുക്കെല്ലാവർക്കും ഒരുമിച്ച് ദൈവം നമുക്കായി ഒരുക്കി വച്ചിട്ടുള്ള മാതൃരാജ്യത്തേക്ക് പ്രയാണം ചെയ്യാം.'

'ഒരു മിഷനറി സഭയായിരിക്കാൻ, പാലങ്ങളും സംഭാഷണങ്ങളും സൃഷ്ടിക്കുന്ന, ഈ ചത്വരം പോലെ എപ്പോഴും തുറന്ന കൈകളോടെ നമ്മുടെ സഹായവും സാന്നിധ്യവും സംഭാഷണവും സ്നേഹവും ആവശ്യമുള്ള ഏവരെയും സ്വീകരിക്കുന്ന ഒരു സഭയായിരിക്കാൻ നാം നിരന്തരം പരിശ്രമിക്കണം.'

**മിഷണറിയായ പാപ്പ**

ലെയോ പതിനാലാമൻ ദീർഘകാലമായി മിഷണറി ജീവിതം നയിച്ച പാപ്പയാണ്. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിന്റെ ജീവിതം മുഴുവൻ മിഷണറി പ്രവർത്തനത്തിന് സമർപ്പിതമായിരുന്നു. ലത്തീൻ അമേരിക്കയിലെ പെറുവിന്റെ വടക്കുപടിഞ്ഞാറൻ ഭാഗത്തുള്ള ചിക്ലായോ എന്ന രൂപതയിൽ അദ്ദേഹം 20 വർഷക്കാലം മിഷനറി പ്രവർത്തനം നടത്തി. സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളെ ശുശ്രൂഷിക്കുവാനായി കാൽനടയായോ കുതിരപ്പുറത്തോ ആണ് അദ്ദേഹം പോയിരുന്നത്. ദീർഘകാലം മിഷണറി ജീവിതം ആഴത്തിൽ അനുഭവിച്ച ഒരാൾ പത്രോസിന്റെ പിൻഗാമിയായി എന്നത് വലിയ കാര്യം തന്നെയാണ്.

ലെയോ പതിനാലാമൻ പാപ്പയുടെ തിരഞ്ഞെടുപ്പ് നമ്മെ പഠിപ്പിക്കുന്നത് സഭയിൽ ആരും വിദേശികളല്ല. അവരവരുടെ ജന്മസ്ഥലത്തിനല്ല വ്യക്തിത്വത്തിനാണ് പ്രാധാന്യം. അതാണ് കോൺക്ലേവിൽ പങ്കെടുത്ത കർദ്ദിനാൾമാർ വീണ്ടും ലത്തീൻ അമേരിക്കയിൽ നിന്ന് പാപ്പയെ തിരഞ്ഞെടുത്തത്. അവർ തിരഞ്ഞെടുത്തത് ഏറ്റവും അനുയോജ്യനായ വ്യക്തിയെയാണ്. കർദ്ദിനാൾ പ്രെവോസ്റ്റ് പൊതുജനങ്ങൾക്കിടയിൽ പ്രസിദ്ധനായിരുന്നില്ല. എന്നാൽ, അഗസ്തീനിയൻ സന്ന്യാസ സഭയുടെ തലവനും വത്തിക്കാനിലെ മെത്രാന്മാരുടെ കാര്യാലയത്തിന്റെ മേധാവിയുമായിരുന്നു. പാവപ്പെട്ടവരുടേയും സാധാരണക്കാരുടേയും ഇടയിൽ മിഷണറി പ്രവർത്തനം നടത്തിയ അഗസ്തീനിയൻ സന്യാസിയെ പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി 133 കർദ്ദിനാൾമാർ ആധുനിക കാലഘട്ടത്തിൽ തിരുസഭയെ നയിക്കാൻ പത്രോസിന്റെ പിൻഗാമിയായും ക്രിസ്തുവിന്റെ പ്രതിപുരുഷനുമായി തിരഞ്ഞെടുക്കുകയായിരുന്നു.






# മട്ടുപ്പാവിൽ വിരിഞ്ഞ പുഞ്ചിരി



ഫാ. എബിജിൻ അറക്കൽ

മട്ടുപ്പാവിൽ പുഞ്ചിരിപ്പൂ വിരിഞ്ഞു
രാവിൽ നിലാമഴ പെയ്തിറങ്ങി
ലോകം നന്മയുടെ പൂന്തോപ്പായി മാറി
എനിക്കു ചുറ്റും പൂക്കൾ പുഞ്ചിരിച്ചു.
കണ്ണുകൾ മട്ടുപ്പാവിൽ തങ്ങിനിന്നു!
വിസ്മയമായി ഒരു ശബ്ദം
കേൾക്കായി –
ഇതാ ! നമുക്കായി ഒരു പാപ്പാ !
സമാധാന ദൂതുമായി പാപ്പാ വന്നു.
വലിയ മുക്കുവന്റെ പിൻഗാമിയായി
നിർമ്മിതബുദ്ധി നിയന്ത്രിത
ലോകത്തിൽ
മാനവ മഹത്വം ഭൂവിൽ
പ്രഘോഷിക്കാൻ
ലെയോ പതിനാലാമൻ എന്ന നാമം ധരിച്ച്
അഗസ്റ്റിന്റെ മകനാണ് താനെന്നുരചെയ്ത്
പാലങ്ങൾ
നിർമ്മിച്ച്, ഹൃദയങ്ങൾ ചേർത്ത്
നെയ്തെടുത്ത ഒരൊറ്റ ജനതയാകാൻ
നമ്മെ ക്ഷണിച്ച് ലെയോ പതിനാലാമൻ
പാപ്പാ!
വിശുദ്ധ പത്രോസിൻ പാതയിൽ
തിരുസഭാ നൗകയെ
ആഴങ്ങളിൽ തുഴയെറിഞ്ഞേറെ ദൂരം
നയിച്ചിടാൻ
പ്രാർത്ഥനയേകണം അജഗണം നമ്മൾ
നിത്യവും.
സമാധാന ദൂതരാകണം,
ഐക്യത്തിനായ് പൊരുതണം
മനസ്സിലെ മട്ടുപ്പാവിൽ നന്മ പൂക്കൾ
വിരിഞ്ഞിടാൻ
പുണ്യവഴിയേ നാം നടക്കണം ചിരം
നീതിസൂര്യ ശോഭയിൽ ചരിക്കണം
പ്രത്യാശയിൽ.

# ഒരുമയുടെ പാലം പണിയാൻ ലെയോ പതിനാലാമൻ പാപ്പാ



*ജെക്കോബി*

'സമാധാനത്തിന്റെ പാലം പണിയുകയും എല്ലാവരെയും ആശ്ലേഷിക്കാനായി കരങ്ങൾ വിരിക്കുകയും ചെയ്യുന്ന' യേശുവിന്റെ സഭയെ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ നയിക്കാനുള്ള നിയോഗം ഏറ്റെടുത്തുകൊണ്ട്, അമേരിക്കക്കാരനായ അഗസ്റ്റീനിയൻ പാപ്പാ, ലെയോ പതിനാലാമൻ, വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ ആശീർവാദത്തിന്റെ മട്ടുപ്പാവിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടത് ലോകത്തിലെ മുഴുവൻ ജനങ്ങൾക്കും ഉത്ഥിതനായ ക്രിസ്തു വിന്റെ സമാധാനം നേർന്നുകൊണ്ടാണ്: "ലാ പാച്ചെ സിയാ കൊൺ തൂത്തി വോയ്!" (നിങ്ങൾക്ക് എല്ലാവർക്കും സമാധാനം!).

ഫ്രാൻസിസ് യുഗം അസ്തമിക്കുന്നില്ല. നമ്മുടെയെല്ലാം ജീവിതകാലത്ത്, ഭൂമുഖത്തെ കാരുണ്യ ശുശ്രൂഷയുടെ ഏറ്റവും വലിയ സുവിശേഷകനായിരുന്ന ഫ്രാൻസിസ് പാപ്പാ പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ റോമിലെ പേപ്പൽ ബസിലിക്കകളിൽ മാത്രമല്ല, ഇറ്റലിയിലെ ഏറ്റവും വലിയ തടവറകളിലൊന്നായ റെബിബിയ ജയിലിലും തുറന്നിട്ട വിശുദ്ധ വാതിൽ അടയാളപ്പെടുത്തുന്ന മഹാകൃപയുടെ നവീനാഖ്യാനം പൂർത്തിയാക്കേണ്ടത് കേവലം രണ്ടുവർഷം മുൻപ് തെക്കേ അമേരിക്കയിലെ പെറുവിൽ നിന്ന് ഫ്രാൻസിസ് പാപ്പാ റോമിലേക്ക് വിളിച്ചുവരുത്തിയ, യുഎസ്-പെറു ഇരട്ടപൗരത്വമുള്ള അറുപത്തൊമ്പതുകാരനായ കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് എന്ന അഗസ്റ്റീനിയൻ പ്രേഷിതനാണെന്ന്, ലോകത്തിലെ ഏറ്റവും പവിത്രവും രഹസ്യാത്മകവുമായ വോട്ടിങ് ചേംബർ എന്നു വിശേഷിപ്പിക്കപ്പെടുന്ന വത്തിക്കാനിലെ സിസ്തീന കപ്പേളയിൽ കർദിനാൾ ഇലക്തോർമാരുടെ എണ്ണത്തിലും വൈവിധ്യത്തിലും ചരിത്രം സൃഷ്ടിച്ച 133 അംഗ കോൺക്ലേവിന്റെ രണ്ടാം ദിനത്തിൽ മൂന്നാം റൗണ്ട് വോട്ടെടുപ്പിൽതന്നെ തീർപ്പായത് ലോകമാധ്യമങ്ങൾക്ക് തീർച്ചയായും ആശ്ചര്യകരമായിരുന്നു. എന്നാൽ ഫ്രാൻസിസ് പാപ്പാ തന്റെ പിന്തുടർച്ചക്കാരനെ തിരിച്ചറി യാൻ എത്രയെത്ര സൂചനകളാണ് നൽകിയിരുന്നത്!

നാല്പത്താറാം വയസിൽ അഗസ്റ്റീനിയൻ സമൂഹത്തിന്റെ (ഓർഡർ ഓഫ് സെന്റ് അഗസ്റ്റിൻ - ഒഎസ്എ) ആഗോള തലവനായി തിരഞ്ഞെടുക്കപ്പെട്ട് രണ്ടു ടേമുകളിലായി 12 വർഷം റോം കേന്ദ്രീകരിച്ച് പ്രവർത്തിച്ച മോൺ. പ്രെവോസ്റ്റിനെ സന്ന്യാസസമൂഹത്തിന്റെ തലപ്പത്തുനിന്ന് ഫ്രാൻസിസ് പാപ്പാ എപ്പിസ്കോപ്പൽ ദൗത്യത്തിനായി 'ലാറ്റിൻ അമേരിക്കയിലെ പോളണ്ട്' എന്നു വിശേഷിപ്പിക്കപ്പെടുന്ന പെറുവിലെ വടക്കൻ മേഖലയിൽ പസഫിക് തീരത്തെ ചിക്ലായോ രൂപതയിലെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി 2014 നവംബറിൽ നിയോഗിച്ചു. ഒരു മാസം കഴിഞ്ഞ്, ഗ്വാദെലൂപെ മാതാവിന്റെ തിരുനാളിന് മെത്രാനായി അദ്ദേഹം അഭിഷിക്തനായി. 'മി സെഗുന്താ പാത്രിയ' (എന്റെ രണ്ടാമത്തെ പിതൃഭൂമി) എന്ന് ബിഷപ് പ്രെവോസ്റ്റ് വിളിച്ച പെറു, 2005-ൽ അദ്ദേഹത്തിന് പൗരത്വം നൽകി. 2020 ഏപ്രിലിൽ പെറുവിലെ കയ്യാവ് രൂപതാ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായും അദ്ദേഹം നിയുക്തനായി. 2019 ജൂലൈയിൽ, വൈദികർക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലെ അംഗമായും, പിറ്റേക്കൊല്ലം മെത്രാന്മാർക്കായുള്ള ഡികാസ്റ്ററി അംഗമായും പാപ്പാ അദ്ദേഹത്തെ നിയോഗിച്ചു.



***കർദിനാളായി 19 മാസം***

രണ്ടു വർഷം മുൻപുവരെ, ലോകത്തിലെ 5,400 കത്തോലിക്കാ മെത്രാന്മാരിൽ ഒരാൾ മാത്ര മായിരുന്നു മോൺ. പ്രെവോസ്റ്റ്. മിഷൻ പ്രദേശങ്ങളി ലൊഴികെ ലോകത്തിലെ ലത്തീൻ റീത്ത് രൂപതകളിലെ മെത്രാന്മാരെ നിയമിക്കാനുള്ള നാമനിർദേശ ങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങ ളുടെ പ്രധാന ചുമതലയുള്ള, മെത്രാന്മാ ർക്കായുള്ള ഡികാസ്റ്ററി പ്രീഫെ ക്ടായി, സ്വന്തം രാജ്യത്തിനു വെളിയിൽ എട്ടുവർഷമായി മെത്രാൻ ശുശ്രൂഷ ചെയ്തുവന്ന ആ അമേരിക്കൻ പ്രേഷിതനെ നിയ മിച്ചുകൊണ്ട് 2023 ജനുവരിയിൽ റോമിലേക്ക് ഫ്രാൻസിസ് പാപ്പാ വിളിച്ചുവരുത്തിയത് റോമൻ കൂരിയാ ചരിത്രത്തിലെ മറ്റൊരു വഴിത്തിരിവായിരുന്നു. കാനഡയിൽ നിന്നുള്ള കർദിനാൾ മാർക് ക്വെല്ലെ 13 വർഷം നയിച്ച കാര്യാലയമാണത്. ഭൂമുഖത്തെ ഏറ്റവും വലിയ ക്രൈസ്തവ സമൂഹമായ കത്തോലിക്കരിൽ 40 ശതമാനവും വസിക്കുന്ന ലാറ്റിൻ അമേരിക്കയ്ക്കു വേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മിഷന്റെ പ്രസിഡന്റ് പദവും, അഗസ്റ്റീനിയൻ മിഷനറി വൈദികനായി റോമിൽ വച്ച് പട്ടമേറ്റനാൾ മുതൽ 20 വർഷത്തോളം പെറുവിൽ അജപാ ലനശുശ്രൂഷാ പരിചയമുള്ള ബിഷപ് പ്രെവോസ്റ്റിന് കർദിനാൾ ക്വെല്ലെ കൈമാറി.

ഡികാസ്റ്ററി പ്രീഫെക്ടാ യി ചുമതലയേൽക്കും മുൻപ്, 2023 ജനുവരിയിൽ ആർച്ച്ബിഷപ് എന്ന വ്യക്തിഗത പദവി ബിഷപ് പ്രെവോസ്റ്റിന് പാപ്പാ നൽകിയി രുന്നു. അക്കൊല്ലംതന്നെ സെ പ്റ്റംബറിലെ കൺസിസ്റ്ററിയിൽ കർദിനാൾ പദത്തിലേക്ക് ഉയർത്തി – വിശുദ്ധ മോനിക്ക യുടെ ഡയക്കനേറ്റിൽ സ്ഥാനിക ദേവാലയത്തിന്റെ ചുമതലയേറ്റത് 2024 ജനുവരിയിലാണ്. മെത്രാ ന്മാരുടെ ഡികാസ്റ്ററിയുടെ അധ്യക്ഷ പദത്തിനൊപ്പം റോമൻ കൂരിയാ യിലെ ഏഴ് ഡികാസ്റ്ററികളിലും – ആദ്യസുവിശേഷവത്കരണ ത്തിനും പുതിയ വ്യക്തിസഭ കൾക്കും വേണ്ടിയുള്ളത്, വിശ്വാസകാര്യങ്ങൾക്കായുള്ളത്, പൗരസ്ത്യ സഭകൾക്കായുള്ളത്, വൈദികർക്കായുള്ളത്, സമർപ്പിത ജീവിതത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും അപ്പസ്തോലിക ജീവിതത്തിനായുള്ള സൊസൈ റ്റികൾക്കും വേണ്ടിയുള്ളത്, വിദ്യാഭ്യാസത്തിനും സംസ്കാര ത്തിനുമായുള്ളത്, ലെജിസ്ലേറ്റീവ് ടെക്സ്റ്റുകൾ ക്കായുള്ളത് – വത്തിക്കാൻ സിറ്റി സ്റ്റേറ്റ് പൊന്തിഫിക്കൽ കമ്മിഷനിലും ഗവർണറേറ്റിലും അംഗത്വവും ഫ്രാൻസിസ് പാപ്പാ ഇതിനിടെ അദ്ദേഹത്തിനു നൽകി.

കോംഗോ ജനാധിപത്യ റിപ്പബ്ലിക്, തെക്കൻ സുഡാൻ, ഹംഗറി, പോർച്ചുഗൽ, മംഗോളിയ, ഫ്രാൻസ്, ഇന്തൊനീഷ്യ, പാപുവ ന്യൂഗിനി, കിഴക്കൻ തിമോർ, സിംഗപ്പൂർ, ലക് സംബർഗ്, ബെൽ ജിയം എന്നിവിടങ്ങളിലേക്കുള്ള അപ്പസ്തോലിക യാത്രകളിൽ ഫ്രാൻസിസ് പാപ്പായെ അദ്ദേഹം അനു ഗമിച്ചു. ബ്രോങ്കൈറ്റിസ് ബാധിച്ച് പാപ്പാ ഏറ്റവുമൊടു വിൽ ആശുപത്രിയിൽ പ്രവേശി ക്കുന്നതിന് ഒരാഴ്ച മുൻപാണ് കർദിനാൾമാരിലെ ഏറ്റവും ഉന്നതശ്രേണിയിലേക്ക് – കാർ



പ്തി

*കൊറോണ വൈറസ് മഹാമാരിക്കാലത്ത്, പ്രാണവായു കിട്ടാതെ ജനങ്ങൾ മരിച്ചുവീണ നാളുകളിൽ 'ഓക്സിജൻ ഓഫ് ഹോപ്' എന്ന പേരിൽ ലാംബെയെക് മേഖലയിൽ രണ്ടു മെഡിസിനൽ ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈ എടുത്തതും, ലോക്ഡൗൺ പ്രഖ്യാപനത്തിനു തൊട്ടു മുൻപ് ദിവ്യകാരുണ്യം വഹിക്കുന്ന അരുളിക്ക യുമായി അദ്ദേഹം വിജ നമായ നഗര വീഥികളി ലൂടെ രോഗികളെ ആശീർവദിച്ചുകൊണ്ട് ഒറ്റയ്ക്കു നടന്നുനീങ്ങി യതും നാടിന്റെ സംഘാത സ്മൃതിയിൽ മായാതെ കിടക്കുന്നു.*


ഡിനൽ ബിഷപ് – പ്രെവോസ്റ്റിനെ ഉയർത്തിയത്. മൂന്നു മാസം തികയുമ്പോഴേക്കും, ഇക്കഴിഞ്ഞ മേയ് എട്ടിന്, പോംപേയി മാതാ വിന്റെ തിരുനാളിൽ, അദ്ദേഹം പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു.

***സ്ഥാനമുദ്രയിലെ അഗസ്റ്റീനിയൻ പ്രതീകം***

ലെയോ പാപ്പായുടെ സ്ഥാനമുദ്രയിൽ പരിശുദ്ധ മാതാവിന്റെ പ്രതീകമായ ലില്ലിപ്പൂവിനൊപ്പം അഗസ്റ്റീനിയൻ സന്ന്യാസ സമൂഹത്തിന്റെ എംബ്ലം കൂടിയുണ്ട്: വിശുദ്ധഗ്രന്ഥവും അതിനു മീതെ അമ്പ് തറയ്ക്കപ്പെട്ട ഒരു ഹൃദയവും. "നിന്റെ വചനം കൊണ്ട് നീ എന്റെ ഹൃദയം തുളച്ചു" എന്ന വിശുദ്ധ അഗസ്റ്റിന്റെ പരിവർത്തനത്തിന്റെ ഏറ്റുപറച്ചിലിന്റെ തുടിക്കുന്ന സാക്ഷാത്കാരം. ദൈവ വചനഗ്രന്ഥവും ദൈവത്തിന്റെ ആത്മാവ് ഭേദിക്കുന്ന ഹൃദയവും, അതിൽ ജ്വലിക്കുന്ന വിശ്വാസവും പ്രത്യാശയും സ്നേഹവും അഗ സ്റ്റീനിയൻ ആധ്യാത്മികതയുടെ







സാരാംശമാണ്.

പെറുവിൽ മെത്രാനായി അഭിഷിക്തനായപ്പോൾ മോൺ. പ്രെവോസ്റ്റ് സ്വീകരിച്ച എപ്പിസ്കോപ്പൽ മോട്ടോ, 127-ാം സങ്കീർത്തനത്തെക്കുറിച്ചുള്ള വിശുദ്ധ അഗസ്റ്റിന്റെ ധ്യാനത്തിലെ, 'നമ്മൾ ക്രിസ്ത്യാനികൾ പലരാണെങ്കിലും, ഏക ക്രിസ്തുവിൽ നാം ഒന്നാണ്' എന്ന വരികളിലൂടെ ക്രിസ്തുവിന്റെ സഭയിലെ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ദൈവശാസ്ത്രപരമായ അടിത്തറ എടുത്തുകാട്ടുന്നു: *IN ILLO UNO UNUM (IN THE ONE, WE ARE ONE* അവനിൽ നാം ഒന്നാണ്). തന്റെ പൊന്തിഫിക്കൽ ശുശ്രൂഷയുടെ പ്രമാണവാക്യമായി ലെയോ പാപ്പാ ഇതുതന്നെ യാണ് സ്വീകരിച്ചിട്ടുള്ളത്.

ലെയോ പാപ്പാ തന്റെ ആദ്യ സന്ദേശത്തിൽ, "നിങ്ങൾക്ക് ഞാനൊരു മെത്രാനാണ്, നിങ്ങളോടൊപ്പം ഞാനൊരു ക്രിസ്ത്യാനിയും" എന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് "ദൈവം നമുക്കായി ഒരുക്കി യിട്ടുള്ള മാതൃരാജ്യത്തിലേക്ക് നമുക്ക് ഒരുമിച്ച് യാത്ര ചെയ്യാം" എന്ന് ആഹ്വാനം ചെയ്തത്.

സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ സെൻട്രൽ ലോജ്ജായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ലെയോ പാപ്പാ അണിഞ്ഞിരുന്ന സ്വർണക്കുരിശ്, ഫ്രാൻസിസ് പാപ്പായുടെ പഴയ സ്റ്റെർലിങ് സിൽവർ കുരിശു മാലയിലെ ക്രൂശിതരൂപത്തിൽ നിന്നു തികച്ചും വ്യത്യസ്തമായിരുന്നു.

അഗസ്റ്റീനിയൻ പാരമ്പര്യത്തിലെ വിശ്വാസസാക്ഷ്യത്തിന്റെ വലിയൊരു പ്രതീകമാണത്: വിശ്വസ്തത, നവീകരണം, സേവനം, രക്തസാക്ഷിത്വം എന്നീ അടിസ്ഥാന ദർശനങ്ങളുടെ പുണ്യസ്വരൂപം. വിശുദ്ധ അഗസ്റ്റിന്റെയും, വിശുദ്ധന്റെ അമ്മ വിശുദ്ധ മോനിക്കയുടെയും അസ്ഥിയുടെ തിരുശേഷിപ്പിനൊപ്പം, അഗസ്റ്റീനിയൻ പുണ്യകീർത്തിയുടെ സുകൃതങ്ങളുടെ പേരിൽ വണങ്ങപ്പെടുന്ന വില്ലനോവയിലെ വിശുദ്ധ തോമസ്, വാഴ്ത്തപ്പെട്ട ആൻസെൽമോ പൊളാൻകോ, ധന്യൻ ജുസെപ്പെ ബർത്തൊലോമിയോ മെനെക്കിയോ എന്നിവരുടെ തിരുശേഷിപ്പുകളും അടക്കംചെയ്തിട്ടുള്ളതാണ് ആ പെക്റ്ററൽ കുരിശുരൂപം. ആർച്ച്ബിഷപ് പ്രെവോസ്റ്റ് കർദിനാളായി ഉയർത്തപ്പെട്ടപ്പോൾ അഗസ്റ്റീനിയൻ ജനറൽ കൂരിയ സമ്മാനിച്ചതാണത്.


പരമ്പരാഗതമായി, പരിശുദ്ധ പാപ്പാമാരുടെ കൈയൊപ്പിൽ *'PP'* എന്ന വിശേഷണം ചേർക്കാറുണ്ട് - സാർവത്രിക സഭയുടെ പരമോന്നത അജപാലകൻ എന്നതിനെ അടയാളപ്പെടുത്തുന്ന 'പാസ്തർ പാസ്തോരും' (അജപാലകരുടെ അജപാലകൻ) എന്നതിന്റെ ചുരുക്കരൂപം.



ലെയോ പാപ്പായുടെ *'LEONE PP XIV'* (ലെയോ പതിനാലാമൻ) എന്ന കൈയൊപ്പിൽ ഇതുണ്ട്. ഫ്രാൻസിസ് പാപ്പാ പക്ഷേ, *FRANCISCUS* എന്നു മാത്രമാണ് തന്റെ കൈയൊപ്പായി കുറിച്ചിരുന്നത്. ഫ്രാൻസിസിന്റെ ലത്തീൻ രൂപം. തന്റെ കബറിടത്തിൽ ഫ്രാൻസിസ്കുസ് എന്നല്ലാതെ മറ്റൊന്നും എഴുതിവയ്ക്കരുതെന്ന് അദ്ദേഹം നിർദേശിക്കുകയും ചെയ്തിരുന്നു.

### *പിക്കപ്പ് ട്രക്ക് ഓടിച്ച മെത്രാൻ*

"മെത്രാൻ തന്റെ രാജ്യത്ത് ഒരു രാജകുമാരനായി വാഴേണ്ട യാളല്ല. ഒരു കൃത്രിമത്വവും കൂടാതെ, സഹജമായിത്തന്നെ വിനയാന്വിതനായിരിക്കേണ്ടയാളാണ് മെത്രാൻ. സേവകനായി ജനങ്ങളോട് അടുത്തുകഴിയുന്നയാൾ, അവരോടൊപ്പം നടക്കുകയും അവരോടൊപ്പം സഹിക്കുകയും വേദനി ക്കുകയും ചെയ്യുന്നയാൾ," കഴിഞ്ഞ വർഷം, സിനഡാത്മക സിനഡ് ജനറൽ അസംബ്ലിക്കു മുന്നോടി യായി നൽകിയ അഭിമുഖത്തിൽ മെത്രാന്മാരുടെ ഡികാസ്റ്ററിയുടെ പ്രീഫെക്ട് കർദിനാൾ പ്രെവോസ്റ്റ് പറഞ്ഞു.

പെറുവിലെ അഞ്ചാമത്തെ വലിയ നഗരമായ ചിക്ലായോയുടെ പ്രാന്തപ്രദേശങ്ങളിൽ, മലയോര മേഖലയിൽ ഒറ്റപ്പെട്ട ചെറുസമൂഹങ്ങളെ കാണാൻ കുതിരപ്പുറത്തേറി പോയിരുന്ന ബിഷപ് പ്രെ വോസ്റ്റ്, 2017-ലെ 'എൽ നീന്യോ കൊസ്തേരോ' ചുഴലിക്കാറ്റും മഹാപ്രളയവും തകർത്ത തീര പ്രദേശങ്ങളിൽ സൈന്യത്തിന്റെ സഹായത്തോടെ സഹായമെത്തിക്കാൻ റബർ ബൂട്ടുകളണിഞ്ഞ് ചളി നിറഞ്ഞ മലവെള്ളത്തിലൂടെ, നാട്ടുവഴികളിലൂടെ നടന്നു, കാരിത്താസിന്റെ പിക്കപ്പ് ട്രക്കുകൾ സ്വയം ഓടിച്ച് ദുരിതാശ്വാസകേന്ദ്രങ്ങളിൽ അവശ്യസാധനങ്ങൾ എത്തിക്കാൻ സഹായിച്ചു. ചൂടുള്ള അത്താഴം വിളമ്പുന്ന സൂപ്പ് കിച്ചനുകളും, ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ കുട്ടികളെ പരിപാലി ക്കാനുള്ള ശിശുപരിചരണകേന്ദ്രങ്ങളും, പ്രളയബാധിത മേഖലകൾക്കായി




പുനരധിവാസ പദ്ധതികളും അവശ്യനേരത്ത് ആരംഭിക്കാൻ അദ്ദേഹം നേതൃത്വം നൽകി.

കൊറോണ വൈറസ് മഹാമാരിക്കാലത്ത്, പ്രാണവായു കിട്ടാതെ ജനങ്ങൾ മരിച്ചുവീണ നാളുകളിൽ 'ഓക്സിജൻ ഓഫ് ഹോപ്' എന്ന പേരിൽ ലാംബെയെക് മേഖലയിൽ രണ്ടു മെഡിസിനൽ ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈ എടുത്തതും, ലോക്ഡൗൺ പ്രഖ്യാപന ത്തിനു തൊട്ടു മുൻപ് ദിവ്യകാരുണ്യം വഹിക്കുന്ന അരളിക്കയുമായി അദ്ദേഹം വിജനമായ നഗര വീഥികളിലൂടെ രോഗികളെ ആശീർവദിച്ചുകൊണ്ട് ഒറ്റയ്ക്കു നടന്നുനീങ്ങിയതും നാടിന്റെ സംഘാത സ്മൃതിയിൽ മായാതെ കിടക്കുന്നു.

ഇടതുപക്ഷത്തോട് ആഭിമുഖ്യമുള്ള വിമോചന ദൈവ ശാസ്ത്രത്തിന്റെ വക്താക്കളും, യാഥാ സ്ഥിതികപക്ഷത്തെ സൊഡാലിസ്യും ക്രിസ്ത്യാനെ വീത്തെ (ക്രൈസ്തവ ജീവിതത്തിന്റെ സൊഡാ ലിറ്റി) എന്ന അപ്പസ്തോലിക ജീവിതത്തിനായുള്ള അല്മായ മുന്നേറ്റക്കാർ ഉൾപ്പെടെയുള്ള അധികാര വർഗവും തമ്മിലുള്ള സംഘർഷങ്ങളിൽ അനുരഞ്ജ നത്തിന്റെയും സഹിഷ്ണുത യുടെയും സമാധാന ത്തിന്റെയും ദൂതനായി ബിഷപ് പ്രെവോസ്റ്റ് രംഗത്തിറങ്ങിയിരുന്നു. ലൈംഗികാതിക്രമങ്ങൾ, അധികാര ദുർവിനിയോഗം, സാമ്പത്തിക തിരിമറി, കാനോനിക നിയമലംഘനങ്ങൾ തുടങ്ങി നിരവധി ആരോപ ണങ്ങൾ തെളിയിക്കപ്പെട്ടതിനെ തുടർന്ന് ആ സൊഡാലിറ്റിയെ 2025 ഏപ്രിൽ മാസം വത്തിക്കാൻ പിരിച്ചുവിടു കയുണ്ടായി. സൊഡാലിറ്റിയുടെ നേതൃനിരയെ സംബന്ധിച്ച പരാതികൾ അവഗണിച്ച പെറുവി ലെ ഒരു ആർച്ച്ബിഷപ്പിനെ തിരെയും ഫ്രാൻസിസ് പാപ്പാ നടപടിയെടുത്തിരുന്നു. ലാറ്റിൻ അമേരിക്കയിലെ മറ്റു രാജ്യങ്ങളിലും യുഎസിലും മെക് സിക്കോയിലും മറ്റും പ്രവർത്തിച്ചുവന്ന ഈ പ്രസ്ഥാനത്തെ സംബന്ധിച്ച് അന്വേഷിക്കാൻ വത്തിക്കാൻ നിയോഗിച്ച ട്രൂത്ത് കമ്മിഷനിൽ ബിഷപ് പ്രെവോസ്റ്റ് അംഗമായിരുന്നു.

അദ്ദേഹം ചിക്ലായോ രൂപതയിൽ ചുമതലയേറ്റ നാളുകളിലാണ്, വെനസ്വേലയിലെ രാഷ്ട്രീയ പ്രതിസന്ധിയുടെ അനന്തരഫലമായി 15 ലക്ഷ ത്തോളം വെനസ്വേലൻ അഭയാർഥികൾ പെറുവിന്റെ വടക്കൻ മേഖലയിലേക്ക് ഒഴുകിയെത്തിയത്. ഈ അഭയാർഥികളെ സ്വീകരിക്കാനും സംരക്ഷിക്കാനും അവർക്ക് പെറുവിൽ കുടിയേറ്റക്കാരായി ജീവിക്കാനുള്ള നിയമപരിരക്ഷ ഉറപ്പാക്കാനുമായി ബൃഹത്തായ പദ്ധതികൾക്ക് ബിഷപ് പ്രെവോസ്റ്റ് രൂപം നൽകി.

പെറുവിലെ മെത്രാൻ സമിതിയുടെ സ്ഥിരം കൗൺസിലിൽ വൈസ് പ്രസിഡന്റും, വിദ്യാഭ്യാസ, സംസ് കാരിക കമ്മിഷൻ പ്രസിഡന്റുമായി ബിഷപ് പ്രെവോസ്റ്റ് പ്രവർത്തിച്ച കാലയളവിൽ, രാജ്യത്ത് നാല് പ്രസിഡന്റുമാർ തുടർച്ചയായി സ്ഥാനഭ്രഷ്ടരാക്കപ്പെട്ട രാഷ്ട്രീയ അസ്ഥിരതയുടെ നാളുകളിൽ, വ്യവസ്ഥാപിതമായ സ്ഥൈര്യത്തിന്റെ അടയാളമായി പ്രാദേശിക സഭയെ മാറ്റുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചു. 2022-ൽ തീവ്ര ഇടതുപക്ഷക്കാരനായ പ്രസിഡന്റ് പേദ്രോ കസ്തീല്ലോയുടെ അറസ്റ്റിനും പതനത്തിനും ഏതാനും ദിവസം മുൻപ്, പ്രെവോസ്റ്റ് ഉൾപ്പെടെയുള്ള മെത്രാൻ സമിതി ഒത്തുതീർപ്പിന് ശ്രമിക്കുകയുണ്ടായി. രാജ്യത്തെ തെക്കൻ മേഖലയിലെ അനധികൃത ഖനികൾ ക്കെതിരെ പ്രദേശവാസികൾ പ്രക്ഷോഭ ത്തിനിറങ്ങിയപ്പോൾ, പരിസ്ഥിതി സംരക്ഷണത്തിനായുള്ള നടപടികൾ ഉറപ്പാക്കിക്കൊണ്ട് സമാധാനം പുനഃസ്ഥാപിക്കു ന്നതിന് മാർഗരേഖയുണ്ടാ ക്കുന്നതിൽ ബിഷപ് പ്രെവോസ്റ്റിന് വലിയ പങ്കുണ്ടായിരുന്നു.

ലെയോ പാപ്പായ്ക്ക് ആശംസ നേർന്നുകൊണ്ട് പെറു പ്രസിഡന്റ് ഡീന ബൊലുവാർ ത്തെ കുറിച്ചു: "നമ്മുടെ നാട്ടിൽ, അദ്ദേഹം പ്രത്യാശ വിതച്ചു, ഏറ്റവും ദരിദ്രരായവരുടെ കൂടെ നടന്നു, നമ്മുടെ ജനങ്ങളുടെ സന്തോഷങ്ങൾ പങ്കിട്ടു. പെറുവിലേക്കുള്ള അദ്ദേഹത്തിന്റെ കടന്നുവരവ് കേവലം ഔപചാരികമായിരുന്നില്ല, ആഴത്തിലുള്ള ആത്മീയവും മാനുഷികവുമായ നിയോഗ മായിരുന്നു. നമ്മിൽ ഒരാളാകാനും, നമുക്കിടയിൽ ജീവിക്കാനും, ഈ രാജ്യത്തിന്റെ വിശ്വാസം, സംസ് കാരം, സ്വപ്നങ്ങൾ എന്നിവ തന്റെ ഹൃദയത്തിൽ വഹിക്കാനുമുള്ള നിയോഗം."

# ലെയോ പതിനാലാമൻ പാപ്പായുടെ ജീവിതരേഖ



**ബിജോയ് സിൽവേരി**

***ആദ്യകാല ജീവിതവും വിദ്യാഭ്യാസവും***

1955 സെപ്റ്റംബർ 14 ന്, ഇല്ലിനോയിസിലെ ചിക്കാഗോയിലെ ബ്രോൺസ്‌വില്ലെയ്ക്കു സമീപം മേഴ്സി ആശുപത്രിയിൽ ലൈബ്രേറിയനായ മിൽഡ്രഡ് (മാർട്ടിനെസ്) പ്രെവോസ്തിന്റെയും, രണ്ടാം ലോകമഹായുദ്ധത്തിലെ അമേരിക്കൻ നേവി വെറ്ററനും ഇല്ലിനോയിസിലെ ഗ്ലെൻവുഡിലുള്ള ബ്രൂക്ക്‌വുഡ് സ്കൂൾ ഡിസ്ട്രിക്റ്റ് 167-ന്റെ സൂപ്രണ്ടുമായ ലൂയിസ് മാരിയസ് പ്രെവോസ്തിന്റെയും മകനായി റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഇറ്റാലിയൻ, ഫ്രഞ്ച് വംശജനായിരുന്നു. അമ്മയുടെ പൂർവപിതാക്കൾ ആഫ്രിക്കൻ, ഫ്രഞ്ച്, സ്പാനിഷ് വംശജ രാണ്. പാപ്പായ്ക്ക് ലൂയിസ്, ജോൺ എന്നീ രണ്ട് മൂത്ത സഹോദരന്മാരുണ്ട്. അമ്മ മിൽഡ്രഡ് 1990 ജൂൺ 18-നും പിതാവ് ലൂയിസ് 1997 നവംബർ 8-നും മരിച്ചു.

ഷിക്കാഗോയ്ക്കടുത്തുള്ള ഇല്ലിനോയിസിലെ ഡോൾട്ടണിൽ വളർന്ന പ്രെവോസ്ത് സെന്റ് മേരി ഓഫ് ദി അസംപ്ഷൻ പള്ളിയിൽ ഒരു അൾത്താര ബാലനായി സേവനമനുഷ്ഠിച്ചു. 1973-ൽ മിഷിഗണിലെ ഹോളണ്ടിലെ ഫെൽറ്റ് മാൻഷനിലെ മൈനർ സെമിനാരിയായ സെന്റ് അഗസ്റ്റിൻ സെമിനാരി ഹൈസ്കൂളിൽ നിന്ന് സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി. മികച്ച അക്കാദമിക് റെക്കോർഡാണ് അദ്ദേഹത്തിന്റേത്. ഇയർബുക്ക് എഡിറ്റർ-ഇൻ-ചീഫ്, സ്റ്റുഡന്റ് കൗൺസിൽ സെക്രട്ടറി, നാഷണൽ ഓണർ സൊസൈറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. പ്രസംഗങ്ങ ളിലും സംവാദങ്ങളിലും സജീവമായി പങ്കെടുത്തു.

1977-ൽ വില്ലനോവ സർവകലാശാലയിൽനിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം നേടി. 1982-ൽ ചിക്കാഗോയിലെ കാത്തലിക് തിയോളജിക്കൽ യൂണിയനിൽ നിന്ന് ബിരുദാനന്തര ബിരുദവും, റോമിലെ സെന്റ് തോമസ് അക്വിനാസിന്റെ പൊന്തിഫിക്കൽ സർവകലാശാലയിൽ നിന്ന് കാനൻ നിയമത്തിൽ ബിരുദവും, കാനൻ നിയമത്തിൽ ഡോക്ടറേറ്റും (1987) നേടി. 'സെന്റ് അഗസ്റ്റിൻ സഭയിൽ ലോക്കൽ പ്രിയോറിന്റെ പങ്ക്' എന്നായിരുന്നു അദ്ദേഹത്തിന്റെ ഡോക്ടറൽ പ്രബന്ധം. 2014-ൽ വില്ലനോവ സർവകലാശാല അദ്ദേഹത്തിന് ഓണററി ഡോക്ടർ ഓഫ് ഹ്യുമാനിറ്റീസ് ബിരുദം നൽകി ആദരിച്ചു.

പൗരോഹിത്യം

ചെറുപ്പം മുതലേ പൗരോഹിത്യത്തിനായുള്ള ആഗ്രഹം പാപ്പയ്ക്കുണ്ടായിരുന്നുവെന്ന് പ്രെവോസ്തിന്റെ സഹോദരൻ ജോൺ വ്യക്തമാക്കുന്നു. 1977 സെപ്റ്റംബറിൽ, മിസ്സോറിയിലെ സെന്റ് ലൂയിസിലെ കോംപ്റ്റൺ ഹൈറ്റ്സിലെ ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ പള്ളിയിൽ താമസിച്ചുകൊണ്ട് അദ്ദേഹം ഓർഡർ ഓഫ് സെന്റ് അഗസ്റ്റിനിൽ ചേർന്നു. 1978 സെപ്റ്റംബറിൽ അദ്ദേഹം തന്റെ ആദ്യ വ്രതങ്ങൾ സ്വീകരിച്ചു, 1981 ഓഗസ്റ്റിൽ വിശുദ്ധ വ്രതങ്ങൾ സ്വീകരിച്ചു.

1982 ജൂൺ 19-ന് റോമിൽ ആർച്ച്ബിഷപ് ജീൻ ജാഡോട്ടിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. കാത്തലിക് തിയോളജിക്കൽ യൂണിയനിലെ പഠനകാലത്ത് ചിക്കാഗോയിലെ സെന്റ് റീത്ത ഓഫ് കാസിയ ഹൈസ്കൂളിൽ ഭൗതികശാസ്ത്ര, ഗണിത അധ്യാപകനായി സേവനമനുഷ്ഠിച്ചു.

***മിഷനറി പ്രവർത്തനം***

1985-ൽ അദ്ദേഹം പെറുവിലെ അഗസ്തീനിയൻ മിഷനിൽ ചേർന്നു. ചുലുക്കാനാസ് ടെറിട്ടോറിയൽ പ്രെലേച്ചറിന്റെ (19851986) ചാൻസലറായി സേവനമനുഷ്ഠിച്ചു. 1988-ൽ ഒരു ദശാബ്ദക്കാലം ട്രൂജില്ലോയിലെ അഗസ്തീനിയൻ സെമിനാരിയുടെ തലവനായും, രൂപതാ സെമിനാരിയിൽ കാനോൻ നിയമം പഠിപ്പിച്ചും, പഠനങ്ങളുടെ പ്രിഫെക്റ്റായും, പ്രാദേശിക സഭാ കോടതിയിൽ ജഡ്ജിയായും, നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള സഭയെ നയിച്ചും പ്രവർത്തിച്ചു.

1998-ൽ പ്രെവോസ്റ്റ് ചിക്കാഗോ ആസ്ഥാനമായുള്ള ഓർഡർ ഓഫ് സെന്റ് അഗസ്റ്റിൻസ് പ്രൊവിൻസ് ഓഫ് ഔർ മദർ ഓഫ് ഗുഡ് കൗൺസിലിന്റെ പ്രൊവിൻഷ്യലായി തിരഞ്ഞെ

ടുക്കപ്പെട്ടു. 1999 മാർച്ച് 8-ന് ആ ചുമതല ഏറ്റെടുത്തു.


### *സെന്റ് അഗസ്റ്റിൻ ഓർഡർ ഓഫ് പ്രിയർ ജനറൽ*

2001-ൽ സെന്റ് അഗസ്റ്റിൻ ഓർഡറിന്റെ പ്രിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട പ്രെവോസ്ത്, 2013 വരെ സേവനമനുഷ്ഠിച്ചു. 2013 മുതൽ 2014 വരെ, പ്രെവോസ്ത് ചിക്കാ =ഗോയിലെ സെന്റ് അഗസ്റ്റിൻ കോൺവെന്റിൽ രൂപീകരണ ഡയറക്ടറായും ഔർ മദർ ഓഫ് ഗുഡ് കൗൺസിൽ പ്രവിശ്യയുടെ ആദ്യ കൗൺസിലറായും പ്രവിശ്യാ വികാരിയായും സേവനമനുഷ്ഠിച്ചു.

### *ചിക്ലയോ ബിഷപ്പ്*

2014 നവംബർ 3-ന് ഫ്രാൻസിസ് പാപ്പ പ്രെവോസ്തിനെ ചിക്ലായോ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും സുഫാറിന്റെ നാമകരണ ബിഷപ്പായും നിയമിച്ചു. 2014 ഡിസംബർ 12-ന് ചിക്ലായോയിലെ സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് അദ്ദേഹം സ്ഥാനാരോഹണം ചെയ്തു. 2015 സെപ്റ്റംബർ 26-ന് അദ്ദേഹത്തെ ചിക്ലായോയിലെ ബിഷപ്പായി നിയമിച്ചു. ഒരു നയതന്ത്ര ഉടമ്പടി പ്രകാരം, ബിഷപ്പാകുന്നതിന് മുമ്പ് പ്രെവോസ്ത് പെറുവിയൻ പൗരത്വം നേടി.

2019 ജൂലൈ 13-ന് പ്രെവോസ്തിനെ വൈദികർക്കായുള്ള സഭയിലെ അംഗമായി നിയമിച്ചു. 2020 ഏപ്രിൽ 15-ന് അദ്ദേഹം കാലാവോയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി. 2020 നവംബർ 21-ന് അദ്ദേഹം ബിഷപ്പുമാർക്കായുള്ള സഭയിൽ ചേർന്നു. പെറുവിലെ എപ്പിസ്കോപ്പൽ സമ്മേളനത്തിനുള്ളിൽ അദ്ദേഹം സ്ഥിരം കൗൺസിലിൽ (2018-2020) സേവനമനുഷ്ഠിക്കുകയും 2019-ൽ അതിന്റെ വിദ്യാഭ്യാസ-സാംസ്കാരിക കമ്മീഷന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.



### *ബിഷപ്പുമാർക്കുള്ള ഡികാസ്ട്രിയും കർദ്ദിനാൾ സ്ഥാനക്കയറ്റവും*

2023 ജനുവരി 30-ന് ചിക്ലായോയിലെ ആർച്ച്ബിഷപ്പ്-ബിഷപ്പ് എമെറിറ്റസ് എന്ന പദവിയോടെ ബിഷപ്പുമാർക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീവോസ്റ്റ് പ്രീഫെക്റ്റായി ഫ്രാൻസിസ് പാപ്പ നിയമിച്ചു. 2023 സെപ്റ്റംബർ 30-ന്, റോമിലെ സാന്താ മോണിക്ക ഡെഗ്ലി അഗോസ്റ്റിനിയാനിയുടെ കർദ്ദി നാൾ-ഡീക്കനായി നിയമനം. പ്രീഫെക്റ്റ് എന്ന നിലയിൽ, ലോകമെമ്പാടുമുള്ള എപ്പിസ്കോപ്പൽ സ്ഥാനാർത്ഥികളെ വിലയിരുത്തുന്നതിലും ശുപാർശ ചെയ്യുന്നതിലും അദ്ദേഹം നിർണായക പങ്ക് വഹിച്ചു.

2025 ഫെബ്രുവരി 6-ന് ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ കർദ്ദിനാൾ-ബിഷപ്പായി സ്ഥാനക്കയറ്റം നൽകി, അൽബാനോയിലെ സബർബിക്കേറിയൻ രൂപതയുടെ നാമകരണ ബിഷപ്പായി നിയമിച്ചു

### *വലിയ ഇടയൻ*

2025 മെയ് 8 ന് 2025 ലെ പാപ്പൽ കോൺക്ലേവിൽ ഫ്രാൻസിസ് പാപ്പയുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു. നാലാം റൗണ്ട് വോട്ടെടുപ്പിൽ നടന്ന അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് അംഗീ കരിച്ച ശേഷം, സിസ്റ്റൈൻ ചാപ്പലിൽ നിന്ന് പുറത്തുകടക്കുമ്പോൾ പ്രെവോസ്ത് സഹ കർദ്ദിനാൾമാരെ ആലിംഗനം ചെയ്തു.

സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മട്ടുപ്പാവിൽനിന്ന് പ്രോട്ടോഡീക്കനായ കർദ്ദിനാൾ ഡൊമി നിക് മാംബർട്ടി പുതിയ പാപ്പായെ പ്രഖ്യാപിച്ചു. പരമ്പരാഗത പേപ്പൽ വസ്ത്രങ്ങളിലാണ് പ്രെവോസ്ത് പ്രത്യക്ഷപ്പെട്ടത്. തുടർന്ന് അദ്ദേഹം ഇറ്റാലിയൻ, സ്പാനിഷ് ഭാഷകളിൽ തന്റെ ആദ്യ പ്രസംഗം നടത്തി. ലാറ്റിനിൽ ഉർബി എറ്റ് ഓർബി അനുഗ്രഹം നൽകി. വത്തിക്കാൻ അദ്ദേഹത്തെ സെന്റ് അഗസ്റ്റിൻ ക്രമത്തിൽ നിന്നുള്ള ആദ്യത്തെ പാപ്പയെന്നും അമേരിക്കൻ ഭൂഖണ്ഡത്തിൽ നിന്നുള്ള രണ്ടാമത്തെ പോപ്പെന്നും (ഫ്രാൻസിസ് പാപ്പയ്ക്കു ശേഷം) വിശേഷിപ്പിച്ചു. പ്രെവോസ്ത് അമേരിക്കയിൽ ജനിച്ച ആദ്യത്തെ പാപ്പ കൂടിയാണ്. പെറുവിലെയും അമേരിക്കയിലെയും പൗരനു മാണ് (ഇരട്ട പൗരത്വം വഴി). പന്ത്രണ്ടാം നൂറ്റാണ്ടിൽ അഡ്രിയൻ നാലാമനുശേഷം ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു രാജ്യത്ത് നിന്നുള്ള ആദ്യത്തെ പാപ്പ, ലിയോ പതിമൂന്നാമൻ (ഭരണകാലം 1878-1903) മുതൽ ലിയോ എന്ന് നാമകരണം ചെയ്ത ആദ്യത്തെ പാപ്പ, രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ജനിച്ച ആദ്യ പാപ്പ എന്നീ വിശേഷണങ്ങളും അദ്ദേഹത്തിനുണ്ട്.

# ലെയോ വെറുമൊരു പേരല്ല: ചിക്കാഗോ-പെറു-വത്തിക്കാൻ റൂട്ട്മാപ്പ്!



ഡോ. മാർട്ടിൻ ശങ്കൂരിക്കൽ

“കോൺക്ലേവിലേക്ക് പോപ്പ് ആയി കയറുന്നവർ കർദ്ദിനാൾ ആയി തിരിച്ചുവരും” എന്ന ചൊല്ലിനെ അർത്ഥവത്താക്കുന്ന ഒരു തെരഞ്ഞെടുപ്പാണ് പോപ്പ് ലെയോ പതിനാലാമന്റെ തെരഞ്ഞെടുപ്പ്. സ്ഥാനാർത്ഥികൾ പലരുണ്ടായിരുന്നു മാധ്യമങ്ങൾക്ക്. എന്നാൽ ദൈവം പുതിയ മാർപാപ്പയെ രൂപപ്പെടുത്തിയ വഴികൾ വിചിത്രങ്ങളാണ്. ആ റൂട്ട്മാപ്പ് ഒന്ന് ശ്രദ്ധിച്ചാൽ അത് വെളിവാകും. മുതലാളിത്തത്തിന്റെ ചിക്കാഗോയിൽ നിന്ന് സോഷ്യലിസ്റ്റ് പെറു വഴി ലോകത്തിന്റെ ധാർമ്മിക തലസ്ഥാനമായ വത്തിക്കാനിലേക്ക്!

താൻ ആരാണെന്ന് പത്രക്കാർ ചോദിച്ചപ്പോൾ ഫ്രാൻസിസ് പാപ്പ പറഞ്ഞ മറുപടി “ദൈവത്തിന്റെ കാരുണ്യം കിട്ടിയ ഒരു പാപി” എന്നാണ്. പുതിയ പാപ്പയോട് ഇതേ ചോദ്യം ചോദിക്കുമ്പോൾ അദ്ദേഹം പറയും: “ഞാൻ അടിസ്ഥാനപരമായി ഒരു മിഷനറിയാണ്. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അംബാസഡർ.” നാല് സുവിശേഷങ്ങൾ എഴുതപ്പെട്ടു. അഞ്ചാമത്തേത് എന്റെയും നിന്റെയും ജീവിതം കൊണ്ട് എഴുതപ്പെടേണ്ടതാണെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്ന സുവിശേഷത്തിന്റെ സ്ഥാനപതി!

‘

‘എല്ലായിടത്തും സുവിശേഷം പ്രഘോഷിക്കുക; ആവശ്യമുള്ളപ്പോൾ മാത്രം വാ തുറക്കുക” എന്ന് സഹ സന്ന്യാസിയായ ലെയോയെ ഓർമ്മിപ്പിക്കുന്ന അസീസിയിലെ ഫ്രാൻസിസിനും അത് നെഞ്ചിലേറ്റിയ പുതിയകാലത്തെ ലെയോയും! ദൈവത്തിന്റെ നിസ്വരെ (*God's Pauper*) സൃഷ്ടിക്കുന്ന കസാൻ ദ് സാക്കീസിന് മരണമല്ല; അയാളുടെ തൂലികയിലേക്ക് മഷി നിറച്ച് കൊടുക്കുന്ന വിശ്വകർമാവിനും! ഫ്രാൻസിനും ലെയോക്കും തുടർച്ചകൾ ഉണ്ടാവുകയാണ്.



### *ലെയോ വെറുമൊരു പേരല്ല!*

ഒരു പേരിൽ എന്തിരിക്കുന്നു എന്ന് ചോദിച്ചത് ഷേക്സ്പിയറാണ്. എന്നാൽ മാർപാപ്പ സ്വീകരിച്ച ലെയോ എന്ന പേര് പല രീതികളിലും പ്രസക്തമാണ്. വ്യവസായ വിപ്ലവാനന്തര കാലത്ത് തൊഴിലാളികളെ ഓർത്ത ഒരു ലെയോ പതിമൂന്നാമൻ നമുക്കുണ്ടായിരുന്നു. വ്യവസായ വിപ്ലവത്തിന്റെ കാലത്ത് യന്ത്രവൽകരിക്കപ്പെട്ട ജീവിതങ്ങളെ മനുഷ്യാന്തസ്സിലേക്ക് തിരികെ കയറ്റിയ ഒരാൾ! റേരും നൊവാരും എന്ന സാമൂഹിക ചാക്രിക ലേഖനം വഴി തൊഴിലാളികളുടെയും പാവപ്പെട്ടവരുടേയും മനുഷ്യാന്തസ്സും അവകാശങ്ങളും ഉയർത്തിപ്പിടിച്ച് ഇടതുപക്ഷത്തെപ്പോലും അതിശയിപ്പിച്ച നല്ലിടയൻ! ആ പേര് സ്വീകരിച്ച ശേഷം പുതിയ പാപ്പ പറഞ്ഞ എല്ലാ സംഭാഷണങ്ങളിലും മുഴങ്ങിക്കേട്ടത് നീതി എന്ന ആശയമാണ്. “ഓരോരുത്തനും അർഹതപ്പെട്ടത് നൽകുക” എന്നതാണല്ലോ നീതിബോധത്തിന്റെ ആധാരശില. “നീതി ജലംപോലെ ഒഴുകട്ടെ” എന്നു പറഞ്ഞ ആമോസിന്റെ പ്രവാചകബോധത്തിന്റെ പിന്മുറക്കാരന് സഭയിലും സമൂഹത്തിലും തൊണ്ടയിൽ നിലവിളി കുരുങ്ങിപ്പോയ പലർക്കും ഭാഷ നൽകാനുണ്ട്; കൂനിപ്പോയ പല സ്ത്രീകളെയും (ലൂക്ക 13:10–17) നിവർത്തി നിർത്താനുണ്ട്. നിശ്ശബ്ദരാക്കപ്പെട്ടവർക്ക് വാക്കിന്റെ വരം കൊടുക്കാനുണ്ട്! ചില ശക്തന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടാനുണ്ട്.

### *ചെളിപിടിച്ച ഷൂസും ചുവന്ന ഷൂസും*


ചെളിപിടിച്ച ഒരു ഷൂസും ധരിച്ച്

വെള്ളപ്പൊക്കമുള്ള ഒരു പ്രദേശത്ത് സേവനം ചെയ്യുന്ന കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിന്റെ ഒരു ഫോട്ടോ കാണാനിടയായി. "*A Pope in a Muddy Boots*" എന്നതായിരുന്നു ഈ ചിത്രത്തിന്റെ തലക്കെട്ട്. മാർപാപ്പയായപ്പോൾ ചുവന്ന ഷൂസ് ധരിക്കാൻ അദ്ദേഹം വിസമ്മതിച്ചെന്ന വാർത്ത ഇതോടൊപ്പം കൂട്ടിവായിക്കണം. കോൺക്ലേവ് കഴിഞ്ഞിറങ്ങിയ ഒരു അമേരിക്കൻ കർദ്ദിനാൾ അഭിപ്രായപ്പെട്ടത് ഇങ്ങനെയാണ്: "*He was the "least American of the American Cardinals*." പെറു എന്ന ദരിദ്ര രാജ്യത്ത് ഇരുപത് വർഷത്തോളം മിഷണറിയായി ജീവിച്ച ഒരാൾക്ക് ആ ചുവന്ന ഷൂസ് പാകമാകില്ല. ആളുകൾ കണ്ടാൽ ചിരിക്കുന്ന ഫാൻസി ഡ്രസ്സുകളും കോമാളി തൊപ്പികളും ധരിക്കുന്ന ആത്മീയനേതാക്കൾ കണ്ടുപഠിക്കണം ഈ മാതൃക!


### *അഗസ്റ്റിനെ ഉദ്ധരിച്ച് ജെ.ഡി. വാൻസിനെ തിരുത്തിയ അഗസ്റ്റീനിയൻ!*


സെന്റ് അഗസ്റ്റിന്റെ ദൈവ നഗരം (*The City of God*) എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്ന ഛൃറീ മാീൃശ (*order of Love*) എന്ന ആശയത്തെ തെറ്റായി വ്യാഖ്യാനിച്ച് കുടിയേറ്റ വിരുദ്ധതയെ അനുകൂലിച്ചു. കത്തോലിക്കൻ എന്നഭിമാനിക്കുന്ന അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് ആദ്യം അടുത്തുള്ളവരെ സ്നേഹിക്കാനാണ് അഗസ്റ്റിൻ പറയുന്നതെന്നാണ് എഴുതിയത്. ഡാനിഷ് തത്ത്വചിന്തകനായ സോറൻ കീർക്കഗോൾ എഴുതിയത് വാൻസിന്റെ കാര്യത്തിൽ സത്യമായി: "ഇന്ന് ക്രിസ്തു ഒറ്റിക്കൊടുക്കപ്പെടുന്നത് ചുംബനങ്ങൾ കൊണ്ടല്ല, വ്യാഖ്യാനങ്ങൾ കൊണ്ടാണ്." അമേരിക്കൻ വൈസ് പ്രസിഡന്റ് വാൻസിനെ തിരുത്താൻ ധൈര്യം കാണിച്ച അഗസ്റ്റീനിയനായ റോബർട്ട് പ്രെവോസ്റ്റ് എന്ന ലെയോ പതിനാലാമൻ പാപ്പ സാമൂഹിക മാധ്യമമായ എക്സിൽ ഇപ്രകാരം എഴുതി: "*J.D. Vance is wrong: Jesus doesn't ask us to rank our love for others*." യഹൂദൻ വെറുക്കുന്ന സമരിയാക്കാരനെ നല്ല അയൽക്കാരനാക്കി കഥ പറഞ്ഞ ക്രിസ്തുവിന്റെ വികാരി അയൽക്കാരനെ ആഗോളവൽകരിച്ചു. ഈ ക്രിസ്തുസന്ദേശം നേരത്തെ പിടികിട്ടിയ മാതൃഭൂമി പത്രാധിപർ എൻ.വി. കൃഷ്ണ വാര്യർ ആഫ്രിക്ക എന്ന തന്റെ കവിതയിൽ പണ്ടേ ഇപ്രകാരം എഴുതി: "എങ്ങ് മനുഷ്യന് ചങ്ങല കൈകളിലെങ്ങെൻ കൈകൾ നൊന്തീടുന്നു. എങ്ങോ മർദ്ദനമവിടെ പ്രഹരം വീഴുവതെന്റെ പുറത്താകുന്നു."

സമരിയ വഴി ജറുസലേമിലേക്ക് പോയ ക്രിസ്തുവിന് പിൻതുടർച്ചക്കാരെ ആവശ്യമുണ്ട്. പ്രത്യേകിച്ച്, വിജാതീയരുടെ ഗലീലികളിൽ കരിന്തിരി കത്തുന്ന ഒരു കെട്ടകാലത്ത്!



# അഗസ്റ്റീനിയൻ ആത്മീയാചാര്യൻ പോപ്പ് ലെയോ *പതിനാലാമൻ*





**ഫാ. റോയ്,** *OSA*

2004-ൽ ആണ് റോബർട്ട് അച്ചനെ
ആദ്യമായി കാണുന്നതും പരിചയ
പ്പെടുന്നതും. ഞങ്ങളുടെ, അഗസ്റ്റീ
നിയൻ സഭയുടെ, പ്രിയോർ ജന
റൽ എന്ന നിലയിൽ ഞങ്ങളെ
സന്ദർശിക്കാനും ഞാനുൾപ്പെടുന്ന
6 സഹോദരരുടെ പൗരോഹിത്യ
സ്വീകരണത്തിൽ പങ്കെടുക്കാനുമാ
യിട്ടാണ് അദ്ദേഹം ആദ്യമായി
ആലുവയിലുള്ള ഞങ്ങളുടെ ആശ്ര
മത്തിലെത്തിയത്. ഏതാണ്ട് ഒരാ
ഴ്ചയിലധികം അദ്ദേഹം ഞങ്ങളോ
ടൊപ്പം താമസിക്കുകയും ഞങ്ങ
ളുടെ പ്രാർത്ഥനകളിലും ഭക്ഷണ
ത്തിലും ഉല്ലാസങ്ങളിലും തികഞ്ഞ
ലാളിത്യത്തോടെ പങ്കുചേരുകയും
ചെയ്തു. രണ്ടു മാസങ്ങൾക്കപ്പുറം
എന്റെ മേലധികാരികൾ എന്നെ
ഉപരിപഠനത്തിനായി റോമിലേക്ക
യച്ചപ്പോൾ റോബർട്ട് അച്ചനെ
കൂടുതൽ അടുത്തറിയാനും അദ്ദേ
ഹത്തിന്റെ പാണ്ഡിത്യത്തെയും
ജീവിത വിശുദ്ധിയേയും അടുത്ത
നുഭവിക്കുവാനും സാധിച്ചു. രണ്ടു
വർഷമാണ് 2004-2006) എനിക്ക്
അദ്ദേഹത്തോടൊപ്പം ജീവിക്കാ
നുള്ള ദൈവാനുഗ്രഹമുണ്ടായത്.

റോബർട്ട് അച്ചന്റെ, പരി
ശുദ്ധ പിതാവ് ലെയോ പാപ്പയുടെ,
ഞാനനുഭവിച്ചറിഞ്ഞ ചില സ്വഭാവ
സവിശേഷതകളെക്കുറിച്ച് ഇനി
കുറിക്കാം. അതിൽ ഒന്നാമത്തേത്,
ആത്മീയമായി അദ്ദേഹം തികഞ്ഞ
ഒരു അഗസ്റ്റീനിയൻ ആണെന്നതാ

ണ്. അഗസ്റ്റീനിയൻ ആത്മീയതയുടെ പ്രാഥമിക ഭാവം ആന്തരീകതയാണ്. തനിക്ക് പുറത്തെ ബഹളങ്ങളെ അകറ്റി നിർത്തി ഉള്ളിലെ ദൈവത്തെ തിരിച്ചറിഞ്ഞ വി. അഗസ്റ്റിന്റെ ഒന്നാന്തരം പുത്രനാണ് പരിശുദ്ധ പിതാവ് ലെയോ പാപ്പാ. കർമ്മമണ്ഡലങ്ങളിൽ നിരന്തരം വ്യാപിക്കുമ്പോഴും തന്റെ ഉള്ളിലെ ദൈവത്തോട് സദാ ധ്യാനത്തിൽ ബന്ധപ്പെടാനും പരിശുദ്ധാത്മാവിന്റെ മന്ത്രണങ്ങളോട് ചെവി ചായ്ക്കാനും അദ്ദേഹം നിത്യം ശ്രമിച്ചിരുന്നു. ദൈവമേ നീ ഞങ്ങളെ നിനക്കായ് സൃഷ്ടിച്ചു; നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അശാന്തമാകുന്നു എന്ന് പറഞ്ഞ അഗസ്റ്റീനോസിനെപ്പോലെ ദൈവജനത്തെ നിരന്തരം ദൈവോന്മുഖമായി ജീവിക്കാൻ ലെയോ പാപ്പാ ശ്രമിക്കുമെന്നുള്ളത് തീർച്ചയാണ്.

രണ്ടാമതായി, വി. അഗസ്റ്റീനോസിനെപ്പോലെ തന്റെ ജീവിതം മുഴുവനും ക്രിസ്തുകേന്ദ്രീകൃതമാകണമെന്ന് ലെയോ പാപ്പയ്ക്ക് നിർബന്ധമുണ്ട്. അതിനർത്ഥം തന്റെ പ്രഘോഷണങ്ങളും പഠിപ്പിക്കലുകളും ദൈവവചനത്തിൽ അധിഷ്ഠിതമായിരിക്കണം എന്ന ഒരു ശാഠ്യം അദ്ദേഹത്തിനുണ്ട്. തന്നെ പാപ്പയായി തിരഞ്ഞെടുത്തിന്റെ പിറ്റേദിവസം (മെയ് 9) കർദ്ദിനാളന്മാരുമായി സിസ്റ്റൈൻ ചാപ്പലിൽ ബലിയർപ്പിച്ചപ്പോൾ അദ്ദേഹം നടത്തിയ വചന പ്രഘോഷണം ശ്രദ്ധിച്ചാൽ ഇക്കാര്യം നമുക്ക് ബോധ്യപ്പെടും. അത് അത്ര ചെറിയ ഒരു കാര്യമല്ല. താൻ വചനത്തിന്റെ ശുശ്രൂഷകനും ദാസനുമാണെന്നുള്ള തിരിച്ചറിവും എളിമയും ലെയോ പാപ്പയ്ക്കുള്ളതായി എന്റെ വ്യക്തിപരമായ അനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്ക് ഉറപ്പായും പറയാൻ സാധിക്കും. കർദ്ദിനാളായിരിക്കെ മെത്രാന്മാരുടെ ദൗത്യത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ ഇതിനകം തന്നെ യൂട്യൂബിലൂടെ പ്രശസ്തമായിട്ടുണ്ട്. ഒരു മെത്രാനും ഒരു കൊച്ചു രാജ്യത്തെ രാജാവല്ലെന്നും, തന്റെ ജനത്തോടൊപ്പം ജീവിക്കുകയും, സഞ്ചരിക്കുകയും പഠിപ്പിക്കുകയും അവരോടൊപ്പം സഹിക്കുകയും വേണമെന്ന് അദ്ദേഹം പറഞ്ഞത് തന്റെതന്നെ അഗസ്റ്റീനിയൻ ബോധ്യത്തിൽ നിന്നാണ്. “നിങ്ങളോടൊപ്പം ഞാൻ ക്രിസ്ത്യാനിയും നിങ്ങൾക്കു വേണ്ടി ഞാൻ മെത്രാനുമാണെന്ന്” വി. അഗസ്റ്റിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് തന്റെ ശുശ്രൂഷ സേവനത്തിന്റേതായിരിക്കും അധികാരത്തിന്റേതായിരിക്കില്ല എന്ന് ലെയോ പാപ്പാ ഇതിനകം തന്നെ വിശദീകരിച്ചതാണ്.

മൂന്നാമതായി, എടുത്തു പറയേണ്ട സവിശേഷത പാപ്പയുടെ മരിയൻ ഭക്തിയാണ്. തന്റെ തിരഞ്ഞെടുപ്പിന് ശേഷം ആദ്യമായി വി. പത്രോസിന്റെ ബസലിക്കയുടെ മട്ടുപ്പാവിൽ നിന്നുകൊണ്ട് “നന്മ നിറഞ്ഞ മറിയമേ” എന്ന പ്രാർത്ഥന ചൊല്ലിയത് സകലരും ശ്രദ്ധിച്ചതാണ്. പിന്നീട് പാപ്പയെന്ന നിലയിൽ പരിശുദ്ധ പിതാവ് ആദ്യമായി വത്തിക്കാന്റെ പുറത്തേക്ക് പോകുന്നത് ജെനക്സനോ എന്ന അഗസ്റ്റീനിയൻ സഭയുടെ കീഴിലുള്ള പ്രശസ്തമായ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിക്കുന്നതിനു വേണ്ടിയായിരുന്നു എന്നുള്ളത് പ്രസക്തമാണ്. അവിടെവച്ച് തന്റെ ജീവിതത്തിലെ എല്ലാ പ്രധാന സംഭവങ്ങളുടേയും തുടക്കത്തിൽ ഇവിടെ വന്നു സദുപദേശത്തിന്റെ മാതാവായ (*Mother of Good Counsel*) പരിശുദ്ധ അമ്മയുടെ അനുഗ്രഹവും പ്രാർത്ഥനയും യാചിക്കുമായിരുന്നു എന്ന് അവിടെ കൂടിയവരോട് പറഞ്ഞതും ലോകം കൗതുകത്തോടെയാണ് ശ്രവിച്ചത്. പിന്നീട്, പാപ്പയെന്ന നിലയിലുള്ള തന്റെ ആദ്യ ഞായറാഴ്ച ദൈവജനത്തെ ആശീർവദിക്കുന്നതിനു മുമ്പ് റെജീന ചേലി എന്ന അതിപുരാതനമായ ലാറ്റിൻ മരിയൻ ഗാനം ആലപിച്ചത് ആഹ്ലാദാരവങ്ങളോടെയാണ് നാമേവരും സ്വീകരിച്ചത്. മാതാവിന്റെ പക്കൽ തി രു സഭയെ മുഴുവൻ ഭരമേല്പിച്ച പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പ ദൈവജനത്തെ പരിശുദ്ധ അമ്മയോടൊ പ്പം ക്രിസ്തുവിലേക്ക് നയിക്കും എന്ന് നമുക്ക് ഉറപ്പിക്കാം.

നാലാമതായി, പാപ്പ സ്വീകരിച്ച നാമം ഒത്തിരി ചർച്ചകൾക്ക് വഴിതെളിച്ചിട്ടുണ്ട്. ലെയോ പതിനാലാമൻ പാപ്പ തന്നെ വ്യക്തമാക്കിയത് പോലെ ദരിദ്രരോടും തൊഴിലാളികളോടും പക്ഷം ചേർന്ന് നിന്ന ലെയോ പതിമൂന്നാമൻ പാപ്പയുടെ മാതൃകയായിരിക്കും താൻ പിഞ്ചെല്ലുകയെന്നാണ് അദ്ദേഹം പറഞ്ഞുവച്ചത്. ദരിദ്രരോട് പക്ഷം ചേരാതെ ഒരു ക്രിസ്തുശിഷ്യനും അവിടുത്തെ പിൻചെല്ലാനാവില്ല എന്നത് വ്യക്തമായി ബോധ്യമുള്ളയാളാണ് ലെയോ പാപ്പ. ദരിദ്രരോടൊപ്പം ജീവിക്കുന്നതിൽ ആനന്ദം കണ്ടെത്തിയ ഫ്രാൻസിസ് പാപ്പയുടെ ചുവടുകൾ പിൻചെല്ലാൻ ലെയോ പാപ്പയ്ക്ക് തീരെ പ്രയാസമുള്ള കാര്യമായിരിക്കില്ല. അദ്ദേഹം വത്തിക്കാനിലേക്കു വരുന്നത് തന്നെ പെറുവിലെ പാവങ്ങളുടെ ഇടയിൽ നിന്നാണല്ലോ. അതോടൊപ്പം തന്നെ രാജ്യങ്ങളുടെയും സഭകളുടെയും സമൂഹങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും വ്യക്തികളുടെയും ഇടയിൽ ഒരു പാലമായി നിലകൊള്ളാനുള്ള നിയോഗവും തനിക്കുണ്ടെന്ന് ലെയോ പാപ്പ ഇതിനകം വെളിപ്പെടുത്തിയിട്ടുണ്ട്.

അവസാനമായി, ലെയോ പാപ്പ പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ തന്റെ അജപാലന ദൗത്യം തുടങ്ങിയതു തന്നെ “കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ” എന്ന് ആശംസിച്ചിട്ടാണ്. ക്രിസ്തുവിന്റെ സമാധാനം ഒരിക്കലും വെറും ലൗകികമായ ഒന്നല്ലെന്നും അതിനു അനുതാപവും വിശ്വാസവും ക്രിസ്തുവിനോടുള്ള ആഴത്തിലുള്ള ആത്മബന്ധവും ആവശ്യമാണെന്നും പാപ്പയ്ക്ക് ബോധ്യമുണ്ട്. ലോകത്ത് പൊതുവെയും വ്യക്തിപരമായും അന്യംനിന്നു പോകുന്ന ക്രിസ്തുവിന്റെ സമാധാനം പ്രഘോഷിക്കുവാനും പ്രചോദിപ്പിക്കുവാനും പിന്നെ അതിലേക്ക് നമ്മെ ഏവരേയും നയിക്കുവാനും പരിശുദ്ധ പിതാവ് ലെയോ പാപ്പയ്ക്ക് കഴിയട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# പോപ്പ് ലെയോ പതിനാലാമനെ വ്യത്യസ്തനാക്കുന്ന 10 കാര്യങ്ങൾ



**ഫാ. സെബി വിക്ടർ തുണ്ടിപ്പറമ്പിൽ**



### 1.തന്റെ അജഗണത്തെ വിസ്മരിക്കാത്ത ഇടയൻ

14 വയസ്സുള്ള വാക്കിരിയ ഗാർസിയയ്ക്ക് സ്ഥൈര്യലേപനം നൽകിയ അന്നത്തെ ബിഷപ്പ് റോബർട്ട് പ്രെവോസ്റ്റ് വർഷങ്ങൾക്ക് ശേഷം 2021-ൽ ഒരു വിമാനയാത്രയ്ക്കിടെ അവളെ തിരിച്ചറിയുകയും അവളെ ആശീർവദിക്കുകയും ചെയ്തു. ഈ ചിത്രം തന്റെ അജഗണത്തെ ഓർമ്മയിൽ എപ്പോഴും സൂക്ഷിക്കുന്ന നല്ല ഇടയന്റെ ചിത്രമാണ് നമുക്ക് നൽകുന്നത്.

### 2. സാഹസികനായ ഒരു ഇടയൻ

ചിക്ലോയ്ക്ക് സമീപമുള്ള ഗ്രാമപ്രദേശങ്ങളിൽ ഗ്രാമീണ സമൂഹങ്ങൾ സന്ദർശിക്കുമ്പോൾ പാദ്രെ പ്രെവോസ്റ്റ് കുതിരപ്പുറത്ത് സാഹസികമായി സഞ്ചരിച്ച് തങ്ങൾക്ക് അടുത്തെത്തിയിട്ടുണ്ടെന്ന് ഗ്രാമീണർ ഓർത്തെടുക്കുന്നു.

### 3. ഗായകനായ ഒരു ഇടയൻ

ഒരു മിഷണറിയാണ് താനെന്ന് പറയുന്നതിൽ അഭിമാനിക്കുന്ന ലെയോ 14-ാമൻ പാപ്പ ചിക്ലോയുടെ വിവിധ സാംസ്കാരിക ഉത്സവങ്ങളിൽ പങ്കെടുത്തിരുന്നതായും "ഫെലിക്സ് നവിദാഡ്" പോലുള്ള ഗാനങ്ങൾ ആ അവസരങ്ങളിൽ പാടിയിരുന്നതായും ചിക്ലോയിലെ ജനങ്ങൾ ഓർത്തെടുക്കുന്നു.

### 4. പാവങ്ങളെ കരുതുന്ന ഒരു ഇടയൻ

കോവിഡ്-19 കാലഘട്ടത്തിൽ ചിക്ലോയിലെ പാവപ്പെട്ട ആളുകൾക്കായി രണ്ട് ഓക്സിജൻ പ്ലാന്റുകൾ നിർമ്മിക്കുവാൻ മുന്നിട്ടിറങ്ങിയ ഒരു പിതാവിനെ ചിക്ലോയിലെ ജനങ്ങൾ നന്ദിയോടെ ഇന്നും ഓർമ്മിക്കുന്നു.

### 5. ഒരു ആത്മീയ പിതാവായിരിക്കുന്നതിൽ ഉത്സുകത കാണിച്ചിരുന്ന ഇടയൻ

പെറുവിലെ തന്റെ ജ്ഞാനസ്നാന മകളും ആയി നീണ്ട 25 വർഷത്തെ അടുപ്പം പാദ്രെ റോബർട്ട് പ്രെവോസ്റ്റ് നിലനിർത്തുന്നു. ഔദ്യോഗിക കടമകൾക്കപ്പുറം ഒരു ആത്മീയ പരിപാലകൻ ആയിക്കൂടി ഒരു ഇടയൻ പ്രവർത്തിക്കേണ്ടത് എങ്ങനെ എന്ന് ഈ അനുഭവം സാക്ഷ്യം നൽകുന്നു.

### 6. ലാളിത്യത്തെ നെഞ്ചോട് ചേർത്ത ഇടയൻ

ട്രുജില്ലോയിൽ ആയിരുന്ന സമയം, വളരെ അടിസ്ഥാനപരം ആയ, പരിമിത സൗകര്യങ്ങൾ നിറഞ്ഞ ഇടത്ത് താമസിക്കാനായിരുന്നു പിതാവ് ഇഷ്ടപ്പെട്ടിരുന്നത് എന്ന് അവിടത്തുകാർ ഓർത്തെടുക്കുന്നു.

### 7. തന്റെ അജഗണത്തിൽ ഒരുവനായി ജീവിച്ച ഇടയൻ

"ആടുകളുടെ ഗന്ധം ഉള്ള ഇടയനാവുക" എന്ന ഫ്രാൻസിസ് പാപ്പ

യുടെ വാക്കുകളെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഒരാളായി ജനം അദ്ദേഹത്തെ ഓർത്തെടുക്കുന്നു. എപ്പോഴും അവരോടൊത്ത് ആയിരിക്കുന്നതിൽ അദ്ദേഹം സന്തോഷം കണ്ടെത്തി. അതുകൊണ്ടുതന്നെ പാദ്രെ റോബർട്ടോ എന്നാണ് അവിടുത്തുകാർ ഹൃദയപൂർവ്വം വിളിച്ചിരുന്നത്.

**8. തന്റെ അജഗണത്തിന്റെ ജന്മദിനങ്ങളിലും മരണാവശ്യങ്ങളിലും ഒന്നുപോലെ പങ്കെടുത്തിരുന്ന ഒരു ഇടയൻ**

ചിക്ലായോയിലെ ജനങ്ങളോടൊത്ത് വർഷങ്ങൾ ചെലവഴിച്ച ഈ ഇടയൻ മറ്റ് ഇടയന്മാരിൽ നിന്നും വ്യത്യസ്തനായിരുന്നു. ചിക്ലായോ ജനതയുടെ സന്തോഷത്തിലും സന്താപത്തിലും ഒന്നുപോലെ പങ്കുചേർന്ന ഈ ഇടയനെ അവർ ഇന്നും സ്നേഹത്തോടെ ഓർക്കുന്നു.

**9. തന്റെ പ്രവാചക ദൗത്യത്തെ മറക്കാത്ത ഒരു ഇടയൻ**

ദരിദ്രരോടുള്ള സർക്കാർ അവഗണനയെ അദ്ദേഹം നിരന്തരം വിമർശിച്ചിരുന്നു. പ്രസിഡന്റ് ദിത -ബാലുവാർട്ടെയുടെ കീഴിൽ നടന്ന സർക്കാർ വിരുദ്ധ പ്രകടനങ്ങളിൽ 49 പ്രതിഷേധക്കാരുടെ മരണത്തിൽ പ്രെവോസ്റ്റ് പിതാവ് പരസ്യമായി തന്റെ ദുഃഖവും വേദനയും പ്രകടിപ്പിച്ചു.

**10.ഭക്ഷണം ആസ്വദിക്കുന്ന ഒരു പിതാവ്**

അവിടത്തെ (പെറുവിലെ) സാധാരണക്കാർ കഴിക്കുന്ന ബീൻസും അരിയും ചേർത്ത ആട്ടിറച്ചി ആണ് പ്രെവോസ്റ്റ് പിതാവിന്റെ ഇഷ്ടഭക്ഷണം എന്ന് നാട്ടുകാർ ഓർത്തെടുക്കുന്നു. തനിക്കിഷ്ടപ്പെട്ട ഭക്ഷണം തന്റെ ജനത്തോടൊപ്പം പങ്കുവയ്ക്കുന്നതിലും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

# ഞങ്ങളിൽ ഒരുവനായ പാപ്പ




ഫാ. ബോസ്ക്കോ
ഒ.എസ്.എ.

മെയ് 8– ഔവർ ലേഡി ഓഫ് ഗ്രേസ് എന്ന നാമത്തിൽ കൃപയുടെ രാജ്ഞിയായ പരിശുദ്ധ മറിയത്തിന്റെ തിരുനാൾ അഗസ്റ്റീനിയൻ സഭ പ്രത്യേകമായി കൊണ്ടാടുന്ന ദിവസമാണ്. അതായത് അഗസ്റ്റീനിയൻ സഭയിലെ പ്രധാനപ്പെട്ട തിരുനാളുകളിലൊന്ന് ആഘോഷിക്കുന്ന ദിവസം. ആശ്രമത്തിലെ മറ്റ് സന്ന്യാസിമാരുമൊത്തുള്ള ആകർഷകമായ സായാഹ്ന ദിവ്യബലി അർപ്പിച്ച ശേഷം എല്ലാവരും ടി.വി. യുടെ മുൻപിലായിരുന്നു. ലോകം മുഴുവനും എന്നപോലെ, ഞങ്ങളും, ആകാംക്ഷയോടെ... കാരണം രണ്ടാം ദിവസമായിട്ടും വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിലെ ചിമ്മിനിയിൽ ഇനിയും വെളുത്തപുക ഉയർന്നിട്ടില്ല. രാത്രി ഏതാണ്ട് 11.30 ആയപ്പോഴേക്കും അത് സംഭവിച്ചു. കർദ്ദിനാൾ തിരുസംഘത്തിലെ പ്രോട്ടോ ഡീക്കൻ ദൊമിനിക്കോ മാംമെർത്തി ചത്വരത്തിൽ തടിച്ചു കൂടിയിരുന്ന ജനത്തോടും ലോകം മുഴുവനോടുമായി പ്രഖ്യാപിച്ചു. 'ഹബേമൂസ് പാപ്പാം.' ലോകത്തിലെ മറ്റെല്ലാവരെയുംപോലെ ഞങ്ങളും സന്തോഷാരവം മുഴക്കി. ആ ആരവത്തിന്റെയൊക്കെ ഇടയിലാണ് പുതിയ പാപ്പായുടെ പേര് ശ്രദ്ധിക്കുന്നത്. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ്. സന്തോഷാധിക്യത്താൽ ആ പേര് തന്നെയാണോ കേട്ടതെന്ന് പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ഒന്നും ചോദിച്ചു പോയി. അതുതന്നെ. പിന്നെ കയ്യടിയും ബഹളവുമൊക്കെയായി. കാരണം ആഗോള അഗസ്റ്റീനിയൻ സഭയുടെ പ്രയർ ജനറലായിരുന്ന, ഇന്ത്യ രണ്ടുവട്ടം സന്ദർശിച്ചിട്ടുള്ള, ഇപ്പോൾ ഞങ്ങൾ താമസിക്കുന്ന ആലുവയിലെ ഈ അഗസ്റ്റീനിയൻ ആശ്രമത്തിൽ താമസിച്ചിട്ടുള്ള, നേരിട്ട് കണ്ട് സംസാരിച്ചിട്ടുള്ള പിന്നീട് മെത്രാനും കർദ്ദിനാളും ആയ ഞങ്ങളുടെ തന്നെ സഹോദര സന്ന്യാസിയെയാണ് പരിശുദ്ധാത്മ പ്രചോദനത്താൽ കോൺക്ലേവ് അംഗങ്ങൾ ആഗോള കത്തോലിക്കാ സഭയുടെ പരിശുദ്ധ പിതാവായി തിരഞ്ഞെടുത്തിരിക്കുന്നത്.

പേപ്പൽ വസ്ത്രമൊക്കെ ധരിച്ച് പ്രൗഡിയോടുകൂടി ലെയോ പതിനാലാമൻ എന്ന ഞങ്ങളുടെ സ്വന്തം പ്രിവോസ്റ്റച്ചൻ റോമിനെയും ലോകം മുഴുവനേയും അഭിസംബോധന ചെയ്യാനും അനുഗ്രഹിക്കാനുമായി ബസലിക്കയുടെ പ്രധാന ബാൽക്കണിയിൽ വന്നു നിന്നപ്പോൾ എന്റെ മനസ്സ് 21 വർഷം പിന്നോട്ടോടുകയായിരുന്നു. എത്തിനിന്നത് 2004 ഏപ്രിൽ 22–ാം തീയതി ഞങ്ങൾ ആറുപേരുടെ വിശുദ്ധ പൗരോഹിത്യ സ്വീകരണ ദിവസം.


കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ബസലിക്കയിൽ വച്ച് അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ




കൈവയ്പ് ശുശ്രൂഷവഴിയായി ഞങ്ങൾ 6 പേർ വിശുദ്ധ പൗരോഹിത്യം സ്വീകരിച്ചു. ബഹു. റോബർട്ട് റോയി മഞ്ഞലിക്കാട്ട് ഛടങ്ക, ബഹു. ദപി പീറ്റർ ഛടങ്ക, ബഹു. അലോഷ്യസ് കൊച്ചിക്കാരൻവീട്ടിൽ ഛടങ്ക., ബഹു. അഗസ്റ്റിൻ പുത്തൻവീട്ടിൽ ഛടങ്ക, ബഹു. ഷിബു വർഗ്ഗീസ് കല്ലറക്കൽ ഛടങ്ക എന്നീ അച്ചന്മാരാണ് എന്റെകൂടെ അന്ന് തിരുപ്പട്ടം സ്വീകരിച്ചത്. ആ കാലഘട്ടത്തിൽ അഗസ്റ്റീനിയൻ സഭയുടെ പ്രയർ ജനറലായിരുന്ന ഇപ്പോഴത്തെ ലെയോ പതിനാലാമൻ പാപ്പയുടെ സാന്നിധ്യവും ശിരസ്സിൽ കൈവച്ചുള്ള അനുഗ്രഹ പ്രാർത്ഥനയും അവിസ്മരണീയവും അസുലഭവുമായ ഓർമ്മയായി ഇന്ന് ഓർത്തെടുക്കുകയാണ്. വളരെ ആകർഷകമായ വ്യക്തിത്വത്തിന് ഉടമയായ വൈദികൻ. കുറച്ചുമാത്രം സംസാരിക്കുകയും ഒത്തിരി കേൾക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന പിതാവ്. പ്രയർ ജനറലായിരുന്ന കാലത്ത് അൻപതിലേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള പരി. പിതാവ്, വ്യത്യസ്തങ്ങളായ സംസ്കാരങ്ങളെയും ആളുകളെയും അതിന്റെ വ്യതിരിക്തതയോടുകൂടി സ്വീകരിക്കാനുള്ള തുറന്ന മനസ്സാണ് പിതാവിനെ വ്യത്യസ്തനാക്കുന്നത്.

"ഞാൻ ഒരു അഗസ്റ്റീനിയനാണ്. വി. അഗസ്റ്റിന്റെ മകനാണ്" വളരെ അഭിമാനത്തോടെയാണ് പാപ്പയായശേഷം തന്റെ ആദ്യപ്രസംഗത്തിൽ പരിശുദ്ധ പിതാവ് പറഞ്ഞത്. പുകയുയർന്ന് 'ഹബേമൂസ് പാപ്പാം' എന്ന പ്രഖ്യാപനമെത്തിയശേഷം സാധാരണയിലും വൈകിയാണ് പാപ്പ ബസലിക്കയിലെ ബാൽക്കണിയിലെത്തിയത്. അദ്ദേഹം തന്റെ പ്രസംഗം ചിട്ടപ്പെടുത്തുകയായിരുന്നുവെന്നാണ് പല വൃത്തങ്ങളും പറയുന്നത്. കൃത്യമായ ധ്യാനത്തോടെ സമയമെടുത്ത് തയ്യാറാക്കിയ ഈ ഒരൊറ്റ പ്രസംഗം മാത്രം മതി ലെയോ പതിനാലാമൻ പാപ്പാ എത്രമാത്രം വി. അഗസ്റ്റിനെയും അഗസ്റ്റീനിയൻ ആത്മീയതയെയും സ്നേഹിക്കുന്നുണ്ടെന്നും അതിൽ ഊക്കം കൊള്ളുന്നുണ്ടെന്നും മനസ്സിലാക്കാൻ.-പതിനാലാം വയസ്സു മുതൽ അഗസ്റ്റീനിയൻ ജീവിതത്തെ പുൽകിയതുകൊണ്ടായിരിക്കണം ഒട്ടും മനഃപൂർവ്വമല്ലാതെ തന്നെ ആ മൂല്യങ്ങൾ അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും ജീവിതത്തിലും നിറഞ്ഞു നിൽക്കുന്നതും.

അഗസ്റ്റീനിയൻ ആത്മീയ പാരമ്പര്യത്തിൽ ഏറ്റവും പ്രധാനം കമ്മ്യൂണിയൻ-ഒരുമിച്ച് പരസ്പരം കൈകൾ കോർത്തുപിടിച്ച് ദൈവത്തിലേക്ക് അനുയാത്ര ചെയ്യുകയാണ്. വി. അഗസ്റ്റിന്റെ ഭാഷയിൽ ഒരേ മനസ്സോടെയും ഒരേ ഹൃദയത്തോടെയുമുള്ള യാത്ര -സിനഡാലിറ്റി എന്ന ആശയത്തിനു പിന്നിലുള്ള ഇതേ ആത്മീയത തന്നെയാണ് ലെയോ പതിനാലാമൻ പാപ്പയിലും കാണുന്നത്. വത്തിക്കാനിലെ വ്യാഴാഴ്ചയിലെ ആദ്യ പ്രസംഗത്തിൽ, പരസ്പരം കൈകൾ ചേർത്തുപിടിച്ച് ഒരുമിച്ച് നടക്കുന്ന സിനഡൽ സഭയെയാണ് താൻ സ്വപ്നം കാണുന്നതെന്നാണ് പാപ്പ പറയുന്നത്. വാസ്തവത്തിൽ സ്വദേശത്തേക്കുള്ള തീർത്ഥയാത്രയാണ് വിശ്വാസജീവിതം എന്നത് അഗസ്റ്റീനിയൻ മെറ്റഫർ ആണ്. മാനസാന്തരമോ ജ്ഞാനസ്നാനമോ എന്നത് വിശ്വാസയാത്രയുടെ ഒഴുക്കല്ല മറിച്ച് തുടക്കമാണെന്നാണ് വിശുദ്ധൻ പറയുക.



# ഒരു കാലഘട്ടത്തിന്റെ പ്രവാചകശബ്ദം



# പാപ്പാ ഫ്രാൻസിസും മാറ്റൊലിയായി മാറിയ മൂന്ന് വാക്കുകളും



**ബിഷപ് അലക്സ് വടക്കുംതല**

ഒരു കാലഘട്ടത്തിന്റെ പ്രവാചക ശബ്ദം നിലച്ചു. ഫ്രാൻസിസ് പാപ്പാ കടന്നുപോയി. എന്നാൽ, ആ ശബ്ദത്തിന്റെ പ്രതിധ്വനി ഇനിയും സഭയിലും സമൂഹത്തിലും നമ്മുടെ മനസാക്ഷിയിലും അലയടിച്ചുകൊണ്ടേയിരിക്കും.

പന്ത്രണ്ടു വർഷം നീണ്ട പരമാചാര്യ ശുശ്രൂഷാ കാലയളവിൽ മൂന്ന് പദങ്ങൾ ഫ്രാൻസിസ് പാപ്പ ആവർത്തിച്ചു പറഞ്ഞിരുന്നു: ആനന്ദം, കാരുണ്യം, പ്രത്യാശ. ഈ വാക്കുകളുടെ അനുരണനങ്ങൾ ഒരു പേപ്പൽ പൈതൃകത്തിന്റെ മാറ്റൊലിയായി ഇനിയും തുടരും.

## *അടിസ്ഥാനം- ആനന്ദം*

ഫ്രാൻസിസ് പാപ്പയുടെ പല പ്രബോധനങ്ങളുടെയും ശീർഷകം "ആനന്ദം" എന്ന പദവുമായി ബന്ധപ്പെട്ടവയായിരുന്നു. കുടുംബങ്ങളെപ്പറ്റിയുള്ള സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിന്റെ പേര് "സ്നേഹത്തിന്റെ ആനന്ദം" (*Amoris Laeititia-Joy of Love*) എന്നാണല്ലോ. "കുടുംബങ്ങളിലെ ആനന്ദമാണ് സഭയുടെ ആനന്ദം" എന്നു കുറിച്ചുകൊണ്ടാണ് ഈ പ്രബോധനം ആരംഭിക്കുന്നതുതന്നെ. മനുഷ്യജീവിതത്തിലെ ആനന്ദത്തിന്റെ അടിസ്ഥാനം ഏതു വേനലറുതിയിലും ഉറവവറ്റാത്ത സ്നേഹത്തിലാണ്. വിശുദ്ധ പൗലോസിന്റെ സ്നേഹത്തിന്റെ അനശ്വരകാവ്യം (1 കോറി 13:4-7) വിശദമായി വ്യാഖ്യാനിച്ചുകൊണ്ട് പാപ്പാ വ്യക്തമാക്കുന്നു. "നമ്മുടെ ഈ യാത്രയിൽ ഓരോ ചുവടിലും സ്നേഹം ആനന്ദം പകരുന്നു." (*AL, No.163*)

ഫ്രാൻസിസ് പാപ്പയുടെ വളരെ പ്രസക്തമായ ചോദ്യം ഇതായിരുന്നു: പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിലും ആനന്ദം അനുഭവിക്കാനാകുമോ? അതിനു മറുപടിയായിരുന്നു 2018 മാർച്ച് മാസം പ്രസാധനം ചെയ്ത, "ആഹ്ലാദിച്ച് ഉല്ലസിക്കുവിൻ" (*Rejoice and be Glad-Gaudete et exsultate*) എന്ന പ്രബോധനം. ക്രൈസ്തവ ജീവിതത്തിന്റെ 'തിരിച്ചറിയൽ കാർഡ്' (*Identity Card*) എന്ന് പാപ്പ വിളിച്ച മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിലെ സുവിശേഷ ഭാഗ്യങ്ങളെപ്പറ്റിയുള്ള വ്യാഖ്യാനം അങ്ങനെ ശ്രദ്ധേയമായി. "എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ" (മത്താ. 5:12).

വിയറ്റ്നാമിലെ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് നീണ്ട പതിമൂന്ന് വർഷങ്ങൾ തടവറയിൽ കഴിയേണ്ടി വന്ന കാർഡിനൽ ഫ്രാൻസിസ് സേവ്യർ വാൻ തുവാന്റെ ജീവിതം വിവരിച്ച് പാപ്പാ വ്യക്തമാക്കി: "സഹനത്തിന്റെ തടവറ നിമിഷങ്ങൾ അതിജീവിക്കാൻ സ്നേഹംകൊണ്ട് വക്കുവരെ നിറച്ചു. പീഡാനുഭവങ്ങളിലൂടെയും കുരിശിലെ ത്യാഗത്തിലൂടെയും വിജയം വരിച്ച ഉത്ഥിതനായ ക്രിസ്തു ബലഹീനതകളിൽ നമ്മെ ശക്തിപ്പെടുത്തുന്നു" (നമ്പർ 18).

കഠിനയാതനകളിലൂടെ കടന്നുപോയ ആഫ്രിക്കയിലെ സുഡാനിൽ നിന്നുള്ള അടിമ പെൺ കുട്ടി, ജോസഫിൻ ബക്കീത്തയുടെ വിവരണവും എത്രയോ ഹൃദയഹാരിയാണ് (നമ്പർ 32-33). വെറും ഏഴു വയസ്സുള്ളപ്പോഴാണ് നിഷ്കളങ്കയായ ആ ഗ്രാമീണ പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയത്. പലപ്രാവശ്യം അടിമച്ചന്തയിൽ വിൽക്കുകയും വാങ്ങുകയും ചെയ്യപ്പെട്ടു. യജമാനന്മാരിൽ നിന്നും നിത്യപീഡനങ്ങളും ഘോരയാതനകളും അനുഭവിക്കേണ്ടിവന്നു. ചാട്ടവാറടികളുടെ 144 മുറിപ്പാടുകൾ അവളുടെ ശരീരത്തിൽ മായാതെ തെളിഞ്ഞു നിന്നു. ജീവിതത്തിൽ ഒരു നിർണ്ണായക മുഹൂർത്തത്തിൽ അവളൊരു യജമാനനെ കണ്ടുമുട്ടി. ജനനനിമിഷം മുതൽ തന്നെ സ്നേഹിക്കുകയും നിരന്തരം കരുത്തു പകരുകയും ചെയ്ത, അതുവരെ അജ്ഞാതനായിരുന്ന യജമാനനെ. അവനിൽ അവൾ സ്നാനപ്പെട്ടു. സഹനങ്ങൾക്കപ്പുറം ക്രിസ്തുവിൽ യഥാർത്ഥ ആനന്ദം കണ്ടെത്തി. തുടർന്ന്, അവളൊരു സമർപ്പിതയായി. ഇപ്പോൾ വിശുദ്ധയും. ഫ്രഞ്ച് നോവലിസ്റ്റ് ലിയോൺ ബ്ലോയിയെ ഉദ്ധരിച്ച്, പാപ്പ പറയുന്നു: "ജീവിത



ത്തിലെ ഏറ്റവും വലിയ ദുരന്തം വിശുദ്ധനാകാതിരിക്കുന്നതാണ്" (നമ്പർ 34).

സുവിശേഷത്തിന്റെ ആനന്ദം (*Joy of the Gospel-Evangelli Gaudium*) ആണ് എല്ലാ അർത്ഥത്തിലും ഫ്രാൻസിസ് പാപ്പയുടെ കൈയൊപ്പുള്ള അപ്പസ്തോലിക ആഹ്വാനം. അതിന്റെ പ്രാരംഭ വാക്യങ്ങൾ തന്നെ നാം ശ്രദ്ധിക്കണം: യേശുക്രിസ്തുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും മുഴുജീവിതത്തിലും സുവിശേഷത്തിന്റെ ആനന്ദംകൊണ്ട് നിറയുന്നു. അവിടുത്തെ രക്ഷ സ്വീകരിക്കുന്നവർ പാപം, ദുഃഖം, ആന്തരിക ശൂന്യത, ഏകാന്തത എന്നിവയിൽ നിന്ന് സ്വതന്ത്രരാക്കപ്പെടുന്നു! (നമ്പർ 1)

അങ്ങനെ, 'ക്രിസ്തുവിനോടൊപ്പം, സന്തോഷം നിരന്തരം പുനർജന്മം പ്രാപിക്കാൻ' ഓർമ്മപ്പെടുത്തലായിരുന്നു ഫ്രാൻസിസ് പാപ്പയുടെ അജപാലന നേതൃത്വം.

### *കാരുണ്യം, എല്ലാവരുമായും എല്ലാറ്റിനോടും*

"കാരുണ്യമാണ് ദൈവത്തിന്റെ നാമം" (*The Name of God is Mercy*) എന്ന പുസ്തകം 2016-ൽ ഫ്രാൻസിസ് പാപ്പയുമായി വത്തിക്കാൻ റിപ്പോർട്ടറായ അന്ത്രയോ തൊർണിയെല്ലി (*Andrea Tornielli*) നടത്തിയ അഭിമുഖമാണ്. പാപ്പ അതിൽ പറയുന്നത് ഇതാണ്: "കാരുണ്യത്തിന്റെ കയ്റോസ് കാലമാണിത്. സുവിശേഷ സന്ദേശത്തിന്റെ കാതലാണത്. കാരുണ്യം പങ്കുവയ്ക്കാനുള്ള അനുഗൃഹീതമായ അവസരവുമിതാണ്.

(*Pope Francis, The Name of God is Mercy, Pan Macmillon, U.K., 2016, P.4-5*)

"സ്വർഗപിതാവിന്റെ കാരുണ്യത്തിന്റെ മുഖമാണ് യേശുക്രിസ്തു" എന്നാണ് കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷം പ്രഖ്യാപിച്ചുകൊണ്ട്, 2015 ഏപ്രിൽ 11 ന്, ദൈവകാരുണ്യ ഞായറാഴ്ചയുടെ ജാഗരണ ദിനത്തിൽ ഇറക്കിയ 'കാരുണ്യത്തിന്റെ മുഖം' (*The Face of Mercy-Miscericordiae Vultus*) എന്ന പ്രഖ്യാപനം ആരംഭിക്കുന്നത്. "ദൈവപിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുക" എന്നതായിരുന്നു വിശുദ്ധ വർഷത്തിന്റെ ആദർശവാക്യം.

കരുണാർദ്ര സ്നേഹംകൊണ്ട് മത്തായിയെ യേശു നോക്കുകയും തിരഞ്ഞെടുക്കുകയും ചെയ്ത സുവിശേഷ ഭാഗമായിരുന്നു മെത്രാഭിഷേക ആപ്തവാക്യമായി തിരഞ്ഞെടുത്തിരുന്നതെന്ന കാര്യവും പാപ്പ പലപ്പോഴും ഓർമ്മിപ്പിച്ചിരുന്നു. ജൂബിലിയുടെ സമാപന അവസരത്തിൽ കരുണയുടെ അവസാനിക്കാത്ത തുടരാഘോഷം ആഹ്വാനം ചെയ്തുകൊണ്ട്, പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനമായിരുന്നു "കരുണയും കരുണാർഹയും" (*Misericordia et Misera*). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശു കണ്ടുമുട്ടുന്ന സംഭവം (യോഹ 8: 1 -11) പുനരാഖ്യാനം നടത്തുമ്പോൾ വിശുദ്ധ അഗസ്റ്റിൻ ഉപയോഗിക്കുന്ന പ്രയോഗമാണല്ലോ "കരുണയും കരുണാർഹയും." ഈ കരുണയും നീതിയും സഭയുടെ എല്ലാ തലങ്ങളിലും തുടരണമെന്നും അങ്ങനെ 'കാരുണ്യത്തിന്റെ വിതരണക്കാരാകാൻ' ഓർമ്മിപ്പിക്കുകയായിരുന്നു പാപ്പ. ജൂബിലിയുടെ കവാടം അടച്ചാലും നമ്മുടെ ഹൃദയത്തിന്റെ കരുണയുടെ കവാടം മലർക്കെ തുറന്നു തന്നെ കിടക്കണമെന്ന് പാപ്പ ആഗ്രഹിക്കുന്നു.

### *നിരാശയുടെ നിഴൽ വീഴാത്ത പ്രത്യാശ*

ഫ്രാൻസിസ് പാപ്പയുടെ ആത്മകഥ, "*Hope*" 2025 ജനുവരി മധ്യത്തിൽ പുറത്തിറങ്ങിയപ്പോൾ പലരും അതിശയിച്ചു. 'എന്തുകൊണ്ട് ആ ശീർഷകം?' എന്ന്. ഉത്ഥാനത്തിന്റെ പ്രത്യാശയുടെ തിരുനാൾ ആഘോഷം കഴിഞ്ഞ് 2025 ഏപ്രിൽ 21-ന് കടന്നുപോകുമ്പോൾ നാം തിരിച്ചറിയുന്നു, തന്റെ 'ലാസ്റ്റ് ടെസ്റ്റമെന്റ്,' 'ലോകത്തിനായുള്ള ഒസ്യത്ത്,' നിരാശയുടെ നിഴൽ വീഴാത്ത ഈ ജീവിതാനുഭവം തന്നെയാണെന്ന്.

അഭയാർത്ഥികളോടും കുടിയേറ്റക്കാരോടും അരികുകളിൽ ജീവിക്കാൻ വിധിക്കപ്പെട്ടവരോടും എന്നും കാരുണ്യവും കനിവും കാത്തുസൂക്ഷിച്ച ആ മനസ്സിന്റെ പിന്നാമ്പുറങ്ങളിലെ അനുഭവം പുസ്തകത്തിന്റെ ആമുഖത്തിൽ കൊടുത്തിട്ടുണ്ട്. 1927 ഒക്ടോബർ 11-ന് ഇറ്റലിയിലെ ജെനോവയിൽ നിന്നും ബ്യൂണസ് അയേഴ്സിലേക്ക് കപ്പൽ യാത്രയ്ക്കുള്ള ടിക്കറ്റെടുത്തതും, എന്നാൽ യാത്രയാകും മുമ്പ് കുടുംബസ്വത്തുക്കൾ വിറ്റഴിക്കാൻ കഴിയാതെ വന്നപ്പോൾ, ടിക്കറ്റ് മറ്റൊരാൾക്ക് മറിച്ചു വിറ്റതും, അങ്ങനെ അവരെക്കൂടാതെ യാത്രപോയ കപ്പൽ മുങ്ങിത്താണതും, അവിടെ വിവരിക്കുന്നുണ്ട്. അവസാന നിമിഷം ടിക്കറ്റ് കൈമാറി യാത്ര മുടങ്ങിയ മൂന്നു പേർ, മാതാപിതാക്കളും അവരുടെ ഏക മകൻ മാരിയോയും ആയിരുന്നു. തനിക്ക് ജീവിതം പകർന്ന തന്റെ വത്സല പിതാവ്, മാരിയോ! പാപ്പ ആമുഖത്തിൽ തുടരുന്നു: "*That is why I'm here now*" ഇങ്ങനെ ദൈവിക പരിപാലനയ്ക്ക് എത്രയോ പ്രാവശ്യം ഞാൻ നന്ദിപറയുന്ന അനുഭവം ജീവിതത്തിൽ ഉണ്ടായിട്ടുണ്ടെന്ന് ആർക്കും ചിന്തി


ക്കാനാവില്ല. (*Pope Francis, Hope-The Autobiography, Penguin-Viking, U.K., 2025, p.6*) അതാണ് ആത്മകഥയിലൂടെ പാപ്പ പകരുന്ന പ്രത്യാശയുടെ ഒസ്യത്ത്.

ഫ്രാൻസിസ് പാപ്പ ആഗോള കത്തോലിക്കാ സഭയുടെ അജപാലന ശുശ്രൂഷാ നേതൃത്വം ഏറ്റെടുത്തശേഷം അദ്ദേഹത്തെപ്പറ്റി ആദ്യമായി ഇറങ്ങിയ പുസ്തകങ്ങളിലൊന്ന് ന്യൂയോർക്കിൽ നിന്നുള്ള ക്രിസ് ലോവ്ണി (*Chris Lowney*) യുടെ *Pope Francis: Why He leads the way He leads (Loyola Press, Chicago)* ആയിരുന്നു. *"What is distinctive of a Jesuit Pope?"* (ഈശോ സഭക്കാരനായ പാപ്പ എങ്ങനെ വ്യത്യസ്തനാകുന്നു?) എന്നാണ് ക്രിസ് ചോദിക്കുന്നത്.

സഭാസ്ഥാപകൻ ഇഗ്നേഷ്യസ് ലെയോള തന്നെ യുദ്ധം സമ്മാനിച്ച ശാരീരിക മുറിവുകളിലൂടെ ആത്മീയോണർവ് സമ്പാദിച്ച വിശുദ്ധനാണ്. അത് സമാധാന സംസ്ഥാപനത്തിനും വിശ്വസാഹോദര്യത്തിനും വേണ്ടി നിലകൊള്ളാൻ മനഃസാക്ഷിയെ ഒരുക്കിയിരിക്കാം. താൻ സ്വീകരിച്ച അസീസിയിലെ ഫ്രാൻസിസിന്റെ നാമം, എല്ലാം ഉപേക്ഷിച്ച് ദരിദ്രനായി ത്തീർന്ന ആ കുബേരകുമാരന്റെ ചൈതന്യം സ്വന്തമാക്കാൻ ഇടയാക്കിയിരിക്കാം. ദരിദ്രരേയും കുഷ്ഠരോഗികളേയും ആശ്ലേഷിക്കുന്ന, സൃഷ്ടപ്രപഞ്ചത്തിനായും പരിസ്ഥിതിക്കായും തുടിക്കുന്ന ആ സ്നേഹഗായകന്റെ ഈണം അങ്ങനെ പാപ്പാ ഫ്രാൻസിസിന്റെയും ഹൃദയരാഗമായി. എല്ലാറ്റിനും ഉപരിയായി പീഢാനുഭവങ്ങളെയും കാൽവരി കുരിശിലെ മരണത്തെയും അതിജീവിച്ച് ഉത്ഥിതനായ ക്രിസ്തു നിരന്തരം ശക്തിയായും ശാന്തിയായും പ്രത്യാശയായും എന്നും കൂടെയുണ്ടല്ലോ.

ഏതായാലും, ഈ കാലഘട്ടത്തിന്റെ പ്രവാചക ശബ്ദം നിലച്ചു. എന്നാൽ, ഫ്രാൻസിസ് പാപ്പ എന്ന ആത്മീയ ആചാര്യന്റെ വാക്കുകൾ, ആനന്ദം, കാരുണ്യം, പ്രത്യാശ, നമ്മിൽ അനുരണനങ്ങൾ ഉണർത്തട്ടെ. പാപ്പാ, പ്രണാമം!

# സ്നേഹം+കരുതൽ = ഫ്രാൻസിസ് പാപ്പ



**ഡോ. ഹെൻറി പട്ടമരുമഠത്തിൽ എസ്.ജെ.**

കഴിഞ്ഞ പന്ത്രണ്ടു വർഷത്തെ ശുശ്രൂഷയ്ക്കു ശേഷം ഫ്രാൻസിസ് മാർപാപ്പ വിടവാങ്ങുകയാണ്. ക്രിസ്തുശിഷ്യനായ ഒരു അധികാരി എപ്രകാരുമുള്ള ആളായിരിക്കണം എന്നതിന് തന്റെ ജീവിതംവഴി ഒരു ഉത്തമ മാതൃക നല്കിക്കൊണ്ടാണ് പാപ്പ കടന്നുപോകുന്നത്. ഈ ദിവസങ്ങളിൽ ലോകത്തിന്റെ എല്ലാ കോണുകളിൽനിന്നും ജാതിമതഭേദമെന്യേ പാപ്പായ്ക്കായി ആദരാഞ്ജലികൾ ഉയരുന്നു. തന്റെ ജീവിത ലാളിത്യം കൊണ്ടും മനുഷ്യസ്നേഹം കൊണ്ടും അദ്ദേഹം ജനഹൃദയങ്ങളെ കീഴടക്കിയിരിക്കുന്നു.

ഫ്രാൻസിസ് പാപ്പ സഭയിലും സമൂഹത്തിലും വലിയ മാറ്റമുണ്ടാക്കി. ഒരുപാടുപേർക്ക് സഭയോടുണ്ടായിരുന്ന അകൽച്ചയും നിസ്സംഗതയും കുറഞ്ഞിരിക്കുന്നു. ജാതി, മത, വർണ, വർഗ, ലിംഗ, ദേശ വ്യത്യാസങ്ങളുടെ പേരിൽ ചൂഷണം ചെയ്യപ്പെടുകയും മാറ്റിനിർത്തപ്പെടുകയും ചെയ്തിരുന്നവർക്ക് പാപ്പ വലിയ ആശ്വാസവും പ്രത്യാശയുമായി. സഭാമക്കൾക്ക് സന്തോഷത്തോടെയും അഭിമാനത്തോടെയും തങ്ങൾ കത്തോലിക്കരാണ് എന്നു പറയാൻ കഴിയുന്ന ഒരു സാഹചര്യം രൂപപ്പെട്ടു. അധികാര മേധാവിത്വങ്ങളുടെ സഭയല്ല, മുറിവേറ്റ സഭയാണിതെന്നും കരുണയും സ്നേഹവുമാണ് സഭയുടെ മുഖമുദ്രകളെന്നുമുള്ള സന്ദേശം തന്റെ ജീവിതത്തിലൂടെയും പ്രബോധനങ്ങളിലൂടെയും പാപ്പാ നല്കി. ഈ ദശാബ്ദത്തിലെ ലോകത്തിലെ ഏക ധാർമ്മിക ശബ്ദമാണ് പാപ്പായുടെ വേർപാടോടെ നിലച്ചത്.

2013 മാർച്ച് 13-ാം തീയതി മാർപാപ്പയുടെ തിരഞ്ഞെടുപ്പു വാർത്ത കേൾക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഉണ്ടാകാനുള്ള ഭാഗ്യം എനിക്കും കിട്ടി. അന്നവിടെ സംഭവിച്ച കാര്യങ്ങൾ പലവുരിപറഞ്ഞു കേട്ട് മിക്കവാറും മനുഷ്യർക്ക് കാണാപാഠമാണ്. ലത്തീൻ അമേരിക്കയിൽ നിന്നുള്ള ആദ്യ മാർപാപ്പ; ആദ്യത്തെ ജസ്വിറ്റ് പാപ്പ; പാവപ്പെട്ടവരോട് ആഭിമുഖ്യമുള്ള ലളിതജീവിത പ്രേമിയായ മാർപാപ്പ. പാപ്പ ആയതിനുശേഷമുള്ള തന്റെ ആദ്യത്തെ പൊതുദർശനത്തിൽ തന്നെ ഫ്രാൻസിസ് പാപ്പ ലോകത്തിന്റെ ഹൃദയം കീഴടക്കി. അന്നവിടെ നിന്ന് തിരിച്ച് ഞങ്ങളുടെ കമ്മ്യൂണിറ്റിയിലേക്ക് പോരുമ്പോൾ എനിക്ക് ഒത്തിരി സന്തോഷവും അഭിമാനവും തോന്നി. ഫ്രാൻസിസ് മാർപാപ്പയുടെ പേരിൽ എന്റെ ഉള്ളു നിറയുന്നതായി അനുഭവപ്പെട്ടു.അതീവ കൃപയുടെ ആനന്ദാനുഭവം!

എനിക്ക് വ്യക്തിപരമായി ഫ്രാൻസിസ് പാപ്പയെ ആദ്യം കാണാൻ കഴിഞ്ഞത് 2014 ജനുവരി 3-ാം തീയതി ആയിരുന്നു. ഈശോ സഭാ വിശുദ്ധനായ പീറ്റർ ഫേബറിനെ വിശുദ്ധനായി പ്രഖ്യാപിച്ചതിനു ശേഷം കൃതജ്ഞതാബലി

അർപ്പിക്കാൻ പാപ്പ റോമിലെ ഈശോസഭക്കാരുടെ ദേവാലയമായ കിയേസാ ദി ജേസുവിൽ വന്നപ്പോഴായിരുന്നു അത്. വളരെ ലളിതമായ തിരുക്കർമ്മങ്ങൾ, പക്ഷേ ആഴമായ ആത്മീയ അരൂപി അവിടെ നിറഞ്ഞുനിന്നിരുന്നു. "ഈശോയുടെ ഭാവങ്ങളും ചലനങ്ങളും സ്വായത്തമാക്കി ജീവിക്കേണ്ടവരാണ് ഈശോസഭക്കാർ" എന്ന പാപ്പയുടെ വാക്കുകൾ എനിക്കേറെ ഹൃദ്യമായി. തിരുക്കർമ്മങ്ങൾക്കുശേഷം അന്നവിടെ ഉണ്ടായിരുന്ന എല്ലാ ഈശോസഭക്കാർക്കും പാപ്പയെ കാണാൻ അവസരം കിട്ടി. എന്റെ ഊഴം വരുമ്പോൾ അദ്ദേഹത്തോട് എന്തെങ്കിലും സംസാരിക്കണം എന്ന് ഞാൻ കരുതിയിരുന്നു. പക്ഷേ പാപ്പയുടെ മുൻപിൽ നിന്നപ്പോൾ എനിക്ക് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. എന്തോ ഒരു ദിവ്യാനുഭൂതി എന്നെ വലയം ചെയ്യുന്നതുപോലെ തോന്നി. ഫ്രാൻസിസ് പാപ്പ തികച്ചും ഒരു അത്ഭുതമായി എനിക്ക് അനുഭവപ്പെട്ടു. പരിശുദ്ധാത്മാവിന്റെ നിറവുള്ള വലിയ ഇടയൻ!!

പാപ്പായുടെ വിയോഗവാർത്ത അറിയിച്ചുകൊണ്ട് വത്തിക്കാനിലെ കമർലെങ്കൊ കർദ്ദിനാൾ കെവിൻ ഫാരൽ പറഞ്ഞതുപോലെ: "അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ദൈവത്തിനും അവിടുത്തെ സഭയ്ക്കും വേണ്ടി സമർപ്പിച്ചതായിരുന്നു. സുവിശേഷ മൂല്യങ്ങൾ വിശ്വസ്തതയോടെയും ധീരതയോടെയും സാർവ്വലൗകിക സ്നേഹത്തോടെയും പ്രത്യേകിച്ച് ഏറ്റവും ദരിദ്രരായവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടേയും ക്ഷേമത്തിനായി ജീവിക്കാൻ ഫ്രാൻസിസ് പാപ്പ നമ്മെ പഠിപ്പിച്ചു." ഈ കാലഘട്ടത്തിൽ എല്ലാവരെയും ഉൾക്കൊള്ളുകയും ചേർത്തുനിർത്തുകയും ചെയ്ത ഒരു വലിയ ഇടയനെ നല്കിയതിന് ദൈവത്തിനു നന്ദി. വിശ്വാസത്തിന്റെ ആനന്ദവും അഭിമാനവുമായി ഫ്രാൻസിസ് പാപ്പ എന്നും ജീവിക്കും.



# കടന്നുപോകുന്നത് 'മൂന്നാം ക്രിസ്തു'...



ഡോ. ജോഷി മയ്യാറ്റിൽ

ഏവർക്കും സ്വീകാര്യനും പ്രിയങ്കരനുമായ ഒരു ആചാര്യന്റെ അഭാവമാണ് ഫ്രാൻസിസ് പാപ്പയുടെ ദേഹവിയോഗം ലോകത്തിന് വരുത്തിവച്ചിരിക്കുന്നത്. കത്തോലിക്കർക്കു മാത്രമല്ല, എല്ലാ മതവിഭാഗങ്ങൾക്കും, മതമില്ലാത്തവർക്കും വരെ വൻ പ്രചോദനമായിരുന്നു ഫ്രാൻസിസ് പാപ്പ. എന്തുകൊണ്ടാണ് അദ്ദേഹത്തെ ലോകം ഇതുപോലെ നെഞ്ചിലേറ്റിയത്? മറുപടി ഒന്നേ ഉണ്ടാകൂ - അദ്ദേഹം 'ഫ്രാൻസിസ്' ആയതുകൊണ്ട് തന്നെ!

ആ പേരിന്റെ ബാധ്യത

2013 മാർച്ച് 13-ാം തീയതി കർദ്ദിനാൾ ജോർജ് ബർഗോളിയോ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, 'രണ്ടാം ക്രിസ്തു' എന്നറിയപ്പെടുന്ന, അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ പേര് അദ്ദേഹം ഏറ്റെടുത്തത് ഏവരെയും വിസ്മയിപ്പിച്ചു. ഏഴു നൂറ്റാണ്ടുകളായി ഒരു പാപ്പയും സ്വീകരി ക്കാൻ ധൈര്യപ്പെടാതിരുന്ന, ഒരു പേരാണത്! കാരണം, അത് അത്രയ്ക്കു ഭാരിച്ച ഒന്നാണ്. സമ്പൂർണ ദൈവാശ്രയം, ലളിത ജീവിതം, അഭൗമികമായ സ്വാതന്ത്ര്യവും ധീരതയും, ദാരിദ്ര്യാരൂപിയോടുള്ള അഭിനിവേശം, ദരിദ്രരോടുള്ള പക്ഷംചേരൽ, പ്രകൃതിയോടുള്ള ആഭിമുഖ്യം എന്നിങ്ങനെയുള്ള മൂല്യങ്ങൾ അനിവാര്യമാക്കുന്ന ഒരു പേരാണ് ഫ്രാൻസിസ്.

*ഫ്രാൻസിസ് പാപ്പയുടെ ദാരിദ്ര്യാരൂപിയും ദരിദ്രപക്ഷവും*

ലളിതമായ ജീവിതശൈലിയും തീർത്ഥാടക മനോഭാവവും കൊണ്ട് അലംകൃതമായിരുന്നു ആ ജീവിതം. ദാരിദ്ര്യത്തെ വരിച്ച അദ്ദേഹം ദരിദ്രരോട് സ്ഥായിയായ ഐക്യദാർഢ്യം പ്രഖ്യാപിച്ചു; ദരിദ്രർക്കും അഗതികൾക്കും അഭയാർത്ഥികൾക്കും വേണ്ടി നിരന്തരം സംസാരിച്ചു. ക്രിസ്റ്റ്യൻ സോഷ്യലിസത്തിന്റെ തളരാത്ത പോരാളിയെന്ന് ഫ്രാൻസിസ് പാപ്പായെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. കാപ്പിറ്റലിസത്തിന്റെ ഉരുക്കുകോട്ടയിൽ ചെന്ന് ട്രിക്കിൾ ഡൗൺ സിദ്ധാന്തത്തെ കണക്കിനു പരിഹസിക്കാൻ അദ്ദേഹം കാണിച്ച കൂസലില്ലായ്മ അവിസ്മരണീയമാണ്.

ദരിദ്രർ സഭയുടെ ശ്രദ്ധാകേന്ദ്രം ആകുമ്പോൾ പണത്തിന്റെ വിനിയോഗത്തിൽ വലിയ ശ്രദ്ധയും ജാഗ്രതയും പുലർത്തുക അനിവാര്യമാണ്. പണം ദുരുപയോഗം ചെയ്യുന്ന രീതികളെ അതിശക്തമായി നേരിട്ട പാപ്പ സഭയിൽ ധനദുർവിനിയോഗം ചെയ്തവർക്കെതിരേ മുഖം



നോക്കാതെ നടപടി എടുത്തു. വത്തിക്കാൻ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത കൊണ്ടുവരാനും അഴിമതി തടയാനും അദ്ദേഹം ശ്രദ്ധിച്ചു.

*സർവരും സഹോദരർ*

ദൈവത്തെ പിതാവായി ചൂണ്ടിക്കാണിച്ചു തന്നതിലൂടെ ഈശോ നമുക്കായി സമ്മാനിച്ചത് അതിരുകളറിയാത്ത സാഹോദര്യബോധ്യങ്ങളാണ്. മതം, വർണ്ണം, വംശം, രാഷ്ട്രം എന്നിവയുടെ അതിർവരമ്പുകൾക്കപ്പുറത്തേക്ക് ഫ്രാൻസിസ് പാപ്പ മാനവ സാഹോദര്യത്തിന്റെ സന്ദേശം വ്യാപിപ്പിച്ചു. 'ദൈവം പിതാവാണെങ്കിൽ എല്ലാവരും സഹോദരർ തന്നെ' എന്ന അദ്ദേഹത്തിന്റെ സുവിശേഷാധിഷ്ഠിതമായ കാഴ്ചപ്പാട് എല്ലാവരും സോദരർ ('ഫ്രത്തെല്ലി തൂത്തി') എന്ന ചാക്രിക ലേഖനത്തിലൂടെ നമുക്ക് ഒരു മഹാപൈതൃകം പോലെ സംലഭ്യമാണ്.

സർവ്വമത സൗഹാർദ്ദം ഇവിടെ എടുത്തു പറയേണ്ടതാണ്. യഹൂദ പണ്ഡിതന്മാർ, മുസ്ലിം നേതാക്കൾ, ഹിന്ദു-ബുദ്ധ മതാനുയായികൾ എന്നിവരുമായി അദ്ദേഹം സൗഹൃദങ്ങളിലും സംഭാഷണങ്ങളിലും ഏർപ്പെട്ടു. 2019-ൽ അദ്ദേഹം അബുദാബിയിൽ ഇസ്ലാമിക പ്രതിനിധികളുമായി 'മനുഷ്യ സാഹോദര്യത്തിനായുള്ള പ്രഖ്യാപനം' ഒപ്പുവച്ചു. ദുർബലരോടുള്ള പ്രതിബദ്ധത

പാർശ്വവൽകരിക്കപ്പെട്ടവരും മുറിവേറ്റവരും ദുർബലരും നമ്മുടെ സവിശേഷ ശ്രദ്ധ ലഭിക്കേണ്ട സോദരരാണെന്ന് ഫ്രാൻസിസ് പാപ്പ നിലപാടെടുത്തു. ക്രിസ്തുവിന്റെയും അസീസിയിലെ രണ്ടാം ക്രിസ്തുവിന്റെയും ആ 'നല്ല ശമറായൻ' നിലപാട് അതിസുന്ദരമായ ഭാഷയിലൂടെയും ജീവിത ശൈലിയിലൂടെയും മൂന്നാം ക്രിസ്തു ലോകത്തെ പഠിപ്പിച്ചു. അനേകം അവസരങ്ങളിൽ പാപ്പ ജയിലുകൾ, ചേരിപ്രദേശങ്ങൾ, അഭയാർത്ഥി ക്യാമ്പുകൾ എന്നിവ സന്ദർശിച്ച് അവിടെയുള്ളവരുടെ കാലുകൾ കഴുകി സേവനത്തിന്റെയും വിനയത്തിന്റെയും മാതൃക സൃഷ്ടിച്ചു. സഭയിലെ സ്ത്രീ ശാക്തീകരണ നടപടികളെയും ഈ വീക്ഷണകോണിലൂടെ കാണാവുന്നതാണ്. സഭയിലും സമൂഹത്തിലും സ്ത്രീകളുടെ പങ്കിനെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത പാപ്പ, സഭയിലെ പല സ്ഥാനങ്ങളിലേക്കും സ്ത്രീകളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനുള്ള സാമൂഹിക നടപടികളെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ലൈംഗിക ചൂഷണ ആരോപണങ്ങളിൽ സമ്പൂർണ്ണ സത്യം പുറത്തുകൊണ്ടുവരാനും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും അദ്ദേഹം ശ്രമിച്ചു. സീറോ ടോളറൻസ് എന്ന പദം തന്നെ സഭയിൽ കേട്ടത് അദ്ദേഹത്തിന്റെ കാലത്താണ്. 'ദൈവത്തിന്റെ കരുണയുടെ മുഖമാണ് ക്രിസ്തു വിന്റെ സഭ' എന്ന് മടുക്കാതെ നിരന്തരം സഭാമക്കളെ ഓർമിപ്പിച്ച അദ്ദേഹം അതിൽ ശിക്ഷണ നടപടികൾക്കുള്ള സ്ഥാനത്തെക്കുറിച്ചും ബോധവാനായിരുന്നു.

*ഒഴിവാക്കുന്ന സമീപനത്തിൽ മാറ്റം*

സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെയും പൂർണ്ണമായി അകറ്റപ്പെട്ടവരെയും ചേർത്തുപിടിച്ച് ആത്മീയ സൗഖ്യത്തിലേക്ക് നയിക്കുന്ന അജപാലന രീതിയാണ് ഫ്രാൻസിസ് പാപ്പ മുന്നോട്ടുവച്ചത് - ആരെയും തിരസ്കരിക്കാതെ, എല്ലാവരെയും ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന സമീപനം. 2013-ൽ വിമാനത്തിൽ വച്ച് സ്വവർഗ അനുരാഗികളെ കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക്, 'അവരെ വിധിക്കാൻ ഞാൻ ആര്' എന്ന മറുചോദ്യം ചോദിച്ചതോടെ സ്വവർഗ അനുരാഗികളെ പ്രോത്സാഹിപ്പിക്കുന്ന പാപ്പ എന്ന രീതിയിൽ അതു വ്യാഖ്യാനിക്കപ്പെട്ടു. പാപ്പയുടെ നിര്യാണത്തിന് ശേഷമുള്ള ഈ ദിനങ്ങളിൽ പോലും പാപ്പ സ്വവർഗാനുരാഗത്തെ മാരക പാപങ്ങളുടെ ലിസ്റ്റിൽ നിന്ന് എടുത്തുനീക്കി എന്നൊക്കെ ചിലർ തട്ടിവിടുന്നുണ്ടായിരുന്നു! മേൽപ്പറഞ്ഞ ഗണത്തിൽ പെടുന്ന വ്യക്തികളെ പൂർണ്ണമായി അവഗണിക്കുകയോ പിണ്ഡം വച്ച് പടിയടക്കുകയോ ചെയ്യാതെ അജപാലനപരമായ കരുണയോടെ അവരോട് ബന്ധം പുലർത്തിയും ചേർന്നു നടന്നും അവരെ ആത്മീയമായി സൗഖ്യപ്പെടുത്താൻ അജപാലകർക്കുള്ള ഉത്തരവാദിത്തമാണ് പാപ്പ അതിലൂടെ യെല്ലാം അടിവരയിട്ടത്.

*പരിസ്ഥിതി സാഹോദര്യം*

മല, പുഴ, മണ്ണ്, മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ എന്നിവയെ എല്ലാം സഹോദരങ്ങളായി കാണുന്ന രണ്ടാം ക്രിസ്തുവിന്റെ കാഴ്ചപ്പാട് നമ്മൾ ഫ്രാൻസിസ് പാപ്പയിൽ വ്യക്തതയോടെ കണ്ടു. കാലാവസ്ഥാ വ്യതിയാനത്തിനെതിരെയും പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയും അദ്ദേഹം ശക്തമായ നിലപാട് സ്വീകരിച്ചു. 2015-ൽ പുറപ്പെടുവിച്ച 'ലൗദാത്തോ സി' എന്ന ചാക്രികലേഖനത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിന്റെ ആത്മീയാടിസ്ഥാനവും ആഗോള പ്രസക്തിയും പ്രായോഗിക പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. 'പൊതു ഭവനം' എന്ന നിലയിൽ ഭൂമിയെ സംരക്ഷിക്കാനുള്ള മനുഷ്യന്റെ ധാർമ്മിക കടമയെക്കുറിച്ച്, ലോകത്തെ ഇത്രയേറെ പ്രബോധിപ്പിച്ച മറ്റൊരു വ്യക്തി അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല.

# പിതൃസ്നേഹത്തിന്റെ ചിറകുമായി ഫ്രാൻസിസ് പാപ്പ



ഡോ. ജോസി കോച്ചപ്പിള്ളി



എളിമയാർന്ന ജീവിതവും നിഷ്കളങ്കമായ പുഞ്ചിരിയോടും കൂടെ പിതൃസ്നേഹത്തിന്റെ മാതൃകയായ പാപ്പയെ കാണാൻ നിരവധി അവസരങ്ങൾ ലഭിച്ചു വെങ്കിലും നേരിട്ട് സംസാരി ക്കുവാനായി 10 തവണ. മനസ്സിൽ എപ്പോഴും പച്ചയായി കിടക്കുന്നത് മൂന്ന് സംഭവങ്ങളാണ്. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജന ങ്ങൾക്ക് വേണ്ടിയുള്ള ബിഷപ്പുമാ രുടെ സിനഡിൽ ദൈവം അനുഗ്ര ഹിച്ചു. 30 ദിവസവും നേരിട്ട് പാപ്പയെ അടുത്ത് കാണാൻ സാധിച്ചെങ്കിലും നാല് തവണ യാണ് അടുത്തുനിന്ന് പറയാൻ സാധിച്ചത്. സിനഡിന്റെ രണ്ടാ മത്തെ ദിവസം പാപ്പ യെ അടുത്ത് കാണുവാൻ ദൈവം അവസരം തന്നപ്പോൾ പാപ്പയുടെ കൈമുത്തി പാപ്പയുടെ മുൻപിൽ മുട്ടുകുത്തി. സാധാരണ തന്റെ മുമ്പിൽ ആരും മുട്ടുകുത്തുന്നത് ഇഷ്ടമല്ലാതിരുന്ന പാപ്പ ഒന്നും പറയാതെ കണ്ണുകൾ അടച്ച് പ്രാർത്ഥിച്ച് ശിരസ്സിൽ കൈവെച്ച് എന്നെ അനുഗ്രഹിച്ചു. ദൈവ ത്തിന്റെ സ്പർശനം ലഭിച്ച അനുഗ്രഹ നിമിഷങ്ങൾ ആയി രുന്നു എനിക്ക്. വരാപ്പുഴ അതിരൂ പതയിൽ നിന്നാണെന്നും അഭിവന്ദ്യ ജോസഫ് കളത്തി പ്പറമ്പിൽ പിതാവാണ് മെത്രാപ്പോലീത്തയെന്നും പറഞ്ഞപ്പോൾ പാപ്പയ്ക്ക് വളരെ സന്തോഷമായി. വേറൊരു തവണ പാപ്പയുമായി സംസാരിക്കുവാൻ അവസരം കിട്ടിയപ്പോൾ നിത്യസഹായ മാതാവിന്റെ പ്രാർത്ഥന ഉൾപ്പെടുന്ന ചെറിയ കാർഡ് പാപ്പയെ കാണിച്ചപ്പോൾ മാതൃഭക്തനായ പാപ്പ കാർഡിന്റെ പുറകിൽ ഒപ്പിട്ട് എനിക്ക് തന്നു. ഇപ്പോഴും വിശുദ്ധിയുള്ള പാപ്പയുടെ സ്മരണയ്ക്കായി എന്റെ കയ്യിൽ അതുണ്ട്. സിനഡ് തീരുവാൻ രണ്ടുദിവസം മാത്രം ബാക്കിയുള്ളപ്പോൾ സെന്റ് പീറ്റേഴ്സ് കോളേജിന്റെ ചാപ്പലിലെ സക്രാരിയുടെ മുമ്പിൽ ഇരിക്കുമ്പോൾ മൂന്നുവർഷം മുൻപുണ്ടായ ആക്സിഡന്റിനെ കുറിച്ച് പാപ്പയോട് പറയണ മെന്ന് ആഗ്രഹം തോന്നി. മുഴുവൻ പറയുവാൻ സമയമില്ലെന്ന് അറിയാവുന്നതിനാൽ ഞാൻ ഒരു പേപ്പറിൽ അത്യാവശ്യം ഉള്ള കാര്യങ്ങൾ എഴുതി, ഇറ്റാലിയൻ ഭാഷയിൽ. ഡിസംബർ എട്ടാം തീയതി അമലോത്ഭവ മാതാവിന്റെ ദിവസം ഞാൻ ജനിച്ചതും അച്ചനായതും ഡോക്ടറേറ്റിന് ഞാൻ ചെയ്യുന്ന വിഷയം പാപ്പയ്ക്ക് ഇഷ്ടമുള്ള വിഷയമായ ‘വിവേചന ശക്തി’ ഉൾപ്പെടുന്ന തലക്കെട്ടും ഞാൻ എഴുതി. ‘വിവേചന ശക്തിയുടെ പൂർണ്ണതയ്ക്കായി മനസ്സാക്ഷിയുടെ രൂപീകരണം, ഭാരത ത്തിലെ സെമിനാരിക്കാരുടെ പശ്ചാത്തല ത്തിൽ രൂപീകരണവും പ്രോജ്ജ്വ ലനപരമായ അനിവാര്യം’. പിറ്റേദിവസം പാപ്പയെ അടുത്ത് കാണുവാൻ ഭാഗ്യം ഉണ്ടായപ്പോൾ പാപ്പയോട് ഞാൻ മാതാവിന്റെ ദിവസമാണെന്ന് പറഞ്ഞു. സന്തോഷംകൊണ്ട് ജ്വലിക്കുന്നതായി ഞാൻ കണ്ടു. സംസാരിക്കാൻ അധികം സമയമില്ലെന്ന് അറിഞ്ഞതിനാൽ ഞാൻ തുടർന്നുപറഞ്ഞു, മൂന്നുവർഷം മുമ്പ് എനിക്ക് ഒരു ആക്സിഡന്റ് ഉണ്ടായി. ജീവിക്കുമോ മരിക്കുമോ എന്ന് ഡോക്ടർ മാർക്ക് പോലും പറയാൻ പറ്റുമായിരുന്നില്ല. പക്ഷേ ഈശോയും മാതാവും എന്നെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു. അത് കേട്ടപ്പോൾ തന്നെ പാപ്പ പറഞ്ഞു. ‘ഈശോയും മാതാവും നിന്നെ എത്രമാത്രം സ്നേഹി ക്കുന്നുവെന്ന് നിനക്ക് മനസ്സിലായില്ലേ’. അത് കേട്ടപ്പോൾ സന്തോഷം കൊണ്ട് എന്റെ കണ്ണുനിറഞ്ഞു. ഗ്രാസിയേ മിലേ പാപ്പേ (ആയിരം നന്ദി പാപ്പ).. പാപ്പ അനുഗ്രഹിച്ച് നടന്നുപോയി.

# സാന്ത്വനത്തിന്റെ ഈ കാരുണ്യദൂതന് പ്രണാമം



‘ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കു ന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.’ (ഏശയ്യാ 61:1) 2013 മാർച്ച് 13 മുതൽ 2025 ഏപ്രിൽ 25 വരെ 12 വർഷത്തോളം പാർശ്വവൽകരിക്കപ്പെട്ട, ഹൃദയം തകർന്ന, നീതി നിഷേധി ക്കപ്പെട്ട, അവഗണനകൾ ഏറ്റുവാങ്ങിയ ജീവിതങ്ങൾക്ക് സദ്വാർത്തയായ ഫ്രാൻസിസ് പാപ്പ മരണ മില്ലാത്ത ഓർമ്മയാവുകയാണ്. പറയുന്നത് ജീവിച്ചും, ജീവിച്ചത് തന്റെ മുന്നിൽ ജീവിക്കാൻ കൊതിച്ച മനുഷ്യ ജന്മങ്ങൾക്കായ് മാറ്റിവയ്ക്കുകയും ചെയ്തപ്പോൾ ഈ പാപ്പാ കാരുണ്യത്തിന്റെയും സ്നേഹ ത്തിന്റെയും പാപ്പയായി മാറി. 88 വർഷത്തെ ജീവിതത്തിൽ ലോകത്തിനായ് നൽകാൻ ഉണ്ടായിരുന്ന സന്ദേശം ഒന്നു മാത്രം, ‘ഞാൻ നിങ്ങളിൽ ഒരുവനായ് ജീവിച്ചു’ സ്വാർത്ഥതയുടെ പ്രത്യയശാസ്ത്ര ങ്ങളെ അതിശക്തമായി എതിർത്ത ഈ സ്നേഹത്തിന്റെ പ്രവാചകൻ തിരസ്കരിക്കപ്പെട്ടവന്റെ ജീവിക്കുന്ന സുവിശേഷമായി മാറി.

മാനവരാശിയുടെ സമഗ്രമായ വികസനം സ്വപ്നം കണ്ട ‘പാവ ങ്ങളുടെ പാപ്പ’ പ്രവാസികളെയും അശരണരെയും നെഞ്ചോട് ചേർത്തു. ദൈവശാസ്ത്ര പഠനത്തിന്റെ ഭാഗമായി, ഞാൻ താമസിക്കുന്ന റോമിലെ സെന്റ് പോൾ ഓഫ് ദി ക്രോസ് ദേവാലയം സന്ദർശിക്കാൻ 7 വർഷങ്ങൾക്കു മുമ്പ് 2018 ഏപ്രിൽ 16 ന് പാപ്പാ വന്നപ്പോൾ കൊച്ചു കുട്ടികളുമായി സംസാരിക്കുന്ന വേളയിൽ, തന്റെ പിതാവി നെ നഷ്ടപ്പെട്ട എമ്മാനുവല്ലെ ബാൾദേരി എന്ന ബാലൻ തനി ക്കും തന്റെ രണ്ട് സഹോദര ന്മാർക്കും ഒരു സഹോദരിക്കും (4 മക്കൾ) മാമ്മോദീസ സ്വീകരി ക്കാൻ അവസരം ഒരുക്കിയ തന്റെ ദൈവ വിശ്വാസമില്ലാത്ത പപ്പ സ്വർഗ്ഗത്തിൽ പോകുമോ എന്ന് ചോദിച്ചപ്പോൾ ദൈവം സ്നേഹമുള്ള പിതാ വാണെന്നും നല്ല മനസ്സുള്ള ഈ കുഞ്ഞിന്റെ അപ്പൻ സ്വർഗ്ഗത്തിൽ ആയിരിക്കുമെന്ന് പറഞ്ഞ് അവനെ ചേർത്തുകെട്ടിപ്പിടിച്ച് പ്രത്യാശയേകിയത് മാധ്യമങ്ങളിൽ ഇടം പിടിച്ചതാണ്. പാപ്പ ഹൃദയ ത്തോട് ചേർത്തുപിടിച്ചപ്പോൾ കൊച്ചു ബാലനിൽ ഉണ്ടായ മാനസിക സന്തോഷത്തെക്കുറിച്ച് പിന്നീട് വാർത്താ മാധ്യമങ്ങളോട് അവന്റെ അമ്മ എലിസബത്ത് പാച്ചോത്തി പറഞ്ഞത് വളരെ യേറെ വികാരഭരിതയായാണ്. പോപ്പിന്റെ മരണവാർത്ത അറിഞ്ഞ ഇമ്മാനുവല്ലെ കഴിഞ്ഞദിവസം മാധ്യമങ്ങളോട് പറഞ്ഞത് ഇന്നും നാളെയും എന്നും പാപ്പായ്ക്ക് വേണ്ടി പ്രാർത്ഥിക്കും. നൊമ്പര പ്പെട്ടവരെ ചേർത്തുപിടിക്കുന്ന പാപ്പാ അപരന് സഹനങ്ങൾ ഒരുക്കുന്നവർക്ക് അസ്വസ്ഥതയും വിപ്ലവ നിലപാടുമായി മാറി. ആഗോളവൽകരണത്തിന്റെയും



ഫാ. വിബിൻ
വേലിക്കകെത്ത്

ഉപഭോഗ സംസ്കാരത്തിന്റെയും സ്വാർത്ഥതയുടെ മതിൽക്കെട്ടുകൾ തകർത്തെറിഞ്ഞ ഈ മനുഷ്യ സ്നേഹി ട്രിക്കിൾ ഡൗൺ ഇക്കണോമിക്സ് (*Trickle down Economics*) പോലുള്ള സമ്പന്നർക്ക് പ്രാധാന്യം നൽകുന്ന സിദ്ധാന്തങ്ങളുടെ സ്ഥിരം എതിരാളിയായി മാറി. യുദ്ധങ്ങൾ അവസാനിക്കപ്പെടണമെന്ന് സ്വപ്നം കണ്ട ഈ ആത്മീയ ആചാര്യൻ സഹനങ്ങളുടെ രോഗാവസ്ഥയിലും ഗാസയിലെ തകർന്ന ഹൃദയ ങ്ങൾക്ക് ആശ്വാസമായി. ശ്രീലങ്കയിലെ കൊളമ്പോയിലും (ജോസഫ് വാസിന്റെ വിശുദ്ധ പദവി) അയർലണ്ടിലെ ഡബ്ലിനിലും വത്തിക്കാനിലും പാപ്പായെ കാണാൻ അവസരം ലഭിച്ചപ്പോഴൊക്കെ മനസ്സിലാക്കാൻ സാധിച്ചത് കുഞ്ഞുങ്ങളുടെ കൂട്ടുകാരനായ, അവരെ ഹൃദയത്തോട് ചേർത്തു പിടിക്കാൻ ആഗ്രഹിച്ച ഒരു പാപ്പായെയാണ്. ക്രിസ്തുവിന്റെ ജീവിതം സുവിശേഷമാക്കിയ ഈ മഹാ ഇടയൻ നമുക്കായി ബാക്കി വയ്ക്കുന്ന വെല്ലുവിളി ഒന്നുമാത്രം. നല്ല സമരിയക്കാരൻ ആകാൻ തയ്യാറാണോ? (ഫ്രത്തേലി തൂത്തി).

# ലോകസമാധാനത്തിന്റെ അപ്പസ്തോലൻ




**ഡോ. ജോർജ് തയ്യിൽ**

ആധുനിക ലോകക്രമത്തിൽ ശരിയേത് തെറ്റേത് എന്ന് സൂക്ഷ്മമായി വിവേചിച്ചറിയാൻ പ്രയാസം. ശരി തെറ്റിലേക്കും തെറ്റ് ശരിയിലേക്കും ദുർഗ്രഹതയുടെ പരിവേഷമണിഞ്ഞ് മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. മനുഷ്യൻ ജീവിതാവശേഷിപ്പുകളുടെ അഗ്നികുണ്ഡത്തിലൂടെ നിസ്സംഗനായി നടന്നുപോകുമ്പോൾ തെറ്റും ശരിയും അനായാസം തിരിച്ചറിയാൻ തത്രപ്പെടുന്നു. മനുഷ്യനെ നന്മ പഠിപ്പിക്കുന്ന മതവും അതിനെ ഇല്ലായ്മ ചെയ്യുന്ന മതഭ്രാന്തും മതവൈരവും ഒരുവശത്ത്, നന്മതിന്മകളുടെ മുമ്പിൽ വിറങ്ങലിച്ച് രക്ഷപെട്ടോടുന്ന ഒരു സാത്വികന്റെ നിസ്സംഗതയോടെ നാം എല്ലാറ്റിനേയും നോക്കിക്കാണുന്നു. നാം പലപ്പോഴും ചോദിച്ചു പോകാറുണ്ട്, ഏതാണ് ശരി? ഏതാണ് തെറ്റ്? വാസ്തവത്തിൽ മരണംവരെ മനുഷ്യൻ ഇത്തരം സത്യപരീക്ഷണങ്ങളിലൂടെ തപ്പിത്തടഞ്ഞ് നടന്നുപോകുന്നു.

നന്മയുടെ വിശുദ്ധിയും തിന്മയുടെ നഷ്ടവും ലോകത്തെ പഠിപ്പിക്കുന്ന ഒരു മനസാക്ഷി കേന്ദ്രമായാണ് വത്തിക്കാൻ അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ വത്തിക്കാന്റെ സാരഥിയായ മാർപാപ്പയുടെ വാക്കുകൾക്കായി ലോകം കാതോർത്തു നിലകൊള്ളുകയാണ്. രാഷ്ട്രങ്ങളുടെ യുദ്ധം, തർക്കം, അധിനിവേശം, മതപരമായ വൈപരീത്യങ്ങൾ, സംഘട്ടനങ്ങൾ ഇവയൊക്കെ ലോകജനതയെ ഭയാശങ്കയിലേക്ക് നയിക്കുമ്പോൾ അവർ കാത്തിരിക്കുന്നത് മാർപാപ്പയുടെ സാന്ത്വന വാക്കുകൾക്കായാണ്. മാർപാപ്പയുടെ മാധ്യമസമീപനങ്ങൾക്ക് അതുകൊണ്ടുതന്നെ അതീവ പ്രാധാന്യമുണ്ട്. ലോകത്തെ പല സംഘർഷങ്ങൾക്കും സമുചിതമായി പരിഹാരം കാണുന്നതിൽ മാർപാപ്പമാർ അതതു കാലങ്ങളിൽ മഹത്തായ പങ്ക് വഹിച്ചിട്ടുണ്ട്.

എന്നാൽ ഒട്ടുമിക്ക മാർപാപ്പമാരും ലോകസമാധാനത്തിനു ചുക്കാൻ പിടിച്ചത് വത്തിക്കാന്റെ പരിധികളിൽ നിന്നുകൊണ്ടായിരുന്നു, പ്രത്യേകിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള കാലഘട്ടത്തിൽ വത്തിക്കാന്റെ പുറത്ത് ഇറ്റലിയിൽ പലയിടങ്ങളിൽ യാത്ര ചെയ്ത പാപ്പമാരുണ്ട്. അതുപോലെ ഇറ്റലിക്ക് പുറത്ത് യൂറോപ്പിൽ മാത്രം പര്യടനം നടത്തിയവരുണ്ട്. ജോൺ ഒന്നാമൻ (523–526), സ്റ്റീഫൻ രണ്ടാമൻ (752–757), ലിയോ ഒമ്പതാമൻ )1049–1054), പയസ് ഏഴാമൻ (1800–1803) തുടങ്ങിയ പാപ്പമാർ യൂറോപ്പിലുടനീളം അപ്പസ്തോലിക യാത്രകൾ നടത്തി. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം പോൾ ആറാമൻ (1963–1978) മാർപാപ്പയാണ് ആദ്യമായി ഒരു വിമാനത്തിൽ കയറി അമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ ഭൂഖണ്ഡങ്ങളിൽ യാത്ര ചെയ്തത്. ആദ്യമായി ഇന്ത്യ സന്ദർശിച്ച മാർപാപ്പ പോൾ ആറാ



മനാണെന്നോർക്കണം, 1964 ൽ. പോൾ ആറാമനുശേഷം വന്ന പുഞ്ചിരിക്കുന്ന പാപ്പ ജോൺപോൾ ഒന്നാമൻ 33 ദിവസങ്ങൾ മാത്രമേ ഭരണത്തിലുണ്ടായിരുന്നുള്ളൂ. പൊടുന്നനെ അദ്ദേഹം കാലം ചെയ്തു. എന്നാൽ അതിനുശേഷം കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ ജോൺപോൾ രണ്ടാമൻ ഒരു തികഞ്ഞ തീർത്ഥാടകനായ പാപ്പ എന്ന പേരിനർഹനായി. 104 വിദേശയാത്രകളാണ് അദ്ദേഹം നടത്തിയത്. എന്നാൽ 78–ാമത്തെ വയസ്സിൽ സഭയുടെ തലപ്പത്തെത്തിയ ബെനഡിക്റ്റ് പതിനാറാമൻ പാപ്പായ്ക്ക് ആരോഗ്യപരമായ കാരണങ്ങളാൽ ദൂരയാത്രകൾ അധികം ചെയ്യാൻ സാധിച്ചില്ല. എട്ട് വർഷങ്ങളിൽ 25–ഓളം വിദേശ പര്യടനങ്ങൾ അദ്ദേഹം നടത്തി.

45–ലേറെ രാജ്യങ്ങളിൽ ഫ്രാൻസിസ് പാപ്പ പര്യടനം നടത്തി. ഇതുവരെ മറ്റ് പാപ്പമാർ പോകാതിരുന്ന ഇറാക്ക്, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, മ്യാൻമർ, മാസിഡോണിയ, ബഹ്റൈൻ, മങ്കോളിയ തുടങ്ങിയ രാജ്യങ്ങളിൽ സമാധാനത്തിന്റെ

അപ്പസ്തോലനായി പാപ്പ എത്തി.

2017-ലാണ് എനിക്ക് ഫ്രാൻസിസ് പാപ്പയെ നേരിട്ട് കാണുവാനുള്ള ഭാഗ്യമുണ്ടായത്. ഭാര്യ ഡോ. ശുഭയോടും മകൾ എലിസ്മേരിയോടുമൊപ്പം കത്തോലിക്കാസഭയുടെ പരമാധ്യക്ഷനെ കാണുവാനുള്ള ഓഡിയൻസ് ലഭിച്ചു. കേരളത്തിൽ നിന്നാണെന്ന് അറിഞ്ഞതോടെ പിതാവിന്റെ മുഖം തിളങ്ങി. കാരണം പാപ്പയ്ക്ക് കേരളത്തിലെ കത്തോലിക്കരെ ഏറെ ഇഷ്ടമാണ് എന്നതുതന്നെ. കേരളത്തിലെ ക്രൈസ്തവർ ആഴമേറിയ വിശ്വാസികളാണെന്നും സഭയുടെ പ്രബോധനങ്ങളെ അപ്പാടെ പിൻതുടരുന്നവരാണെന്നും പാപ്പയ്ക്ക് അറിയാമായിരുന്നു. അടുത്തുനിന്ന ഡോ. ശുഭയെയും എലിസ്മേരിയേയും പിതാവിന് പരിചയപ്പെടുത്തി. ശുഭയോട് കുശലങ്ങൾ അന്വേഷിച്ചു. എപ്പോഴാണ് പാപ്പ ഇന്ത്യ സന്ദർശിക്കുന്നതെന്ന് ചോദിച്ചപ്പോൾ 2017-ൽ തന്നെ ഇന്ത്യ സന്ദർശിക്കുവാനും പ്രത്യേകിച്ച് കേരളത്തിൽ വരുവാനും തീരുമാനിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിനുള്ള അനുവാദം ഇന്ത്യൻ സർക്കാരിനോട് വത്തിക്കാൻ ചോദിച്ചിട്ടുണ്ടെന്നും പറഞ്ഞു. എന്നാൽ പിന്നീട് നാം കാണുന്നത് ഭാരതസർക്കാർ പോപ്പിന്റെ സന്ദർശന സമയം ഓരോ കാരണങ്ങളാൽ നീട്ടിക്കൊണ്ടിരുന്നതുകൊണ്ട് അത് പ്രാവർത്തികമായില്ല എന്നാണ്. പിന്നീട് ഇന്ത്യയുടെ ഭാഗത്തുനിന്ന് അനുകൂല നീക്കങ്ങൾ ഉണ്ടായപ്പോൾ പിതാവിന്റെ ആരോഗ്യനില വഷളായ സ്ഥിതിയിലായിരുന്നു.

ലോകജനതയ്ക്ക് നന്മയും സന്തോഷവും സമാധാനവും മാത്രം ആഗ്രഹിച്ച നിഷ്കാമകർമ്മിയായ ഒരു യുഗപുരുഷൻ. ലോകമനസാക്ഷിയുടെ കരുത്തുറ്റ സ്വരമായി വിരാജിച്ച പന്ത്രണ്ട് വർഷങ്ങൾ (2013-2025) നടപ്പാക്കിയത് എന്നും പരിശുദ്ധാത്മാവിന്റെ തീരുമാനങ്ങൾ മാത്രം. അതെ. ഒരു ഇതിഹാസത്തിൽ മുങ്ങിത്താഴുന്ന അനുഭവങ്ങൾകൊണ്ട് സമ്പന്നമാണ് ആ ജീവിതം. ആത്മീയതയുടെ ആയിരം സൂര്യതേജസ്സുള്ള ഇതിഹാസം.

ജീവദീപ്തി

# പാപ്പാമംഗളം



ഷെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി


പള്ളിപണിക്കുള്ള പാറയായ് കേപ്പായെ
പണ്ടേ നിയോഗിച്ച യേശുനാഥാ
സഭയെ നയിക്കാനും സഭയെ ഭരിക്കാനും
സൽബുദ്ധി നല്കണം സ്നേഹമേ നീ
നിന്റെ പിൻഗാമിയായ് റോമായിൽ വാഴണം
നിത്യനിരാമയൻ ആയിടേണം
ലോകത്തിൻ ധാർമികശക്തിയായ്ത്തീരണം
ലോകജനതയ്ക്കു വഴികാട്ടണം
ശാന്തി വിതയ്ക്കുന്ന കാരുണ്യമാകണം
സൗമ്യദീപ്തമാം ശബ്ദമാകണം
ആയുസ്സു നല്കണം, ആരോഗ്യമേകണം
ആശിഷമാരി ചൊരിഞ്ഞിടേണം

........................................................................

*സംഗീതം: ജോൺസൺ മങ്ങഴ*
*(വരാപ്പുഴ സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കലിന്റെയും നെയ്യാറ്റിൻകര സഹായ മെത്രാൻ ഡോ. ഡി. സെൽവരാജന്റെയും അഭിഷേക ദിവ്യപൂജയിൽ ആലപിച്ചത്)*



# അജപാലകൻ-
# പാപ്പാ ഫ്രാൻസിസ്



**ഫാ. വില്യം
നെല്ലിക്കൽ**

ലാറ്റിൻ അമേരിക്കൻ രാജ്യമായ അർജന്റീനയിലെ ബ്യൂനസ് ഐരസ് അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന കർദ്ദിനാൾ ഹോർഹെ ബർഗോളിയോ പാപ്പാ ഫ്രാൻസിസായി സഭാ ഭരണത്തിലേയ്ക്കുള്ള പ്രവേശനം ലോകത്തുള്ള ആരും, ഒരു മാധ്യമക്കാരും പ്രതീക്ഷിക്കുകയോ പ്രവചിക്കുകയോ ചെയ്യാത്തതായിരുന്നു. കാരണം, സഭയുടെയും ലോക മാധ്യമങ്ങളുടെയും കണക്കുകൂട്ടലുകളിൽ ഒരു വലിയ പേരല്ലായിരുന്നു. എന്നാൽ ദൈവം ഒരു വിനീതനെ തന്റെ സഭയുടെ സേവകനായി വിളിച്ചു. ദൈവജനത്തിന്റെ ചരിത്രത്തിൽ പൂർവ്വകാലങ്ങളിലെന്നപോലെ ദൈവം ഇടപെട്ടെന്നു പറയാം. തന്റെ സഭയെ കാലികമായി നയിക്കാൻ പാപ്പാ ബെനഡിക്ട് 16-ാമന്റെ സ്ഥാനത്യാഗത്തോടെ പറ്റിയൊരാൾ തിരഞ്ഞെടുക്കപ്പെട്ടു. സഭയുടെ തീർത്ഥാടനത്തിൽ 12 വർഷക്കാലം നീണ്ടുനിന്ന ഒരു ശ്രദ്ധേയമായ ചരിത്രഘട്ടത്തിൽ പാപ്പാ ഫ്രാൻസിസ് പങ്കാളിയായി-ദൈവിക കാരുണ്യത്തിന്റെ ദൂതനായി!

അസ്സീസിയിലെ സിദ്ധനെ മാതൃകയാക്കിയ പാപ്പാ ഫ്രാൻസിസ് ഒരു പ്രൗഢമായ രാജകീയ മേൽക്കോയ്മയുടെ സ്വാധീനം ഇടകലർന്ന 11-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലെ സഭയുടെ ആഡംബര ശൈലിയിൽ നിന്നും അതിനെ നവീകരിക്കാൻ, അല്ലെങ്കിൽ പുതുക്കിപ്പണിയാൻ അസ്സീസിയിലെ മഹാസിദ്ധനായി ഒരു ഫ്രാൻസിസ്, അസ്സീസിയിലെ ഫ്രാൻസിസ് വന്നതുപോലെ ഇതാ, മറ്റൊരു ഫ്രാൻസിസ്! ലാറ്റിൻ അമേരിക്കൻ ഭൂഖണ്ഡത്തിൽനിന്നും പത്രോസിന്റെ സ്ഥാനക്കാരനായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട ഈശോസഭാംഗവും സാധാരണക്കാരുടെ ഇടയിൽ സാധാരണക്കാരനായി ജീവിച്ച സ്നേഹസമ്പന്നനുമായൊരു അജപാലകൻ-പാപ്പാ ഫ്രാൻസിസ്!

പത്രോസിന്റെ പിൻഗാമിമാരിൽ ആദ്യമായിട്ടാണ് ഒരാൾ ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ചത്. മൂന്നാം സഹസ്രാബ്ദത്തിൽ നവസാങ്കേതികതയും, ആഗോളവത്കരണവും, മതനിരപേക്ഷതാവാദവും, രാജ്യാന്തര കുടിയേറ്റ പ്രതിഭാസവും, അതുമായി ബന്ധപ്പെട്ട നവമായ പ്രതിസന്ധികളും സഭയെയും ലോകത്തെയും ഒന്നുപോലെ സ്വാധീനിച്ച കാലത്ത്.... ഇതാ, അത്ര അറിയപ്പെടാത്തയാളും പ്രഗത്ഭനെന്ന് ലോകം നിരീക്ഷിക്കുകയോ, വിലയിരുത്തുകയോ ചെയ്യാത്തയാളുമായ ഇറ്റലിക്കാരനല്ലാത്ത.. ഒരു പാപ്പാ വിശുദ്ധ പത്രോസിന്റെ സ്ഥാനക്കാരനായി അവരോധിക്കപ്പെട്ടു! തീർച്ചയായും അത് ദൈവികപദ്ധതിയും പരിപാലനയുമായിരുന്നു എന്നു വേണം വിശ്വസിക്കാൻ. കാരണം സഭ ക്രിസ്തുവിന്റേതാണ്. അങ്ങനെ ക്രിസ്തുവിന്റെ വികാരിയായി പാപ്പാ ഫ്രാൻസിസ് സ്ഥാനമേറ്റു -2013 മാർച്ച് 13.

ഒരു സാധാരണ ഭവനത്തിൽ അന്തിയുറങ്ങിയ പാപ്പാ ഫ്രാൻസിസിന്റെ സാധാരണത്വം സ്ഥാനാരോഹിതനായ നാൾ മുതൽ ലോകം കണ്ടതാണ്. ചരിത്രത്തിൽ ആദ്യമായി അപ്പസ്തോലിക അരമനവിട്ട് ഒരു സാധാരണ ഫ്ളാറ്റിലേക്ക്-വത്തിക്കാനിൽ സാധാരണ വൈദികരും മെത്രാന്മാരും താമസിക്കുന്ന "സാന്താ മാർത്ത" എന്ന ഫ്ളാറ്റിലേക്കു പാപ്പാ മാറി താമസിച്ചു. വത്തിക്കാൻ സിറ്റിയുടെ തെക്കു പടിഞ്ഞാറേ മൂലയിൽ സഭയുടെ വിവിധ സ്ഥാപനങ്ങളിലെ ശുശ്രൂഷകരായ വൈദികരും മെത്രാന്മാരും ചില കർദ്ദിനാളന്മാരും പാർക്കുന്ന പാർപ്പിട സമുച്ചയമാണ് "സാന്താ മാർത്താ ഭവനം." ഇവിടെ ഒന്നാം നിലയിലെ 202-ാമത്തെ മുറിയിലാണ് വിടപറയുംവരെ പാപ്പാ ഫ്രാൻസിസ് പാർത്തിരുന്നത്.

*ക്രിസ്തുവിന്റെ പുനരുത്ഥാന വെളിച്ചത്തിൽ സജീവമായ പാപ്പയുടെ അന്ത്യനാളുകൾ*

2025 ഏപ്രിൽ 20 ഞായർ രാവിലെ വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ ദിവ്യബലി അർപ്പിക്കുകയും അതിനെ തുടർന്നു ബസലിക്കയുടെ പ്രധാന ബാൽക്കണിയിൽ നിന്നും "ലോകത്തിനും നഗരത്തിനും" എന്ന സമാധാന സന്ദേശം നൽകുകയും ചെയ്തശേഷം, ചത്വരത്തിലൂടെ തുറന്ന പാപ്പാമൊബീലിൽ ഇരുന്നുകൊണ്ട്, ക്ഷീണിതനെങ്കിലും മെല്ലെ യാത്ര ചെയ്ത്, ഈസ്റ്റർ പ്രഭാതത്തിൽ ചത്വരത്തിൽ സമ്മേളിച്ച നാല്പതിനായിരത്തിൽപരം വരുന്ന ജനസഞ്ചയത്തെ അഭിവാദ്യം ചെയ്തുകൊണ്ട് പാപ്പാ

ഫ്രാൻസിസ് സഞ്ചരിച്ചത് അവസാനത്തെ നേർക്കാഴ്ചയായിരുന്നു എന്ന് അന്ന് ആരും കരുതിയില്ല. തുടർന്ന് മദ്ധ്യാഹ്നത്തിലും രാത്രിയിലും സാന്താ മാർത്തയിലെ അന്തേവാസികൾക്കൊപ്പം ഈസ്റ്റർ ആഘോഷിച്ച് വിശ്രമിച്ച പാപ്പാ ഫ്രാൻസിസ് ഏപ്രിൽ 21 തിങ്കളാഴ്ച രാവിലെ ഉണർന്നത് അസ്വസ്ഥതകളുമായിട്ടായിരുന്നു. പാപ്പായുടെ വൈദ്യസഹായിയും മറ്റു പരിചാരകന്മാരും ഓടിയെത്തി. സാന്താമാർത്തയിലെ കിടപ്പുമുറിയിൽ ചുറ്റും കൂടിയ പ്രിയപ്പെട്ടവരോട് കരങ്ങൾ ഉയർത്തി മന്ദസ്മിതത്തോടെ ലോലമായ ശബ്ദത്തിൽ നന്ദിപറഞ്ഞുകൊണ്ടും, എല്ലാവരെയും ആശീർവദിച്ചുകൊണ്ടും ക്രിസ്തുവിന്റെ കാരുണ്യം പ്രഘോഷിച്ച സഭയുടെ 265-ാമത്തെ പത്രോസിന്റെ പിൻഗാമി മെല്ലെ തലചായ്ച്ചു.... നിത്യതയിലേക്കു വിടവാങ്ങി! അവസാന ശ്വാസംവരെ അക്ഷരാർത്ഥത്തിൽ മനുഷ്യർക്കുവേണ്ടി ജീവൻ സമർപ്പിച്ച മൂന്നാം സഹസ്രാബ്ദത്തിന്റെ നല്ലിടയൻ! ക്രിസ്തുവിന്റെ ലാളിത്യവും അജപാലന ശൈലിയും ജീവിച്ചു കാണിച്ച ആത്മീയ തേജസ്സ്

ആടുകളുടെ കൂടെയായിരിക്കുകയും, അവരുടെ മണമറിയുകയും ചെയ്യുന്ന നല്ലിടയന്റെ രൂപവും ഭാവവും ഈശോസഭാംഗമായ പാപ്പായുടെ തനിമയായിരുന്നു. സാധാരണ മെത്രാന്മാരും കർദ്ദിനാളന്മാരും കഴുത്തിൽ അണിയുന്ന സ്വർണ്ണത്തിന്റെ സ്ഥാനിക മാലയിൽ (ജലരദ്യൈമഹ ഇൃീലൈ) കുരിശാണ് കാണാറുള്ളത്. എന്നാൽ പാപ്പാ ഫ്രാൻസിസ് അണിയുന്നത് കുരിശാകൃതിയിലുള്ള ലോക്കറ്റായിരുന്നെങ്കിലും ആ കുരിശ് കൊത്തിയിരിക്കുന്നത് ആടിനെ തോളിലേറ്റി നിൽക്കുന്ന ഒരു ഇടയന്റെ രൂപമാണ്. അക്ഷരാർത്ഥത്തിൽ ഇത് പാപ്പാ ഫ്രാൻസിസിന്റെ വിപ്ലവകരമായ അജപാലന വീക്ഷണമാണ് പ്രതിഫലിപ്പിക്കുന്നത്. സഭ എന്നും ആയിത്തീരേണ്ട നല്ലിടയനായ ക്രിസ്തുവിന്റെ രൂപഭാവമാണ് ഏറ്റവും അനുകരണീയവും മഹത്തരവുമായ മാതൃകയെന്നു പാപ്പാ ഫ്രാൻസിസ് തന്റെ അജഗണങ്ങളെ പഠിപ്പിച്ചു. ഇത് സുവിശേഷത്തിന്റെ മൗലികമായ ദർശനവും സന്ദേശവുമാണ്. സുവിശേഷം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സദ്വാർത്തയാണ്. ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ സന്ദേശമാണ് സുവിശേഷം. സ്വജീവിതത്തിലൂടെയും തന്റെ പ്രബോധനങ്ങളിലൂടെയും ക്രിസ്തുവിന്റെ കാരുണ്യവും സ്നേഹവും ലോകത്തിനു പകർന്നു നല്കിയ പുണ്യാത്മാവാണ് പാപ്പാ ഫ്രാൻസിസ്.

*പ്രത്യാശയുടെ തീർത്ഥാടകരാകാം!*

അവസാനമായി ഈസ്റ്റർ ഞായറാഴ്ച മദ്ധ്യാഹ്നത്തിൽ വിശുദ്ധ പത്രോസിന്റെ ബസലിക്കയുടെ കേന്ദ്രസ്ഥാനത്തുള്ള മട്ടുപ്പാവിൽ വീൽച്ചെയറിൽ ഇരുന്നുകൊണ്ട് പാപ്പാ "നഗരത്തോടും ലോകത്തോടും" (*Urbi et Orbi*) എന്ന സന്ദേശം നൽകി. പാപ്പാ ഫ്രാൻസിസ് നൽകിയത് സമാധാനത്തിന്റേയും പ്രത്യാശയുടേയും സന്ദേശമാണ്. കാരണം, "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ. 5:5). ഉത്ഥിതനായ ക്രിസ്തുവിനോടു ചേർന്നാൽ നാം പ്രത്യാശയുടെ തീർത്ഥാടകരാകുമെന്നുമാണ് പാപ്പാ ഉദ്ബോധിപ്പിച്ചത്.

*സ്നേഹത്തിന്റെ അവസാനവാക്കുകൾ....!*




നമ്മുടേതിൽ നിന്നും വ്യത്യസ്തമായി, മറ്റു വിദൂരനാടുകളിൽനിന്നും വരുന്നവരുടെ വിഭിന്നമായ ജീവിതശൈലിയും ആശയങ്ങളും ആചാരങ്ങളും സഹിഷ്ണുതയോടെ കാണുവാനും അപരനെ വിശ്വസിക്കുവാനുമുള്ള പ്രത്യാശ നാം ഇക്കാലഘട്ടത്തിലെ ജീവിതത്തിൽ കൈക്കൊള്ളണണെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. എല്ലാവരും ദൈവമക്കളാണ്! പലസ്തീൻ, ഉക്രൈൻ, യമൻ തുടങ്ങി സംഘർഷഭരിതമായ എല്ലാ ദേശങ്ങൾക്കും രാഷ്ട്രങ്ങൾക്കും സമാധാനം കൈവരിക്കാനാകട്ടെ യെന്ന് പ്രാർത്ഥിച്ചുകൊണ്ടും പ്രത്യാശിച്ചുകൊണ്ടുമാണ് പാപ്പാ തന്റെ അന്തിമസന്ദേശം ഉപസംഹരിച്ചത്.

പുണ്യശ്ലോകനായ പാപ്പാ ഫ്രാൻസിസിന് സ്നേഹാഞ്ജലി അർപ്പിക്കുന്നു.




**St. Thomas Province,**
Oblates of St Joseph ( OSJ)
India



*Prayerful Wishes*
**POPE LEO XIV**

**NORBERTINE FATHERS**
**CANONRY of VERAPOLY**




Vocation Promoter : 84590 83892 & 79729 32433



Prayerful
&
Filial Wishes
to our
NEW POPE
LEO XIV
St. Pius X Discalced Carmelite Province,
Manjummel, Kerala, India.




INSTITUTE VOLUNTAS DEI
PRAYERFUL WISHES
ലോകം മുഴുവനും ക്രിസ്തുവിനെ
പ്രഘോഷിക്കാനും,
യേശുക്രിസ്തുവിൽ സമാധാനവും
സാഹോദര്യവും
സൃഷ്ടിക്കാനും, ലോകത്തിൽ
വ്യത്യസ്തരാകാൻ ദൈവഹിത സഭ
നിങ്ങളെ വിളിക്കുന്നു
10, +2 പഠനം
പൂർത്തിയാക്കിയ
യുവാക്കളെ
ദൈവഹിതസഭയിലേക്ക്
സ്വാഗതം ചെയ്യുന്നു.
Contact Us : :9207904412 (rector) 9447661848 / 82812 56274 - Fr. Andrews ( Regional Director)


ലിയോ 14–ാമൻ പാപ്പയ്ക്ക്
വരാപ്പുഴ ബസിലിക്ക ഇടവകയുടെ
പ്രാർത്ഥനാശംസകൾ....

ചിന്താജാലകം

# പ്രത്യാശയുണ്ടായിരുന്നെങ്കിൽ!

പാഷൻ ഓഫ് ദ് ക്രൈസ്റ്റ് എന്ന
വിശ്വപ്രസിദ്ധ സിനിമയുടെ ചിത്രീ
കരണവുമായി ബന്ധപ്പെട്ട ഒരനുഭ
വമുണ്ട്:

യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ
സ്, ദുർന്നിവാരമായ നൈരാശ്യ
ത്തിൽ മുങ്ങിയമരുന്ന ശപ്തനിമി
ഷങ്ങൾ...

ദുഃഖവെള്ളി. കർത്താവിനെ കുരി
ശിൽ തറയ്ക്കാൻ കൊണ്ടുപോക
വേ, യൂദാസ് ആകെ തളർന്നിരു
ന്നു. കുറ്റബോധം അവനെ ആക
മാനം ഗ്രസിച്ചിരുന്നുവല്ലോ. പാപ
ഭാരം അവനെ നിർദയം നായാടി.
കഴിഞ്ഞ രാവിന്റെ ഉഗ്രപീഡന
ത്തിൽനിന്ന് അവന് മുക്തനാകാ
നാവില്ലായിരുന്നു.

മനസ്സിൽ കർത്താവിന്റെ രൂപം
തെളിയുന്നു. ചോരവാർന്ന് വിളറി
വെളുത്തു നില്ക്കുന്ന ഗുരു.
സ്നേഹവും കരുണയും ആർദ്ര
തയും വഴിയുന്ന മുഖം.

ഒരു വാക്ക് യൂദാസ് ഉച്ചരിച്ചിരു
ന്നെങ്കിൽ, മാപ്പ് എന്നൊരു വാക്ക്
അവനിൽ നിന്ന് ഉണ്ടായിരുന്നെ
ങ്കിൽ, എല്ലാം ക്ഷമിക്കാമായിരു
ന്നു. പക്ഷേ, അവനതിന് ആവുമാ
യിരുന്നില്ല. അവൻ കടുത്ത
സ്വാർഥത്തിലും ദ്രവ്യാസക്തി
യിലും പിശാചിന്റെ കൊടിയ
ദാസ്യത്തിലുമായിരുന്നല്ലോ.

ജറുസലെം നഗരത്തിനു പുറത്ത്
യൂദാസ് ചത്ത കഴുതയുടെ അഴു
കിയ ജഡത്തിൽ ഇടറിവീഴുന്നു.
മരണത്തിന്റെയും തദുദ്ഭവിതമായ
നൈരാശ്യത്തിന്റെയും പ്രതീകം
ആ കരളിൽ ഇരമ്പിയാർക്കുന്നു.
പക്ഷേ, ശബ്ദമില്ലാത്ത വിലാപശ
തങ്ങൾ.


സിനിമയ്ക്കുവേണ്ടി ഈ രംഗം
ചിത്രീകരിക്കുന്നത് ഒട്ടുമേ സുഖക
രമായിരുന്നില്ല. കാരണം,
കേവലവും നിരാർദ്രവുമായ നൈ
രാശ്യം ചിത്രപ്പെടുത്തുക ദുഷ്കര
മാണ്. എത്ര ടേക് എടുത്തിട്ടും,
തന്റെ മനസ്സിലുള്ള ചിത്രശില്പമാ
കുന്നില്ലെന്ന് സംവിധായകൻ മെൽ
ഗിബ്സൺ ആകുലപ്പെട്ടു.

ഒടുവിൽ, യൂദാസായി വേഷം പക
രുന്ന നടനോട് സംവിധായകൻ
പണിപ്പെട്ടു പറഞ്ഞു ഫലിപ്പിച്ചു:
കഴുതയുടെ അഴുകി നാറിയ ജഡം
കാണുമ്പോൾ, ആത്മാവ് അതിനെ
ക്കാൾ ഒരായിരം മടങ്ങ് ജീർണിച്ച
ഒരാൾക്കേ, സ്നേഹധനനായ ഗുരു
വിനെ ചുംബിച്ച് ഒറ്റിക്കൊടുക്കാൻ
കഴിയുമായിരുന്നുള്ളു എന്ന് സ്വയം
കരുതുക. അപ്പോൾ നിന്റെ മുഖം
ആത്മനൊമ്പരവും നൈരാശ്യവും
കൊണ്ട് താനേ അതിവികൃതവും
കൊടും ബീഭത്സവുമായിക്കൊ
ള്ളും. അതാണെനിക്ക് ആവശ്യം.

യൂദാസായി അഭിനയിക്കുന്ന നടൻ
അതോടെ കൂടുവിട്ട് കൂടുമാറി.
ഗിബ്സന്റെ മുഖം തെളിഞ്ഞു.
ടേക് ഓകെ!

ഈ രംഗം നമ്മെ മൃദുവായി സദാ
ഓർമപ്പെടുത്തുന്നത് മറ്റൊന്നാണ്:
നാമെത്ര തകർന്നാലും
തളർന്നാലും ഒരു നിമിഷം
കർത്താവിന്റെ കരുണാർദ്രമായ
മുഖമോർക്കണം. അവിടെ കാരു
ണ്യമുണ്ട്. നാമെങ്ങനെ കുഴഞ്ഞു
വീണാലും നമ്മെ പിടിച്ചുയർത്താ
നുള്ള കരുത്ത് അവിടുത്തേക്കുണ്ട്.
ഇങ്ങനൊരു പ്രത്യാശ നമുക്കു
ണ്ടാവണം.

നിരാശത, ഹൃദയം
കരണ്ടുതിന്നുന്ന വേളയിൽ സെന്റ്
ക്ലോഡ്സി ലാ കൊളംബിയൻ



ഇങ്ങനെ പ്രാർഥിച്ചിരുന്നു: മനു
ഷ്യർ എന്റെ സ്വത്തുക്കളും മാനാഭി
മാനങ്ങളും കവർന്നെടുത്തേക്കാം.
രോഗം എന്റെ ശക്തിയും
ധൈര്യവും ചോർത്തിക്കളഞ്ഞേ
ക്കാം. ഞാൻ പാപത്തിൽ വീണ്
ദൈവത്തിന്റെ കൃപ അമ്പേ വിഫല
മാക്കിയേക്കാം. എന്നാൽ ആർക്കും
എന്നിൽനിന്ന് ഒരിക്കലും എടുത്തു
മാറ്റാനാവാത്ത ഒന്ന് എന്നിലുണ്ട്:
എന്റെ പ്രത്യാശ! ആ പ്രത്യാശ
യിൽ ഞാൻ മുറുകെപ്പിടിക്കും,
അവസാനനിമിഷം വരെയും. അത്
എനിക്ക് രക്ഷയായി ഭവിക്കും.

യൂദാസിന് കഴിയാതെ പോയത്
അതാണ്; അതുമാത്രം.

ഗുരുവിന്റെ കണ്ണുകളിലേക്ക് ഒരു
വട്ടം ഒന്നു നോക്കിയാൽ മതിയായി
രുന്നു. പക്ഷേ, അതുണ്ടായില്ല.

അങ്ങനെയെങ്കിൽ പത്രോസിനെ
പ്പോലെ മറ്റൊരു വലിയമുക്കു
വനെക്കൂടി നമുക്കുലഭിച്ചേനേ!

*ആശയാനുവാദം: പ്രീത*


വി.ഗ്രന്ഥത്തിൽ നിലയുറപ്പിച്ചു കൊണ്ട് ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടി
തിരുസഭയെ ദൈവാന്വേഷണത്തിലേയ്ക്ക് നയിക്കാനും മാറ്റത്തിന്റെ ജ്വലനം സൃഷ്ടിക്കാനും
അഗസ്റ്റീനിയൻ പോപ്പിനു കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
അഗസ്റ്റീനിയൻ സിസ്റ്റേഴ്സ് ഓഫ് ദ മോസ്റ്റ് ഹോളി അനൗൺസിയേഷൻ
Congregation of Augustinian Sisters of the Most Holy Annunciation.


ലെയോ പതിനാലാമൻ പാപ്പയ്ക്ക്
പ്രാർത്ഥനാംശസകൾ!
St.John of God Church (തോട്ടം പള്ളി )&
Holy Angel's Institute and Estate, Kalamassery






**ലെയോ പതിനാലാമൻ പാപ്പായ്ക്ക്**
**പാനായിക്കുളം**
**ലിറ്റിൽ ഫ്ലവർ ഇടവക കുടുംബത്തിന്റെ**
**പ്രാർത്ഥനാശംസകൾ**

# അൾത്താരയൊരുക്കിയ കൈകളിൽ പാപ്പയുടെ സ്നേഹസ്പർശം



**സിജോ പൈനാടത്ത്**



അനേകം ദേവാലയങ്ങളിലെ അൾത്താരകൾക്ക് അഴകൊരുക്കിയ കൈകളിൽ ഫ്രാൻസിസ് മാർപാപ്പ ചേർത്തുപിടിച്ചു; സ്നേഹത്തോടെ ആലിംഗനം ചെയ്തു. സാന്താ മാർത്ത ചാപ്പലിനോട് ചേർന്നുള്ള ഇടനാഴിയിലെ അപൂർവ മുഹൂർത്തം ജെയിൻ ജോസഫ് എന്ന കലാകാരന് സ്വപ്നസാഫല്യം... പത്തുവർഷങ്ങൾക്കിപ്പുറം പാപ്പായുടെ വിയോഗവാർത്ത വിങ്ങലാകുമ്പോൾ, അദ്ദേഹത്തിനൊപ്പം ചെലവഴിക്കാൻ ലഭിച്ച നിമിഷങ്ങൾ ജെയിനു ജീവിതത്തിൽ പകരം വയ്ക്കാനില്ലാത്ത  സ്മരണിക.

ഫ്രാൻസിസ് മാർപാപ്പ നിയോഗമേറ്റ നാൾ മുതൽ കൊച്ചി തേവര സ്വദേശിയായ ജെയിൻ മനസ്സിൽ സൂക്ഷിച്ച സ്വപ്നമായിരുന്നു, അൾത്താരകൾ രൂപകല്പന ചെയ്യുന്ന തന്റെ കൈകളിൽ പാപ്പയുടെ അനുഗ്രഹ സ്പർശം. കേരളത്തിലും പുറത്തുമായി ഇരുന്നൂറിലധികം മനോഹര അൾത്താരകൾ ഒരുക്കിയ ജെയിന്റെ ആഗ്രഹമറിഞ്ഞ് പിന്തുണച്ചത് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയാണ്. താൻ രൂപകല്പന ചെയ്ത നോർത്ത് കുത്തിയതോട് പള്ളിയുടെ ആശീർവാദകർമ്മത്തിനെത്തിയപ്പോഴാണ് കർദ്ദിനാളിനോട് ജെയിൻ ആഗ്രഹം വെളിപ്പെടുത്തിയത്.

അന്നു വത്തിക്കാനിൽ സേവനം ചെയ്തിരുന്ന ഫാ. സ്റ്റീഫൻ ചിറപ്പണത്ത് (പിന്നീട് മെത്രാൻ) വഴി ജെയിനു പാപ്പയെ കാണാനുള്ള ക്രമീകരണമൊരുക്കി. പാപ്പയെ സന്ദർശിക്കുകയെന്ന ഒരേയൊരു നിയോഗവുമായി ജെയിനും കുടുംബവും വത്തിക്കാനിലെത്തി. 2014 ജൂൺ 13-ന് രാവിലെ ഏഴിന് സാന്താ മാർത്തായിലെ കുർബാനയ്ക്കുശേഷം കൂടിക്കാഴ്ച.

ഭാര്യ മരിയ, മക്കളായ ജോസ്, ലിനോ എന്നിവരെയും പാപ്പ അടുത്തേക്കു വിളിച്ചു സംസാരിച്ചു. മരപ്പണിക്കാരനായ പിതാവ് ജോസഫ് അമ്മ മേരി എന്നിവരെക്കുറിച്ചും പറഞ്ഞപ്പോൾ ഹോളി ഫാമിലി എന്നു പാപ്പയുടെ ചിരിച്ചുകൊണ്ടുള്ള പ്രതികരണവും ജെയിൻ ഓർക്കുന്നു. ബ്രാസ് പ്ലേറ്റിൽ തയ്യാറാക്കി, ആടിനെ തോളിലേറ്റി നിൽക്കുന്ന ഫ്രാൻസിസ് പാപ്പയുടെ ചിത്രം അന്ന് ജെയിൻ അദ്ദേഹത്തിനു സമ്മാനമായി കൈമാറി. പബ്ലിക് ഓഡിയൻസിന്റെ സമയത്ത് മകൻ ലിനോയ്ക്കു പാപ്പ തൊപ്പിവച്ചു നൽകിയതും മറക്കാനാവാത്ത സ്മരണയെന്ന് ജെയിൻ. തിരുവനന്തപുരം പാളയം കത്തീഡ്രൽ, ചെമ്പുമുക്ക്, തേവര, മുപ്പത്തടം, വാഴക്കാല, കളമശ്ശേരി തുടങ്ങിയ നിരവധി അൾത്താരകളുടെ രൂപകല്പനയിൽ ജെയിൻ ജോസഫിന്റെ കരവിരുതുണ്ട്.

# കറുത്ത പുകയും വെളുത്ത പുകയും



തെരഞ്ഞെടുപ്പിന് ഉപയോഗിച്ച ബാലറ്റ് പേപ്പറുകൾ കത്തിച്ചു കളയുകയാണ് ചെയ്യുക. ഓരോ തെരഞ്ഞെടുപ്പു പ്രക്രിയ കഴിയുമ്പോഴും പുതിയ മാർപാപ്പയെ കണ്ടെത്താനായില്ലെങ്കിൽ ബാലറ്റ് പേപ്പറുകളും വോട്ടിന്റെ എണ്ണം കുറിച്ച പേപ്പറുകളും നനഞ്ഞ വൈക്കോൽ ചേർത്താണ് കത്തിക്കുക. ഇതിനായി ചാപ്പലിനുള്ളിൽ പ്രത്യേക അടുപ്പുണ്ട്. ഇതിന്റെ ചിമ്മിനി ചാപ്പലിനു പുറത്ത് എല്ലാവരും കാണുംവിധം തുറന്നിരിക്കും. നനഞ്ഞ വൈക്കോൽ ചേർത്തു കത്തിക്കുമ്പോഴുണ്ടാകുന്ന കറുത്ത പുക, മാർപാപ്പ തെരഞ്ഞെടുക്കപ്പെട്ടില്ലെന്ന അടയാളം ലോകത്തിനു നൽകുന്നു (ആധുനിക കാലത്തു വൈക്കോലിനു പകരം എന്തെങ്കിലും രാസവസ്തുക്കൾ ചേർത്തു കത്തിച്ചും കറുത്ത പുക വരുത്താം). എന്നാൽ, പുതിയ മാർപാപ്പയെ കണ്ടെത്താനായാൽ ബാലറ്റ് പേപ്പറുകൾ മാത്രം കത്തിക്കുകയും ശുഭസൂചകമായ വെളുത്ത പുക പുറത്തു വരികയും ചെയ്യും.




# പൂർവ്വികരുടെ നാട്ടിൽനിന്ന് കല്ലറയുടെ മാർബിൾ കന്യകാമറിയത്തിന്റെ ഐക്കൺ ചിത്രത്തിനരികെ അന്ത്യവിശ്രമം




പൂർവ്വികരുടെ നാട്ടിൽനിന്ന് കല്ലറയുടെ മാർബിൾ കന്യകാമറിയത്തിന്റെ ഐക്കൺ ചിത്രത്തിനരികെ അന്ത്യവിശ്രമം

വത്തിക്കാൻ. ഫ്രാൻസിസ് മാർപാപ്പയുടെ കല്ലറ നിർമ്മിക്കാനുപയോഗിച്ച മാർബിൾ എത്തിച്ചത് അദ്ദേഹത്തിന്റെ പൂർവ്വികരുടെ നാടായ ഇറ്റലിയിലെ ലിഗുരിയ മേഖലയിൽ നിന്ന്. ഫ്രാൻസിസ് പാപ്പയുടെ ആഗ്രഹപ്രകാരമാണ് ഇറ്റലിക്കാരായ പൂർവ്വികരുടെ നട്ടിൽനിന്നുള്ള മാർബിൾ എത്തിച്ചു കല്ലറ നിർമ്മിച്ചതെന്നു വത്തിക്കാൻ വൃത്തങ്ങൾ അറിയിച്ചു.

മുൻഗാമികൾ അന്ത്യവിശ്രമത്തിന് തെരഞ്ഞെടുത്തിരുന്ന സെന്റ് പീറ്റേഴ്സ് ബസലിക്കയ്ക്കു പകരം റോമിലെ സെന്റ് മേരി മേജർ ബസലിക്കയിൽ തന്നെ അടക്കം ചെയ്യണമെന്നതും പാപ്പയുടെ ആഗ്രഹമായിരുന്നു. ഫ്രാൻസിസ് എന്നതിന്റെ ലത്തീൻ രൂപമായ 'ഫ്രാൻസിസ്കോ' എന്ന് മാത്രമാണ് കല്ലറയുടെ മുകളിൽ എഴുതിയിട്ടുള്ളത്.

റോമിലെ എസ്ക്വിലിൻ കുന്നിൽ ക്രിസ്തുവർഷം 432-ൽ നിർമ്മിച്ചതാണ് സെന്റ് മേരി മേജർ പേപ്പൽ ബസലിക്ക. റോമിലെ ജനങ്ങളുടെ രക്ഷകയായ കന്യകാമറിയത്തിന്റെ (സാലസ് പോപ്പുലി റൊമാനി) ഐക്കൺ ചിത്രത്തിന് അരികിലാണ് മാർപാപ്പയുടെ കബറിടം. മാർപാപ്പയായി ചുമതല ഏറ്റ ശേഷം ഫ്രാൻസിസ് പാപ്പ കന്യകാമറിയത്തിന്റെ ഈ ചിത്രത്തിനു മുന്നിൽ പ്രാർത്ഥിക്കാനെത്തുന്നത് പതിവായിരുന്നു.

വത്തിക്കാന് പുറത്തേക്കുള്ള ഓരോ യാത്രയ്ക്കു മുൻപും ശേഷവും ഫ്രാൻസിസ് പാപ്പ ഇവിടെ പ്രാർത്ഥിക്കാനെത്തിയിരുന്നു. ഏറ്റവുമൊടുവിൽ, 38 ദിവസത്തെ ആശുപത്രി വാസത്തിനു ശേഷവും ഇവിടം സന്ദർശിച്ചിരുന്നു.

നിക്കോളാസ് നാലാമൻ (1227 –1292), വിശുദ്ധ പയസ് അഞ്ചാമൻ (1504–1572), സിക്സ്റ്റസ് അഞ്ചാമൻ (1521–1590), ക്ലമന്റ് ഏഴാമൻ (1536 –1621), ക്ലമന്റ് ഒൻപതാമൻ (1600 –1669) തുടങ്ങിയ മാർപാപ്പമാരുടെ കല്ലറകളും ഇവിടെയുണ്ട്.






ST. FRANCIS ASSISI CATHEDRAL

OFFICE HOURS
MONDAY - SATURDAY 9.00 am - 12.30 pm
SUNDAY & HOLYDAY OFFICE CLOSED
EMERGENCY CALL AT ANY TIME : 9447033884

WEEK DAY MASS - 6.00 am, 7.00 am, 5.30 pm.
SUNDAY MASS - 5.30 am, 7.00 am, 9.00 am, 5.30 pm.
SATURDAY MASS - 6.00 am, 7.00 am, 11.00 am, 6.00 pm, 7.15 pm - Eng
SATURDAY NOVENA - 6.30 am, 7.30 am, 11.30 am, 3.30 pm, 4.30 pm,
5.30 pm, 6.30 pm, 7.45 pm (Eng).


PANAKKAL CATERING

PANAKKAL HOUSE
MOOLAMPILLY
KOCHI-682027

JOSHY
7736032071
9995252071

Ph:93499 56354
joshypanakkalcatering@gmail.com

# അടുത്തിരിക്കാൻ എത്ര അകലണം!

## ജൂൺ 29 തിരുഹൃദയതിരുനാൾ



**ഫാ. ഷാമിൽ ജോസഫ്**

*അവൾ അവനോട് ഏറ്റവും അടുത്തായിരുന്നു. അവന്റെ വാരിയെല്ലിൽ നിന്നാണ് അവളെ മെനഞ്ഞത്. വാരിയെല്ലോളം അവൾ അവന് അടുത്തായിരുന്നു. ആദ്യമൊക്കെ അവർ ഒരുമിച്ച് ആയിരുന്നിരിക്കണം നടന്നിരുന്നത്. നിങ്ങളുടെ ദാമ്പത്യത്തിന്റെ ആരംഭത്തിലും അതങ്ങനെ തന്നെയായിരിക്കണം. രണ്ട് ഹൃദയങ്ങൾ ഏറ്റവും അടുത്തായിരുന്നു ഇടം. എത്ര മേൽ അടുക്കാം ഇനി അകലാൻ ഇടമില്ലാത്തിട ത്തോളം വരെ.*

എന്നാൽ അന്ന് അവരിൽ ഒരാൾ അകലേക്ക് നടക്കാൻ തുടങ്ങി തനിച്ച്. അവൾ അവനിൽ നിന്ന് അകന്ന് ആ മരത്തിന് അടു ത്തെത്തി. ആ മരത്തിൽ ഒരു സർ പ്പം. സർപ്പമവളെ ആ കായോളം അടുപ്പിച്ചു. കായ് അവളുടെ ചുണ്ടോളം അടുത്തു. അവൾ അതിനെ വായോളം അടുപ്പിച്ചു. അവളും വിലക്കപ്പെട്ട കനിയും അകലാൻ ഇടമില്ലാത്തിടത്തോളം അടുത്തപ്പോൾ അവളും അവനും തമ്മിൽ അകന്നു. പിന്നെ അവരും ദൈവവും തമ്മിലകന്നു.

ഒറ്റയടിപ്പാതയിൽ ചുവപ്പു ചാലിച്ച സായന്തനങ്ങളിൽ ഒരുമിച്ച് നടന്നവർ അന്ന് കാണാതി രിക്കാൻ ഒളിച്ചിരുന്നു. അകൽച്ച തുടങ്ങുകയാണ്. എത്രമേൽ അകലാം ഇനി അടുക്കാൻ ഇടമില്ലാ ത്തിടത്തോളം.

സ്വർഗ്ഗത്തിൽ നിന്നും ദൈവത്തിൽ നിന്നും അകന്നവർ നടക്കാൻ വിധി ക്കപ്പെട്ടു. പഴിചാരിയും തിരിഞ്ഞു നോക്കിയും അകലേക്ക് നടന്നു നീങ്ങുന്ന അവർ. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയപ്പോൾ അവൾ അവന്റെ കൈപിടിച്ചിരിക്കുന്നു. സാധ്യതയില്ല. അടുത്തിരിക്കേ ണ്ടവർ അകലുന്നത് വേദനയുടെ കാഴ്ചയാണ്. ചേർന്നിരിക്കുന്ന ഹൃദയങ്ങൾ അകലുന്നത് എത്ര വേദനാജനകം.

അകന്നു പോയവരെ അലിവോടെ തേടിയിറങ്ങിയ ദൈവത്തിന്റെ കാഴ്ച കൂടി അവിടെ ആരംഭിക്കുകയാണ്.

യഥാർത്ഥത്തിൽ അടുക്കേണ്ടവർ അടുക്കാൻ ചിലതിനോടൊക്കെ അകലണം എന്ന് ഓർമ്മി പ്പിക്കാൻ എന്നോണം അബ്രഹാം ഒരു അകൽ യാത്ര നടത്തുകയാണ്, എല്ലാം ഇട്ടെറിഞ്ഞ് ദൈവം പറഞ്ഞിടത്തേക്ക്.

തന്റെ സ്വത്തുവകകളും ആടുമാടു കളെയും അകറ്റി സഹോദരൻ ഏസാവിലേക്ക് ക്ഷമ ചോദിച്ച് അടുക്കുന്ന യാക്കോബിന്റെ കാഴ്ച.

പട്ടിണി മാറാൻ ജന്മനാട്ടിൽ നിന്ന് അകന്ന് ഈജിപ്തിലേക്ക് അരിക് ചേർന്ന ഇസ്രായേലിന്റെ മക്കൾ. പിന്നീട് കാനാൻ ദേശത്തിനായി ഈജിപ്തിൽ നിന്ന് അകന്ന ഇസ്രയേൽ ജനത.

അവരോടൊപ്പം തന്റെ സ്വർഗ്ഗം വിട്ടിറങ്ങിയ ഒരു ദൈവവും ഉണ്ടായിരുന്നു. കൂടാരത്തിനുള്ളിൽ അവരോടൊപ്പം കഴിയാൻ സ്വർഗ്ഗത്തിൽ നിന്ന് വന്ന ദൈവം. അത്രമേൽ അടുത്ത് എന്റെ അയൽ കൂടാരവാസിയായി ഒരു ദൈവം.

അയൽവാസികൾ എത്രമേൽ അടുത്തായിരുന്നു. അന്ന് നമുക്ക് മതിലുകൾ ഇല്ലായിരുന്നു. അപ്പുറത്തെ അടുക്കളയിൽ കയറി ഇപ്പുറത്തവന്റെ മക്കളും സ്വന്തം വീട് എന്നപോലെ കഴിച്ചിരുന്ന ഒരു കാലം.

എന്റെ വീട്ടിൽ മുറിക്കുന്ന ചക്കയുടെ പങ്ക് അയൽപക്കത്തും എത്തണമെന്ന് വാശി പിടിക്കു വോളം അടുത്തായിരുന്ന അയൽപക്കങ്ങളുടെ കാലം. ഒരു ഹൃദയം കണക്ക് ജീവിച്ച ഒരുപറ്റം മനുഷ്യർ. അയൽകൂടാരത്തിൽ ദൈവമാണെന്ന് അറിയുമ്പോൾ ആശ്വാസം!

പിന്നീട് എപ്പോഴൊക്കെയോ ദൈവത്തെ അവർ അകറ്റി. ദൈവാലയത്തിനകത്ത് അതി വിശുദ്ധയിടത്ത് വലിയ തിരശ്ശീല കൊണ്ട് മറച്ച്, പ്രധാന പുരോഹി തന് മാത്രം അടുത്ത് ചെല്ലാവുന്ന സാന്നിധ്യമായി അകന്നകന്ന് ഒരു ദൈവം.

അത് ഒരുതരം പറുദീസ നഷ്ടമായിരുന്നു. ഇത്തവണ തേടി വന്നത് യേശുവാണ്. പറുദീസ വിട്ട്

ദൈവമകൻ മനുഷ്യനെ തേടിയെത്തുന്ന സുവിശേഷം. ദൈവത്തിന് യേശുവോളം മനുഷ്യനു മായി ഇനി അടുക്കാനാവില്ല.

നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്ത് സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെ പോലെ തന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ.



മനുഷ്യനോട് ചങ്ങാത്തം കൂടിയ ദൈവപുത്രൻ, ഭൂമിയിൽ വസിക്കാൻ സ്വർഗ്ഗത്തിൽ നിന്ന് വരെ അകലാൻ മനസ്സ് കാണിച്ചവൻ, സാധാരണക്കാരൻ ആകാൻ കൊട്ടാരത്തിൽ നിന്ന് അകന്നവൻ, അകന്നു പോയവരെ തേടി അടുത്തെത്തിയവൻ, തോളിൽ കയ്യിട്ടു നടക്കുന്ന ഒരു ദൈവം, കഥ പറയുന്ന ദൈവം, അപ്പം വിളമ്പുന്ന ദൈവം, കാനായിലെ കല്യാണവീട്ടിൽ നൃത്തം ചവിട്ടുന്ന ദൈവം, കൂട്ടുകാരൻ ലാസറിനെ കാണാൻ എത്തുന്ന ദൈവം, നികുതി കൊടുക്കുന്ന ദൈവം! എത്ര മേൽ മനുഷ്യനുമായി അടുക്കാം, ഇനി അകലാൻ ഇടമില്ലെന്നത് വരെ! ഇതാ ഹൃദയമുള്ള ഒരു ദൈവം.

ഒരുപാട് അടുത്തവനെ അവർ പിന്നെയും അകറ്റി. മണ്ണ് ചവിട്ടി നടന്നവനെ അവർ കുരിശിൽ നാട്ടി അകറ്റി. എത്ര മേൽ അകറ്റാം ഇനി മണ്ണിൽ ചവിട്ടാൻ ആകാത്ത വിധം ആണി തറച്ച് കുരി ശിൽ കിടത്തുവോളം. സ്നേഹം കൊണ്ട് തുടിച്ച ആ ഹൃദയത്തെ എത്ര മേൽ അകറ്റാം. കുന്തംകൊണ്ട് കുത്തിപ്പിളർക്കുവോളം.

ആ ഹൃദയത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ, ആ ഹൃദയത്തോട് ഏറ്റവും അടുത്തിരുന്ന ഒരാൾ യോഹന്നാൻ ആയിരുന്നു. വഷസ്സിൽ ചാരി ഹൃദയമിടിപ്പ് കേട്ടുകൊണ്ട്, എന്നും കൂടെയിരിക്കാൻ അപ്പം ആദ്യമായ് വാഴ്ത്തുന്ന മഹാ സംഭവത്തിന് സാക്ഷിയായി യോഹന്നാൻ. ആ ഹൃദയത്തോട് അത്രമേൽ ചേർന്നിരുന്നതുകൊണ്ട് കുരിശിന്റെ വഴിയിലും അയാൾ ചേർന്ന് നടക്കാൻ ധൈര്യം കാട്ടി.

അത്രമേൽ ധൈര്യം കിട്ടുമാറ് ഞാനും നിങ്ങളും തിരുഹൃദയത്തോടു ചേർന്ന് നിൽക്കുന്നവരാണോ?

അടുത്തിരിക്കേണ്ടവർ അടുത്തിരിക്കുന്നത് തന്നെയാണ് സായൂജ്യം.

ഇടത്തും വലത്തും അടുത്തിരിക്കാൻ അനുഗ്രഹം ചോദിക്കുന്ന സെബദി പുത്രന്മാരുടെ ആഗ്രഹം നടന്നുകാണും. അവൻ കുടിച്ച കാസയിൽ പങ്കുചേർന്ന് അവന്റെ വലത്തും ഇടത്തും.

തിരുഹൃദയത്തോട് എന്നപോലെ ചിലയിടത്ത് അടുത്തിരിക്കേണ്ട സമയമായി.

ഈശോയുടെ ഹൃദയത്തോട് ചേർന്ന് നിൽക്കാൻ യോഹന്നാൻ ബാക്കിയെല്ലാത്തിൽ നിന്നും അകന്നിരിക്കണം. വഞ്ചനയിൽ നിന്നും വെള്ളിനാണയത്തിൽ നിന്നും.

അത്താഴമേശയിലും കുടുംബ പ്രാർത്ഥനയിലും അടുത്തിരിക്കാൻ മൊബൈൽ ഫോണിൽ നിന്നും ടിവിയിൽ നിന്നും തിരക്കിൽ നിന്നും നാം എത്ര അകലണം?

ഭർത്താവിനോട് അടുത്തിരിക്കാൻ ഭാര്യ കുറ്റം പറയലുകളിൽ നിന്ന് എത്ര അകലണം?

ഭാര്യയോടടുത്തിരിക്കാൻ ഭർത്താവ് ധാർഷ്ട്യത്തിൽ നിന്ന് എത്ര അകലണം?

മക്കളോട് അടുത്തിരിക്കാൻ മാതാപിതാക്കൾ തിരക്കിൽ നിന്ന് എത്ര അകലണം?

മാതാപിതാക്കളുടെ അടുത്തിരിക്കാൻ മക്കൾ മൊബൈൽ ഫോണിൽ നിന്ന് എത്ര അകലം?

അയൽക്കാരോട് അടുത്തിരിക്കാൻ സ്വാർത്ഥതയിൽ നിന്ന് നാം എത്ര അകലണം.

ഈശോയുടെ തിരുഹൃദയത്തിനോട് അടുത്തിരിക്കാൻ നാം എവിടെ നിന്നെല്ലാം എത്രമാത്രം അകലണം?

അടുത്തിരിക്കാൻ എത്ര അകലണം?



## *ശരിദൂരമാകാൻ ലത്തീൻസമുദായം: സമുദായശക്തി തെളിയിച്ച് കെഎൽസിഎ ജില്ലാ കൺവെൻഷൻ*

ലത്തീൻ വോട്ട് ബാങ്ക് ഒരു രാഷ്ട്രീയപാർട്ടിയുടെയും കുത്തകയല്ലെന്ന് പ്രഖ്യാപിച്ച് കെഎൽസിഎ എറണാകുളം ജില്ലാ സമുദായ സംഗമം സംഘടിപ്പിച്ചു. വരുന്ന തിരഞ്ഞെടുപ്പിൽ സമുദായംഗങ്ങളെ പരിഗണിക്കുന്ന പാർട്ടികളെ മാത്രമേ സമുദായം പരിഗണിക്കൂ. എല്ലാ കാലത്തും സമദൂരമായി തുടരാൻ ഒരുക്കമല്ല. ശരിദൂരം തിരിച്ചറിയാൻ കഴിവുള്ളവരാണ് ലത്തീൻ കത്തോലി ക്കരെന്ന് കൺവെൻഷൻ പ്രഖ്യാപിച്ചു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. എറണാകുളം കച്ചേരിപ്പടി സെന്റ് ആന്റണീസ് സ്കൂൾ ഗ്രൗണ്ടിൽ നടന്ന സംഗമത്തിൽ വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ബിഷപ്പ് ഡോ.ആന്റണി വാലുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത പ്രസിഡന്റ് സി.ജെ. പോൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ തോമസ് മുഖ്യപ്രഭാഷണം നടത്തി.

വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമിറ്റം, ഹൈബി ഈഡൻ എം.പി, ടി.ജെ. വിനോദ് എംഎൽഎ, കോൺഗ്രസ് ജില്ലാ പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ബിജെപി ജില്ലാ പ്രസിഡന്റ് കെ.എസ്. ഷൈജു, കെ.സി.എഫ്. ജനറൽ സെക്രട്ടറി വി.സി. ജോർജുകുട്ടി, അത്മായ കമ്മീഷൻ അസോ. ഡയറക്ടർ ഷാജി ജോർജ്, കെഎൽസിഎ സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജോസി, ബി.സി.സി. ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി, കെഎൽസിഎ ഡയറക്ടർ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, കെഎൽസിഎ സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. ജസ്റ്റിൻ കരിപ്പാട്ട്, കെഎൽസിഎ കോട്ടപ്പുറം രൂപത പ്രസിഡന്റ് അനിൽ കുന്നത്തൂർ, കെഎൽസിഎ കൊച്ചി രൂപത ട്രഷറർ ജോബ് പുളിക്കിൽ, അതിരൂപത ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ, പ്രോഗ്രാം കമ്മറ്റി ചെയർമാൻ റോയ് ഡിക്കുഞ്ഞ, ട്രഷറർ എൻ.ജെ. പൗലോസ്, വൈസ് പ്രസിഡന്റ് ബാബു ആന്റണി എന്നിവർ പ്രസംഗിച്ചു. ഐ ഫൗണ്ടേഷനുമായി സഹകരിച്ച് കെഎൽസിഎ നടപ്പിലാക്കുന്ന നേത്ര ചികിത്സാ പ്രിവിലേജ് കാർഡിന്റെ വിതരണോദ്ഘാടനം മന്ത്രി നിർവ്വഹിച്ചു. കെഎൽസിഎ മുഖപത്രം സത്യനാദം പ്രത്യേക പതിപ്പ് ബിഷപ് ഡോ. ആന്റണി വാലുങ്കൽ, കിൻഫ്ര ചെയർമാൻ സാബു ജോർജിന് നൽകി പ്രകാശനം ചെയ്തു. എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിന് പ്രവർത്തകർ കൺവെൻഷനിൽ പങ്കെടുത്തു.

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർ ഭവനിൽ വച്ച് നട ത്തുന്ന ജൂൺ മാസത്തെ പരിപാടികൾ:**

വിവാഹ ഒരുക്ക കോഴ്സ് :ജൂൺ 6, 7, 8 & 20, 21, 22
രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

മാതൃവേദി കൂട്ടായ്മ:ജൂൺ 14, ശനിയാഴ്ച രാവിലെ 10.30 ന്

ഏകസ്ഥ കൂട്ടായ്മ: ജൂൺ 19, വ്യാഴാഴ്ച, രാവിലെ 10.30 ന്

വിധവ കൂട്ടായ്മ (അൽമാന):ജൂൺ 21, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന്



## *ഫാമിലി കമ്മീഷൻ മാതൃവേദി സംഗമം നടത്തി*

2025 ജൂബിലി വർഷം പ്രമാണിച്ച് വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ ആർച്ച് ബിഷപ്പ് ഹൗസിൽ സംഘടിപ്പിച്ച മാതൃവേദി സംഗമത്തിന്റെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ നിർവഹിച്ചു. ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ. അലക്സ് കുരിശുപറമ്പിൽ അധ്യക്ഷത വഹിച്ച സംഗമത്തിൽ മാതൃവേദി പ്രസിഡന്റ് മേരി ഹെലൻ, ഫാമിലി കമ്മീഷൻ ആനിമേറ്റർ സി. ജോസഫിൻ, ഖജാൻജി റിനു ബെനഡിക്ട് എന്നിവർ പ്രസംഗിച്ചു. തുടർന്ന് കലാപരിപാടികളും ഉണ്ടായിരുന്നു.




*ഫാമിലി കമ്മീഷൻ അല്മാന-വിധവ സംഗമം നടത്തി*

ജൂബിലി വർഷം പ്രമാണിച്ച് വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ സംഘടിപ്പിച്ച അല്മാന -വിധവ സംഗമത്തിന്റെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ നിർവഹിച്ചു. ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ. അലക്സ് കുരിശുപറമ്പിൽ അധ്യക്ഷത വഹിച്ച സംഗമത്തിൽ പ്രസിഡന്റ് എൽസി ജോർജ്, സെക്രട്ടറി ഫിലോമിന ഫെലിക്സ്, ആനിമേറ്റർ സി. ജോസഫിൻ, മോളി മാനുവൽ എന്നിവർ പ്രസംഗിച്ചു. വിവിധ മത്സരങ്ങളിൽ വിജയിച്ചവരെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് കലാപരിപാടികളും ഉണ്ടായിരുന്നു.



*വലിയ കുടുംബങ്ങളുടെ സംഗമം നടത്തി*

ജൂബിലി വർഷം പ്രമാണിച്ച് വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷനും കെസിബിസി പ്രോലൈഫ് സമിതിയും സംയുക്തമായി സംഘടിപ്പിച്ച വലിയ കുടുംബങ്ങളുടെ സംഗമത്തിന്റെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ നിർവഹിച്ചു. കെസിബിസി പ്രൊലൈഫ് സംസ്ഥാന സമിതി പ്രസിഡന്റ് ജോൺസൺ ചൂരേപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രോലൈഫ് സംസ്ഥാന സമിതി ഡയറക്ടർ ഫാ. ക്ലീറ്റസ് കതിർപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ. അലക്സ് കുരിശുപറമ്പിൽ, സി. ജോസഫിന, റ്റാബി ജോർജ്, ജോബി തോമസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് സ്കോളർ ഷിപ്പുകളും പഠനോപകരണങ്ങളും ബിഷപ്പ് വിതരണം ചെയ്തു. രാവിലെ നടന്ന ദിവ്യബലിക്ക് ആശിർഭവൻ ഡയറക്ടർ ഫാ. വിൻസെന്റ് വാരിയത്ത് കാർമികത്വം വഹിച്ചു.

# വാർത്തകൾ NEWS

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.ഡോ. സാബു ചാക്കോ മാളിയേക്കൽ25,000 രൂപ*
*2.സെന്റ് ജോർജ് ചർച്ച്, കർത്തേടം10,000 രൂപ*
*3.ശ്രീ. അമൽ ക്ലെമന്റ്25,000 രൂപ*
*4.ശ്രീ. ഡെസ്നോൾ & ശ്രീമതി. റോസി ഡെസ്നോൾ 10,000 രൂപ*
*5.സെന്റ് ജോസഫ് ചർച്ച്, അമ്പലമുകൾ5,000 രൂപ*
*6.സെന്റ് ജോർജ് ചർച്ച്, പുത്തൻകുരിശ്10,000 രൂപ*
*7.സെന്റ് പാട്രിക് ചർച്ച്, വൈറ്റില15,000 രൂപ*
*8.ഹോളിഫാമിലി ചർച്ച്, സൗത്ത് ചിറ്റൂർ50,000 രൂപ*
*9.സെന്റ് ജോസഫ് ചർച്ച്, നീറിക്കോട്10,000 രൂപ*
*10.ശ്രീ. റോബിൻ ജസ്റ്റിൻ & ശ്രീമതി. മരിയ പോൾ 15,000 രൂപ*
*11.സെന്റ് മേരി മഗ്ദലിൻ ചർച്ച്, മൂത്തേടം10,000 രൂപ*
*12.സേക്രട്ട് ഹാർട്ട് ചർച്ച്, തേവർകാട്25,000 രൂപ*
*13.സെന്റ് മൈക്കിൾ ചർച്ച്, ചെമ്പുമുക്ക്15,000 രൂപ*
*14.ആദ്യകുർബാന സ്വീകരണാർത്ഥികൾ, സെന്റ് ആന്റണീസ് ചർച്ച്*
*പനങ്ങാട്10,000 രൂപ*
*15.Bl. സെന്റിനറി O'CARM സിസ്റ്റേഴ്സ്25,000 രൂപ*
*16.ഥൈര്യലേപനാർത്ഥികൾ, സേക്രട്ട്ഹാർട്ട് ചർച്ച്, മുടിക്കൽ5,000 രൂപ*
*17.സേക്രട്ട്ഹാർട്ട് ചർച്ച്, മാനാട്ടുപറമ്പ്10,000 രൂപ*
*18.സെന്റ് മൈക്കിൾസ് ചർച്ച്, ചെമ്പുമുക്ക്10,000 രൂപ*
*19.സി.ആർ.സി. മഞ്ഞുമ്മൽ5,000 രൂപ*
*20.സെന്റ് സെബാസ്റ്റ്യൻ ചർച്ച്, ഇടയക്കുന്നം10,000 രൂപ*
*21.ഔർ ലേഡി ഓഫ് ഫാത്തിമ ചർച്ച്, ഇടയാർ5,000 രൂപ*
*22.സെന്റ് ജോസഫ് ചർച്ച്, വടക്കേക്കോട്ട50,000 രൂപ*
*ആകെ3,55,000 രൂപ*

DIRECTORATE OF FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2025 ജൂൺ 29 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

# പാപ്പയുടെ തിരഞ്ഞെടുപ്പ്

*മത്തായി 16:13-19*



*ഡോ. വിൻസെന്റ്
വാര്യത്ത്*

2025 മെയ് മാസം 7-ാം തീയതി ഒരു ചരിത്ര ദിവസമായി മാറി! തലേദിവസങ്ങളിൽ തന്നെ പാപ്പാ തിരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള 133 കർദ്ദിനാൾമാർ വത്തിക്കാനിൽ എത്തിച്ചേർന്നിരുന്നു. അവർ ഒരുമിച്ച് ചേർന്നാണ് 267-ാമത്തെ പാപ്പയായി കർദിനാൾ റോബർട്ട് പ്രെവോസ്റ്റിനെ തിരഞ്ഞെടുത്തത്.

ലോകം മുഴുവൻ കാത്തിരുന്നത് പുതിയ പാപ്പ ആരാണെന്ന് അറിയാനാണ്. അത്രയ്ക്ക് പ്രാധാന്യം ലോകത്തിൽ പാപ്പയ്ക്കുണ്ട്. ചില മാധ്യമങ്ങൾ പാപ്പയെ വിളിക്കുന്നത് നേതാക്കന്മാരുടെ നേതാവെന്നാണ്. ഇങ്ങനെയുള്ള ഒരാളെ തിരഞ്ഞെടുക്കുന്ന പ്രക്രിയ ലോകജനശ്രദ്ധ ആകർഷിക്കാറുണ്ട്. കത്തോലിക്കാസഭയിൽ പാപ്പമാരെ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന് അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

**1. കോൺക്ലേവിന്റെ അർത്ഥം**

പാപ്പമാരെ തിരഞ്ഞെടുക്കുവാൻ വേണ്ടി കർദ്ദിനാൾമാർ ഒരുമിച്ചു ചേരുന്ന സമ്മേളനത്തെ കോൺക്ലേവ് എന്ന് വിളിക്കുന്നു. രണ്ട് ലത്തീൻ പദങ്ങൾ ചേർന്നതാണ് ഈ പദം. 'കും' എന്ന പദത്തിന് ഒരുമിച്ച് എന്നർത്ഥം. 'ക്ലാവിസ്' എന്ന പദത്തിന് താക്കോൽ എന്നർത്ഥം! താക്കോലിട്ട് പൂട്ടപ്പെട്ട രഹസ്യസ്ഥലത്ത് ഇരുന്ന് പുതിയ പാപ്പയെ കർദ്ദിനാൾമാർ തിരഞ്ഞെടുക്കുന്ന സമ്മേളനത്തിനാണ് കോൺക്ലേവ് എന്ന് വിളിക്കുക. ബാഹ്യസമ്മർദ്ദങ്ങൾ ഒന്നുമില്ലാതെ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ പാപ്പാമാർ തിരഞ്ഞെടുക്കപ്പെടണം എന്ന് ഉറപ്പിക്കാനാണ് ഇത്രയ്ക്ക് രഹസ്യസ്വഭാവം സൂക്ഷിക്കുന്നത്. ഇത്തവണത്തെ കോൺക്ലേവിന് 133 കർദ്ദിനാൾമാരാണ് പങ്കെടുത്തത്.

**2. കോൺക്ലേവിന്റെ നടപടിക്രമങ്ങൾ**

രാവിലെ പ്രോ എലിജെന്തോ റൊമാനോ പൊന്തിഫിച്ചി (*Pro eligento romano pontificci*) എന്ന പേരിലറിയപ്പെടുന്ന കുർബാന സെന്റ് പീറ്റർ ബസലിക്കയിൽ കർദ്ദിനാൾമാർ എല്ലാവരും ചേർന്ന് അർപ്പിച്ചു. ഉച്ചതിരിഞ്ഞ് പൗളീൻ ചാപ്പലിൽ നിന്ന് കർദ്ദിനാൾമാർ പ്രദക്ഷിണമായി വിശുദ്ധരുടെ ലുത്തിനിയ പാടി സിസ്റ്റൈൻ ചാപ്പലിൽ എത്തിച്ചേർന്നു. സിസ്റ്റൈൻ ചാപ്പലിന്റെ വാതിൽക്കൽ നിന്നുകൊണ്ട് 'വേനി ക്രിയാത്തൂർ' .... എന്ന് തുടങ്ങുന്ന പരിശുദ്ധാത്മഗാനം എല്ലാവരും ആലപിച്ചു. പിന്നീട് കോൺക്ലേവിന്റെ രഹസ്യസ്വഭാവവും, വിശ്വസ്തതയും കാത്തു പാലിക്കും എന്ന് ബൈബിൾ തൊട്ട് ഓരോരുത്തരും സത്യപ്രതിജ്ഞ നടത്തി. അതിനുശേഷം പൊന്തിഫിക്കൽ ലിറ്റർജിക്കൽ സെലിബ്രേഷന്റെ മാസ്റ്റർ ഉച്ചത്തിൽ പരമ്പരാഗത രീതിയിൽ ലത്തീൻ ഭാഷയിൽ വിളിച്ചു പറഞ്ഞു. 'എക്സ്ട്രാ ഓം നേസ്'! അതായത് അകത്തു നിൽക്കുന്നവരിൽ വോട്ടവകാശം ഇല്ലാത്തവർ പുറത്തേക്ക് പോവുക. അതിനുശേഷം പ്രതീകാത്മകമായി സിസ്റ്റൈൻ ചാപ്പലിലെ വാതിലുകൾ കൊട്ടിയടച്ചു.

ചെറു പ്രാർത്ഥനകൾക്ക് ശേഷം എല്ലാവരും തിരഞ്ഞെടുപ്പ് കർമ്മത്തിലേക്ക് പ്രവേശിക്കുന്നു. മൂന്നിൽ രണ്ട് ഭൂരിപക്ഷമാണ് പാപ്പയായി തിരഞ്ഞെടുക്കപ്പെടാൻ വേണ്ടത്. 133 കർദ്ദിനാൾമാർ വോട്ട് ചെയ്യുമ്പോൾ 89 പേർ ആരെ നിശ്ചയിക്കുന്നുവോ, അദ്ദേഹമായിരിക്കും അടുത്ത പോപ്പ്.

ഇത്തവണത്തേത് വളരെ ഹ്രസ്വമായ വോട്ടെടുപ്പ് പ്രക്രിയയായിരുന്നു. രണ്ടാം ദിവസം തന്നെ പുതിയ പാപ്പ തിരഞ്ഞെടുക്കപ്പെട്ടു. നാലാം വോട്ടിംഗിലാണ് പുതിയ പാപ്പ തിരഞ്ഞെടുക്കപ്പെട്ടത്. ഓരോ വോട്ടിങ്ങിലും പാപ്പാ തിരഞ്ഞെടുക്കപ്പെട്ടില്ല എങ്കിൽ സിസ്റ്റൈൻ ചാപ്പലിലെ ചിമ്മിണിയി



ലൂടെ കറുത്ത പുക പുറത്തേക്ക് വരും. പുറത്ത് കാത്തിരിക്കുന്ന വർക്കുള്ള ഒരു അറിയിപ്പാണിത്. അവസാനം പാപ്പ തിരഞ്ഞെടുക്ക പ്പെട്ടപ്പോൾ വെളുത്ത പുക ഉയ രാൻ തുടങ്ങി. ഇത്തവണ 50,000 ആളുകളാണ് ഈ വെളുത്ത പുക ഉയരുന്നത് കാണാൻ അവിടെ തമ്പടിച്ചത്. കറുപ്പോ വെളുപ്പോ എന്ന് നിശ്ചയിക്കുവാൻ ചില രാസവസ്തുക്കൾ ബാലറ്റ് പേപ്പറു കൾക്ക് ഒപ്പം ചേർത്ത് കത്തിക്ക ലാണ് പതിവ്.

പാപ്പ തിരഞ്ഞെടുക്കപ്പെട്ട് കഴിയു മ്പോൾ 'അത്യുന്നതമായ ഈ പദവി സ്വീകരിക്കുവാൻ താങ്കൾ തയ്യാറാണോ?' എന്ന് ഏറ്റവും സീനിയറായ കർദ്ദിനാൾ തിര ഞ്ഞെടുക്കപ്പെട്ട കർദ്ദിനാളിനോട് ചോദിക്കുമ്പോൾ 'ഞാൻ സ്വീകരി ക്കുന്നു' എന്ന് ഉത്തരം പറയും. അതിനുശേഷം താങ്കൾ എന്ത് പേരിൽ അറിയപ്പെടാൻ ആഗ്രഹി ക്കുന്നു? എന്ന് ചോദിക്കുമ്പോൾ ആഗ്രഹിക്കുന്ന പേര് പറയാം. ഇത്തവണത്തെ പാപ്പ ലെയോ പതിനാലാമൻ എന്ന പേരാണ് പറഞ്ഞത്. സഭയിൽ ലെയോ എന്ന പേരിൽ 13 പേരുണ്ട്. തൊഴി ലാളികൾക്കുവേണ്ടി റേരും നൊവാരും എന്ന ചാക്രികലേ ഖനം ഇറക്കിയ മഹാനായ പാപ്പ യാണ് ലെയോ പതിമൂന്നാമൻ. അദ്ദേഹത്തെപ്പോലെ തൊഴിലാളി കളുടെ, പാവപ്പെട്ടവരുടെ സ്വര മായി മാറാനുള്ള ആഗ്രഹം ആയി രിക്കാം ഈ പേര് സ്വീകരണത്തിന് പിന്നിൽ.

തുടർന്ന് പാപ്പ 'കണ്ണീരിന്റെ മുറി' എന്നറിയപ്പെടുന്ന മുറിയിലേക്ക് പോകുന്നു. കണ്ണീരിന്റെ മുറി എന്ന് പറയാൻ കാരണം അവിടെ എത്തു മ്പോൾ തിരഞ്ഞെടുക്കപ്പെട്ട പാപ്പ മാർ കരഞ്ഞു പോകാറുണ്ട്. ആന ന്ദാശ്രുവാകാം, അല്ലെങ്കിൽ വരാനി രിക്കുന്ന ഭാരിച്ച ഉത്തരവാദി ത്വത്തെക്കുറിച്ചുള്ള ഉൽകണ്ഠയാ കാം, അല്ലെങ്കിൽ ദൈവത്തിനു നന്ദി പറഞ്ഞുള്ള കണ്ണീരൊഴുക്ക ലുമാകാം!

ആ മുറിയിൽ മീഡിയം, ലാർജ്, ഷോർട്ട് സൈസുകളിലുള്ള ഉടുപ്പു കൾ എടുത്തു വച്ചിട്ടുണ്ട്. അനു യോജ്യമായ വസ്ത്രം ധരിച്ചു വെളുത്ത തൊപ്പിയും പുതിയ കുരി ശുമാലയും ധരിച്ചു പാപ്പ ഔദ്യോ ഗികമായി ഒരുങ്ങി.

പിന്നീട് പ്രോട്ടോ ഡീക്കൻ കർദ്ദി നാൾ സെന്റ് പീറ്റർ ബസലിക്ക യുടെ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടു ചരിത്രപ്രസിദ്ധമായ വിളംബരം നടത്തുന്നു. 'ഹബേമൂസ് പാപ്പാം' എന്നാണ് അദ്ദേഹം ലത്തീൻ ഭാഷ യിൽ പറയുക. അതിനർത്ഥം നമു ക്കൊരു പാപ്പയെ ലഭിച്ചിരിക്കുന്നു എന്നാണ്. അപ്പോഴേക്കും മണി കൾ മുഴങ്ങി. ആളുകൾ കരഘോ ഷമുയർത്തി. ആ സമയത്ത് പുതിയ പാപ്പ മട്ടുപ്പാവിൽ പ്രത്യ ക്ഷപ്പെട്ടു. അദ്ദേഹം പരമ്പരാഗത രീതിയിലുള്ള ഉർബി എത്ത് ഒർബി എന്ന ആശീർവാദം നൽകി. നഗര ത്തിനും, ലോകത്തിനുമുള്ള ആശീർവാദം എന്നാണ് അർത്ഥം. തുടർന്ന് എല്ലാവർക്കും സമാധാനം നേരുന്നു.

പുതിയ പാപ്പ ആദ്യത്തെ അമേരി ക്കൻ പാപ്പയാണ്, അഗസ്റ്റീനിയൻ സന്യാസി സമൂഹത്തിൽ നിന്നുള്ള ആദ്യത്തെ പാപ്പ. ലാളിത്യവും സ്നേഹവും മുഖമുദ്രയാക്കിയ ആളാണ് അദ്ദേഹം എന്നാണ് അടു ത്തറിയാവുന്ന എല്ലാവരും സാക്ഷ്യ പ്പെടുത്തുന്നത്. അഗസ്റ്റീനിയൻ സഭയുടെ പ്രയോർ ജനറലായിരുന്ന അദ്ദേഹം നമ്മുടെ അതിരൂപതയിൽ രണ്ടുതവണ സന്ദർശനം നടത്തിയിട്ടുണ്ട് എന്നു ള്ളത് സന്തോഷകരമായ കാര്യമാ ണ്. ലോകത്തിന്റെ സമാധാന ദൂത നായി അദ്ദേഹം മാറട്ടെ.

**ചർച്ച:**

*പാപ്പമാരെക്കുറിച്ചും, പാപ്പാമാരുടെ തിരഞ്ഞെടുപ്പ് നടപടികളെക്കുറിച്ചു മുള്ള ക്വിസ് നടത്തി അതിനെക്കു റിച്ച് തന്നെ ചർച്ച നടത്തുക.*



പിൻമൊഴി

# ഫ്രാൻസിസ് മാർപാപ്പയുടെ മരണപത്രം

**ഏറ്റവും പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ, ആമ്മേൻ.**

എന്റെ ഭൗതിക ജീവിതത്തിന്റെ സന്ധ്യാസമയം അടുക്കുന്നതായി അനുഭവപ്പെടുമ്പോൾ, നിത്യജീവിതത്തിലെ ഉറച്ച പ്രത്യാശയോടുകൂടി എന്റെ സംസ്കാര സ്ഥലത്തെക്കുറിച്ചുള്ള അവസാന ആഗ്രഹങ്ങൾ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.
എന്റെ ജീവിതകാലം മുഴുവനും, ഒരു പുരോഹിതനായും മെത്രാനുമായുള്ള ശുശ്രൂഷയുടെ കാലത്തും, ഞാൻ എപ്പോഴും നമ്മുടെ രക്ഷകന്റെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണയിലേക്ക് സ്വയം സമർപ്പിച്ചിരുന്നു. ഈ കാരണത്താൽ, എന്റെ ഭൗതികാവശിഷ്ടങ്ങൾ ഉയിർപ്പിന്റെ ദിനം പ്രതീക്ഷിച്ച് പരിശുദ്ധ മാതാവിന്റെ പേപ്പൽ ബസലിക്കയായ സെന്റ് മേരി മേജറിൽ വിശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.
എന്റെ ഭൂമിയിലെ അവസാന യാത്ര, ഈ പുരാതന മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ തന്നെ അവസാനിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഓരോ അപ്പസ്തോലിക യാത്രയുടെ തുടക്കത്തിലും അവസാനത്തിലും പ്രാർത്ഥനയ്ക്കായി ഇവിടെ ഞാൻ എത്താറുണ്ട്. എല്ലാ ഉദ്ദേശ്യങ്ങളും നിർമ്മല മാതാവിനു വിശ്വാസപൂർവ്വം സമർപ്പിക്കുകയും അവളുടെ സൗമ്യമായ മാതൃപരിപാലനത്തിന് നന്ദി പറയുകയും ചെയ്യുന്നു.
ബസലിക്കയിലെ പൗളൈൻ ചാപ്പലിനും (സാലൂസ് പോപുലി റൊമാനി ചാപ്പൽ) പീഢാനുഭവ (സ്ഫോർസ) ചാപ്പലിനും ഇടയിലുള്ള നടപ്പാതയിലെ കബറിടത്തിൽ ചുവടെ ചേർത്തിട്ടുള്ളതുപോലെ, വിശ്രമകേന്ദ്രം ഒരുക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.
കബറിടം നിലത്തായിരിക്കണം. ലളിതമായും പ്രത്യേക അലങ്കാരങ്ങളില്ലാതെയും, ഫ്രാൻസിസ്  എന്ന ലിഖിതം മാത്രമേ ഉണ്ടാകാവൂ. എന്റെ മൃതസംസ്കാരത്തിനുള്ള ചെലവ് ഒരു അഭ്യുദയകാംക്ഷിയുടെ സംഭാവനയിലൂടെ നിർവ്വഹിക്കപ്പെടും. അത് പരിശുദ്ധ അമ്മയുടെ പേപ്പൽ ബസലിക്കയായ സെന്റ് മേരി മേജറിലേക്ക് കൈമാറാനുള്ള ക്രമീകരണം ഞാൻ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ആവശ്യമായ നിർദ്ദേശങ്ങൾ ലൈബീരിയൻ ചാപ്റ്ററിന്റെ അസാധാരണ കമ്മീഷണറായ കർദ്ദിനാൾ റോലാൻഡസ് മക്റിക്കാസിന് ഞാൻ നൽകിയിട്ടുണ്ട്.
എന്നെ സ്നേഹിച്ചവർക്കും എന്നെ ഓർത്ത് പ്രാർഥിക്കുന്നവർക്കും എല്ലാവർക്കും നമ്മുടെ കർത്താവ് യോജിച്ച പ്രതിഫലം നൽകട്ടെ. എന്റെ ജീവിതത്തിലെ അവസാന ഘട്ടത്തിലെ കഷ്ടപ്പാടുകൾ, ലോകസമാധാനത്തിനും മനുഷ്യസാഹോദര്യത്തിനുംവേണ്ടി ഞാൻ അവിടുത്തേക്ക് സമർപ്പിക്കുന്നു.

**സാന്താ മാർത്താ, 29 ജൂൺ 2022**
**ഫ്രാൻസിസ്**



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള  പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD  ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782  IFSC FDRL0001004